# Trichur Archdiocesan Bulletin

ആഗസ്റ്റ് 2018
വാല്യം: 85 ലക്കം: 08



(മർക്കോസ് 2: 18 – 22 ഉപവാസത്തെക്കുറിച്ച് തർക്കം)

TAB

പരി. കന്യകാമറിയമേ
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ!
(ആഗസ്റ്റ് 15)





Trichur Archdiocesan Bulletin TAB

ESTD:1934


**ആഗസ്റ്റ് 2018**

ലക്കം : 8 വാല്യം : 85

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

Fr. Francis Aloor
*Chief Editor*

Fr. Nysson Alanthanath
*Executive Editor*

*Design*
Smriti design.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org


## ഈ ലക്കത്തിൽ


| | |
|---|---|
| ജസ്റ്റീസ് സൺഡേ സർക്കുലർ | 4 |
| വി. എവുപ്രാസ്യമ്മ സർക്കുലർ | 7 |
| സമർപ്പിതർക്കുള്ള സർക്കുലർ | 10 |
| ആരാധനക്രമം: നിർദ്ദേശങ്ങളും... | 17 |
| അതിർത്തി പുനർനിർണ്ണയം | 27 |
| കച്ചേരിക്കാര്യം | 29 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 37 |
| സഹായമെത്രാന്റെ പരിപാടികൾ | 39 |
| നാളാഗമം | 41 |
| നാമകരണ നടപടികൾ | 46 |
| സാമ്പത്തിക കാര്യാലയം | 48 |
| വൈദികർ | 52 |
| സന്യസ്തർ | 54 |
| പാസ്റ്ററൽ കൗൺസിൽ | 58 |
| അതിരൂപത തീർത്ഥകേന്ദ്രം | 61 |
| മതബോധനം | 63 |
| സ്ഥാപനങ്ങൾ | 75 |
| സംഘടനകൾ | 104 |

# ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2018 ആഗസ്റ്റ് 19, ഞായർ

Ref: 3113/K-5/KCBC/OL/DS
13.7.2018

**കെ.സി.ബി.സി. SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**



ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

ക്രൈസ്തവവിശ്വാസം സ്വീകരിച്ച ദളിത് സമൂഹത്തോടുള്ള നമ്മുടെ സ്നേഹവും കൂട്ടായ്മയും ശക്തിപ്പെടുത്താനും അവർ നേരിടുന്ന സാമൂഹിക അനീതിക്കെതിരേ ഭാരതമനഃസാക്ഷിയെ ഉണർത്താനും ലക്ഷ്യമിട്ടുകൊണ്ട് ഭാരതകത്തോലിക്കാമെത്രാൻ സമിതി 1986 മുതൽ സ്വാതന്ത്ര്യദിനത്തിനുശേഷമുള്ള ഞായറാഴ്ച നീതിഞായറായി ആചരിക്കുകയാണല്ലോ. എല്ലാ പൗരന്മാർക്കും തുല്യനീതിയും സമത്വവും ഉറപ്പാക്കുന്ന മതേതര ജനാധിപത്യരാഷ്ട്രമാണ് ഭാരതം. നമ്മുടെ രാജ്യത്തിന്റെ മഹത്ത്വത്തിനടിസ്ഥാനമായ ഭരണഘടനയാണല്ലോ ഈ രാജ്യത്തെ എല്ലാവരെയും ഒന്നിച്ചുനിറുത്തുന്നത്. എന്നാൽ 1950–ൽ ഇന്ത്യൻ പ്രസിഡന്റ് പുറപ്പെടുവിച്ച പ്രസിഡൻഷ്യൽ ഉത്തരവു പ്രകാരം ക്രൈസ്തവരായ ദളിത് സഹോദരങ്ങളെ സംവരണാനുകൂല്യങ്ങൾ ലഭിക്കുന്ന പട്ടികയിൽനിന്നും ഒഴിവാക്കി. മതവിവേ

ചനം പാടില്ലെന്ന നമ്മുടെ ഭരണഘടനയുടെ നിലപാടിനു കടകവിരുദ്ധമായിരുന്നു ഈ ഉത്തരവ്. ഈ ഉത്തരവ് റദ്ദാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഭാരതത്തിലെ ദളിത് സഹോദരങ്ങളുടെ നിലവിളി നാളിതുവരെ ഉത്തരവാദിത്തപ്പെട്ടവർ കണ്ടില്ലെന്ന് നടിച്ചുകൊണ്ടിരിക്കുന്നു. ഭാരത കത്തോലിക്കാമെത്രാൻസമിതി ഈ വിഷയം കാലാകാലങ്ങളിലുള്ള ഭരണാധികാരികളുടെ അടിയന്തര ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ നിയമമാർഗങ്ങളിലൂടെ ഈ അവകാശം പുനഃസ്ഥാപിക്കാനുള്ള മാർഗങ്ങൾക്കായി കോടതിയിലൂടെയുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ ദളിത് സഹോദരങ്ങൾക്ക് നീതി ഉറപ്പാക്കാനുള്ള സഭയുടെ ശ്രമങ്ങളിൽ എല്ലാവരുടെയും സഹകരണവും പിന്തുണയും പ്രാർഥനയും സഹായങ്ങളും ഉണ്ടാവണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

ഭാരതകത്തോലിക്കാ മെത്രാൻസമിതി 2016-ൽ പുറപ്പെടുവിച്ച ദളിത് ശാക്തീകരണനയം ഭാരതത്തിലെ ദളിത് ക്രൈസ്തവരെ സംബന്ധിച്ച മാഗ്നകാർട്ട തന്നെയാണ്. ഈ ദളിത് ശക്തീകരണനയ പരിപാടികൾ നടപ്പിലാക്കാനുള്ള പദ്ധതികൾ കേരള കത്തോലിക്കാ മെത്രാൻ സമിതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ദളിത് ക്രൈസ്തവരുടെ ആത്മീയവും ഭൗതികവുമായ ഉന്നമനം നേടിയെടുക്കാനും അവരെ മുഖ്യധാരയിൽ കൂട്ടിച്ചേർത്തു കത്തോലിക്കാസമൂഹം ഒരു കൂട്ടായ്മയെന്ന നിലയിൽ ജീവിക്കാനുമുള്ള സാഹചര്യം നാം ഒരുക്കണം. കൂടാതെ, സാമ്പത്തിക പരിമിതികൾ അനുഭവിക്കുന്നവർക്ക് പാർപ്പിടം ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികളും നടപ്പിലാക്കുവാനായിട്ടുണ്ട്. ഇതിൻപ്രകാരം സി.എം.ഐ സന്യാസസമൂഹത്തിന്റെ പ്രധാനസഹായത്തോടുകൂടിയും സന്മനസ്സുള്ള സന്യാസസമൂഹങ്ങളുടെയും വ്യക്തികളുടെയും സംഘടനകളുടെയും രൂപതകളുടെയും സാമ്പത്തികസഹായം വഴിയും 300 ഭവനങ്ങൾക്കായുള്ള പദ്ധതികൾ പൂർത്തിയായി വരുന്നു. ദളിത് കത്തോലിക്കാ കുട്ടികൾക്ക് പഠനസഹായം എന്ന നിലയിൽ സ്കോളർഷിപ്പുകളും ദളിത് കത്തോലിക്കാ മഹാജനസഭ (DCMS) വഴി നല്കിക്കൊണ്ടിരി

ക്കുന്നു. ദളിത് ശാക്തീകരണ ക്ഷേമപദ്ധതികൾക്ക് വലിയ സാമ്പത്തിക ആവശ്യവും ഉണ്ടായിരിക്കുന്നു. അതുകൊണ്ട് നീതി ഞായർ ദിനത്തിൽ നമ്മുടെ എല്ലാ ഇടവകകളിലും സ്തോത്രക്കാഴ്ച ശേഖരിച്ച് ദളിത് ശാക്തീകരണ സംരംഭങ്ങളിൽ എല്ലാവരെയും പങ്കാളികളാക്കണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. നമ്മുടെ ദളിത് സഹോദരങ്ങൾ അനുഭവിക്കുന്ന നീതിനിഷേധത്തിന്റെ മുറിവുകൾ ഉണക്കാൻ നമ്മുടെ അകമഴിഞ്ഞ പിന്തുണയും സഹായവും അവർക്ക് ഉറപ്പാക്കാം.

നീതിക്കുവേണ്ടിയുള്ള നമ്മുടെ പ്രവർത്തനങ്ങളെ കാരുണ്യവാനായ ദൈവം സർവവിധ നന്മകളും നല്കി അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എല്ലാവരെയും ആശീർവദിക്കുന്നു.

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**

ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**

വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**

വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പി.ഒ.സി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം കൊച്ചി – 682 025

---

N.B: 2018 ആഗസ്റ്റ് 19–ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജന ങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.



# സർക്കുലർ

1326/2018 / 16.07.2018 C- 6

## വി. എവുപ്രാസ്യമ്മയുടെ തിരുനാൾ - ആഗസ്റ്റ് 29

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത
മെത്രാപ്പോലീത്ത

ഈശോമിശിഹായിൽ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

ആഗോള കത്തോലിക്കാസഭ ആഗസ്റ്റ് മാസത്തിൽ വിശുദ്ധ എവുപ്രാസ്യമ്മയുടെ തിരുനാൾ ആഘോഷിക്കാൻ ഒരുങ്ങുമ്പോൾ, ഈ ഹൈടെക് യുഗത്തിലും വിശുദ്ധിയുടെ പ്രസക്തി എന്താണ്, എങ്ങനെയാണ് എന്നെല്ലാം വിചിന്തനം ചെയ്യുന്നത് ഉപകാരപ്രദമാണ്.

അറിയപ്പെടാത്ത ഒരു വിശുദ്ധയാകാൻ ആഗ്രഹിച്ച ഈ കർമ്മല കന്യക, സക്രാരിക്ക് അരികെ നിരന്തരം കാവലിരുന്ന് ഈശോയെ ആഴമായി സ്നേഹിച്ചുകൊണ്ടും, ഇടമുറിയാതെ ജപമാല ചൊല്ലി പരിശുദ്ധ അമ്മയുടെ വത്സല മകളായി ജീവിച്ചുകൊണ്ടും, വിശുദ്ധിയുടെ പടവുകൾ കയറിയവളാണ്. പരിശുദ്ധ അമലോത്ഭവ മാതാവിനോടു പുത്രീസഹജമായ ഒരു വ്യക്തിബന്ധം സ്ഥാപിക്കാൻ എവുപ്രാസ്യമ്മക്ക് സാധിച്ചിരുന്നു. ചെറുതും

വലുതുമായ തന്റെ എല്ലാ ആവശ്യങ്ങളിലും സ്വന്തം അമ്മയിൽ നിന്ന് എന്നതിലുപരി ആലോചനയും ആശ്വാസവും മാർഗ്ഗനിർദ്ദേശവും എവുപ്രാസ്യമ്മ ഏറ്റുവാങ്ങിയത് പരിശുദ്ധ അമ്മയിൽ നിന്നാണ്.

നീർകുമിള പോലെ, ഒരു നിമിഷ നേരത്തേയ്ക്കു മാത്രം ആയുസ്സുള്ള ലൗകിക സന്തോഷങ്ങൾ തേടി നിരാശയിൽ നിപതിച്ചവർക്ക് അമ്മയുടെ സാന്നിദ്ധ്യവും ജീവിത മാതൃകയും വലിയ ഒരു താങ്ങാണ്. യഥാർത്ഥ സന്തോഷം നമുക്കു തരാൻ ദൈവത്തിന് മാത്രമേ സാധിക്കൂ എന്ന് അമ്മ നമ്മെ പഠിപ്പിക്കുന്നു. സുഖലോലുപതയിൽ മുഴുകി, സൃഷ്ടിച്ച ദൈവത്തെ മറന്ന് ജീവിക്കുന്ന അനേകം മക്കളുടെ പാപങ്ങൾക്കു പരിഹാരമായി, തന്റെ ജീവിതം, ഒരു ബലിയായി അവൾ ദൈവത്തിനർപ്പിച്ചു.

ഈശോയുടെ തിരുഹൃദയം പാപികളുടെ തിരിച്ചുവരവിനായി ദാഹിക്കുന്നു. അവിടുത്തെ ദാഹം ശമിപ്പിക്കുവാനും, തനിക്കെന്താണ് ചെയ്യാനാവുക എന്ന ചിന്തയാൽ പലപ്പോഴും എവുപ്രാസ്യമ്മക്കു ഉറങ്ങാൻ പോലും സാധിച്ചിരുന്നില്ല എന്ന് അവളുടെ കത്തുകളിൽ നിന്ന് വ്യക്തമാണ്. എവുപ്രാസ്യമ്മ തിരുസ്സഭയെ അത്യധികം സ്നേഹിച്ചിരുന്ന ഒരു സഭാതനയയാണ്. അതുകൊണ്ടുതന്നെ, സഭയിൽ ഭിന്നിപ്പുകളും അനൈക്യവും വർധിച്ചപ്പോൾ എവുപ്രാസ്യമ്മ വളരെയേറെ വേദനിച്ചു. തൃശൂർ അതിരൂപതയുടെ പല ഭാഗങ്ങളിൽ വിഭാഗീയതയും ഭിന്നതയും വളർന്നുവന്നപ്പോൾ, അതിനെപ്രതി ആ അമ്മ ഹൃദയം തകർന്ന്, ദൈവതിരുമുൻപിൽ മാധ്യസ്ഥ്യം വഹിക്കുകയും, ഭിന്നിച്ചു പോയവരുടെ തിരിച്ചുവരവിനായി പ്രാർത്ഥിക്കുകയും ചെയ്തു.

തന്റെ കാലഘട്ടത്തിൽ ശക്തിപ്പെട്ടുകൊണ്ടിരുന്ന സാത്താൻപൂജ പോലെയുള്ള വിഗ്രഹാരാധനയിലേക്ക് വീണുപോയിരുന്നവരുടെ മാനസാന്തരത്തിനായും, പാപപരിഹാരത്തിനായും എവുപ്രാസ്യമ്മ നിരന്തരം പ്രാർത്ഥിച്ചിരുന്നു. ഓരോ ആത്മാവും ഏറെ വിലയുള്ളതാകയാൽ, തന്റെ ജീവിതം ഒരു സഹനബലിയായി രൂപാന്തരപ്പെടുത്തി, തന്നെ സ്നേഹിക്കുന്ന ദൈവത്തെ മുറുകെ പിടിച്ചുകൊണ്ട്, ആത്മാക്കളെ മുഴുവൻ രക്ഷിക്കുക എന്ന വലിയ ദാഹത്തോടെ, സഹനത്തിന്റേയും പ്രാർത്ഥനയുടേയും ഒരു ധീരപ്രേഷിതയായി അവൾ ലക്ഷ്യ

ത്തിലേക്ക് കുതിച്ചു.

സ്വർഗ്ഗീയ ജറുസലേമിനെ ലക്ഷ്യം വെച്ച് തീർത്ഥാടനം നടത്തുന്ന തീർത്ഥാടക സഭയിലെ അംഗങ്ങളാണല്ലോ നാം ഓരോരുത്തരും. നമുക്കു മുൻപേ സ്വർഗ്ഗത്തിൽ പേരുചേർക്കപ്പെട്ട വിശുദ്ധരുടെ വലിയൊരു സമൂഹം നമുക്ക് ചുറ്റും ഉണ്ടെന്നുള്ളത് നമുക്ക് ഏറെ ആശ്വാസം തരുന്നതാണ്. വിശുദ്ധരുടെ മാധ്യസ്ഥ്യം തേടുന്നതും, അവരുടെ മാതൃക പിൻചെല്ലുന്നതും ഈ ലോകതീർത്ഥാടനത്തിൽ ക്ലേശങ്ങളനുഭവിക്കുന്ന നമുക്ക് താങ്ങും തണലുമാണ്. വിശുദ്ധിയിലേക്കാണ് നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നത് എന്ന് തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു. നമ്മുടെയിടയിൽ ജീവിച്ച്, നമുക്കു മുൻപേ സ്വർഗ്ഗത്തിൽ സ്ഥാനമുറപ്പിച്ച വിശുദ്ധർ നമ്മോടു പറയുന്നത്, തീർച്ചയായും നമുക്കും വിശുദ്ധി കൈവരിക്കാൻ സാധിക്കുമെന്നാണ്. ഈശോയേയും പരിശുദ്ധ അമ്മയേയും പ്രാണനു തുല്യം സ്നേഹിച്ച എവുപ്രാസ്യമ്മയ്ക്കും നമ്മോടു പറയാനുള്ളത്, വിശുദ്ധ കുർബാനയും ജപമാലയുമാണ് സ്വർഗ്ഗത്തിലേക്കുള്ള യാത്രയിലെ രണ്ട് ഊന്നുവടികളെന്നാണ്.

യേശുവിൽ പ്രിയ സഹോദരീസഹോദരന്മാരേ, എവുപ്രാസ്യമ്മയുടെ തിരുനാൾ ആഗസ്റ്റ് 29ന് ഒല്ലൂർ വി. എവുപ്രാസ്യ അതിരൂപതാ തീർത്ഥകേന്ദ്രത്തിൽ വെച്ച് സാഘോഷം കൊണ്ടാടുന്ന വിവരം ഏറെ സന്തോഷത്തോടെ നിങ്ങളെ ഞാൻ അറിയിക്കുന്നു. അതിനൊരുക്കമായി, ആഗസ്റ്റ് 20 മുതൽ ആരംഭിക്കുന്ന നൊവേന ദിനങ്ങളും, തിരുനാളും നമുക്ക് വി. എവുപ്രാസ്യമ്മയുടെ ജീവിതവിശുദ്ധിയിൽ പങ്കുപറ്റാൻ ദൈവം ഒരുക്കിത്തരുന്ന വിശുദ്ധ ദിനങ്ങളായി മാറട്ടെ എന്നാശംസിക്കുകയാണ്. മരിച്ചിട്ടും നമ്മെ മറക്കാത്ത വി. എവുപ്രാസ്യമ്മയുടെ കബറിടത്തിൽ പോയി തിരുക്കർമ്മങ്ങളിൽ പങ്കുചേർന്ന് അനുഗ്രഹങ്ങളേറ്റുവാങ്ങാൻ നിങ്ങളോരോരുത്തരേയും സ്നേഹപൂർവ്വം ഞാൻ ആഹ്വാനം ചെയ്യുന്നു. തൃശൂർ അതിരൂപതയിലെ ദൈവജനം മുഴുവനേയും എല്ലാ കുടുംബങ്ങളേയും വി. എവുപ്രാസ്യമ്മയുടെ മാധ്യസ്ഥ്യം വഴി, ഈശോയുടെ തിരുഹൃദയത്തിലേക്ക് സമർപ്പിക്കുന്നു. ഏവർക്കും വി. എവുപ്രാസ്യമ്മയുടെ തിരുനാൾ ആശംസകൾ നേർന്നുകൊണ്ട്,

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപത
മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2018 ആഗസ്റ്റ് 12ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT

# സമർപ്പിതർക്കുള്ള സർക്കുലർ

1321/2018 C- 5
16.07.2018



1. സഭ വളരെയേറെ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ പ്രത്യേകം പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത അറിയിക്കുന്നതിനും തൃശ്ശൂർ അതിരൂപതയിൽ സമർപ്പിതസമൂഹങ്ങളുമായി ബന്ധപ്പെട്ടുള്ള അജപാലനപ്രവർത്തനങ്ങളെയും, ആരാധനക്രമസംബന്ധമായി നിലവിലിരിക്കുന്ന നിയമങ്ങളെയും മാർഗ്ഗനിർദ്ദേശങ്ങളെയും കുറിച്ച് ഓർമ്മപ്പെടുത്തുന്നതിനു വേണ്ടി കൂടി യാണ് ഞാൻ ഈ സർക്കുലർ അയയ്ക്കുന്നത്. 05.07.2018ൽ അതിരൂപത കാര്യാലയത്തിൽ വച്ച് മേജർ സുപ്പീരിയേഴ്സുമായി നടത്തിയ ചർച്ചകളും ഈ സർക്കുലർ എഴുതുന്നതിനു സഹായകമായിട്ടുണ്ട്. സമർപ്പിതസമൂഹങ്ങളും അവർ നടത്തുന്ന സ്ഥാപനങ്ങളും തൃശ്ശൂർ അതിരൂപതയ്ക്കും ദൈവജനത്തിനും നൽകുന്ന വലിയ സേവനത്തെ ശ്ലാഘിച്ചുകൊണ്ട് ഞാൻ നിങ്ങൾക്കു സമർപ്പിത വർഷത്തിൽ എഴുതിയ ദീർഘമായ കത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഒരിക്കൽക്കൂടി ആവർത്തിക്കുന്നു. നിങ്ങൾ നൽകുന്ന പ്രാർത്ഥനയ്ക്കും സഹായസഹകരണങ്ങൾക്കും

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത
മെത്രാപ്പോലീത്ത

സേവനങ്ങൾക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു. തുടർന്നും നിങ്ങളുടെ ശക്തമായ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

**I. സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുക**

2. വളരെയേറെ പ്രതിസന്ധികളിലൂടെയാണ് ഇന്നു സഭ കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ക്രൈസ്തവസഭയെയും സഭാംഗങ്ങളെയും ആക്രമിക്കുന്നതിനു സഭാശത്രുക്കൾ ആക്കം കൂട്ടിയിരിക്കുകയാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും, പ്രത്യേകിച്ച്, മധ്യപൂർവ്വ ഏഷ്യയിൽ ക്രൈസ്തവരെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലും ക്രൈസ്തവർ പീഡിപ്പിക്കപ്പെടുന്നുണ്ട്. കേരളത്തിലും പുതിയ രൂപഭാവങ്ങളിൽ സഭ പീഡനങ്ങൾ ഏറ്റുകൊണ്ടിരിക്കുന്നു.

3. നാടിന്റെ നന്മയ്ക്കുവേണ്ടി ഏറ്റവും കൂടുതൽ പ്രവർത്തിച്ച ഒരു സമുദായമാണ് നമ്മുടേത് എന്നതിൽ നാം അഭിമാനിക്കുന്നുണ്ട്. വിദ്യാഭ്യാസം, ആതുരസേവനം, സാമൂഹ്യസേവനം, കാർഷികരംഗം തുടങ്ങിയ മേഖലകളിൽ നമ്മുടെ സമുദായം നൽകിയ വലിയ സംഭാവനകളെ മറക്കുന്ന സാമൂഹ്യവ്യവസ്ഥിതി സംജാതമായിക്കൊണ്ടിരിക്കുന്നു. കോർപ്പറേറ്റുകളെയും പൊതുസ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന രാഷ്ട്രീയ പശ്ചാത്തലത്തിൽ നമ്മൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും ആതുരസ്ഥാപനങ്ങളും പ്രതിസന്ധിയിലാകുകയാണ്. സഭയുടെ മൂല്ല്യങ്ങളെയും ആത്മീയപ്രവർത്തനങ്ങളെയും അടച്ചാക്ഷേപിച്ച് തത്പരശക്തികൾ, പ്രത്യേകിച്ച്, വർഗ്ഗീയശക്തികൾ മുന്നോട്ടു വന്നുകൊണ്ടിരിക്കുന്നു. പള്ളികളും ക്രൈസ്തവസ്ഥാപനങ്ങളും നടത്തുന്ന പ്രവർത്തനങ്ങൾ തെറ്റാണെന്നും കുമ്പസാരം, ധ്യാനം പോലുള്ള ആത്മീയശുശ്രൂഷകൾ തെറ്റിന്റെ സാഹചര്യങ്ങളാണെന്നും വരുത്തിത്തീർക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു. മദർ തെരേസയെ പോലുള്ള വ്യക്തികളെ തെറ്റായി ചിത്രീകരിക്കാൻ തുടങ്ങിയിരിക്കുന്നു. നന്മയുടെ പ്രതീകങ്ങളെ (ഉദാ. വൈദികർ, സന്യസ്തർ, ആതുരശുശ്രൂഷാസ്ഥാപനങ്ങൾ) തച്ചുടക്കാനും തിന്മയുടെ പ്രവർത്തനങ്ങളെ ന്യായീകരിക്കാനും പരിശ്രമങ്ങളുണ്ട്.

4. ഇന്ന് ക്രൈസ്തവസമൂഹം പലപ്പോഴും പീഡിപ്പിക്കപ്പെടുന്നത് മാധ്യമങ്ങളിലൂടെയാണ് എന്നു പൊതുവേ പറയപ്പെട്ടു തുടങ്ങി. വർഗ്ഗീയ-കമ്പോള താത്പര്യത്തിന്റെ പേരിൽ അസത്യങ്ങളും അർദ്ധസത്യങ്ങളും അതിവർണ്ണിത സത്യങ്ങളും അവതരിപ്പിച്ചുകൊണ്ട് ഇന്നു ക്രൈസ്തവരുടെ പ്രവർത്തനങ്ങളെയും നേതൃത്വങ്ങളെയും തെറ്റായി അവതരിപ്പിക്കുന്നു. 2018ലെ സമ്പർക്കമാധ്യമദിനത്തോടനുബന്ധിച്ച് മാർപ്പാപ്പ 'സത്യം നിങ്ങളെ സ്വതന്ത്രരാക്കും' എന്ന തലക്കെട്ടോടെ നൽകിയ സന്ദേശത്തിൽ പ്രധാനമായും പ്രതിപാദിക്കുന്നത് തെറ്റായ വാർത്ത (Fake

news) കളുടെ പശ്ചാത്തലത്തിൽ സമാധാനത്തിനുവേണ്ടിയുള്ള മാധ്യമപ്രവർത്തനങ്ങളുടെ (Journalism for peace) ആവശ്യകതയെ കുറിച്ചുമാണ്.

5. ഇന്ന് കേരളസഭ പ്രതിസന്ധികൾ നേരിടുന്ന സാഹചര്യത്തിൽ എല്ലാ ഇടവകകളിലും സന്യാസഭവനങ്ങളിലും സഭയ്ക്കുവേണ്ടിയുള്ള ശക്തമായ പ്രാർത്ഥന നടത്തണമെന്ന് ആഹ്വാനം ചെയ്യുന്നു. പ്രാർത്ഥനയാണ് നമ്മുടെ ശക്തി. ദൈവവചനമാണ് നമ്മുടെ ആയുധം. സ്നേഹമാണ് നമ്മുടെ കർമ്മപരിപാടി. ദൈവരാജ്യമാണ് നമ്മുടെ ലക്ഷ്യം. കുരിശെടുത്ത് തന്നെ അനുഗമിക്കാൻ പറഞ്ഞ യേശു (മത്താ. 16:24) നമ്മൾ നേരിടുന്ന പ്രതിസന്ധികളെ നന്മയ്ക്കായി പരിണമിപ്പിക്കുമെന്നു (റോമ. 8:28) നമുക്ക് പ്രത്യാശിക്കാം.

**II. സമർപ്പിതസമൂഹങ്ങളിലെ അജപാലനപ്രവർത്തനങ്ങളും ആരാധനക്രമവും**

6. സഭയുടെ പൈതൃകവും സഭാനിയമവുമനുസരിച്ച് രൂപതാധ്യക്ഷന്റെ കീഴിലാണ് അജപാലനപരമായ എല്ലാ പ്രവർത്തനങ്ങളും, ബന്ധപ്പെട്ടവരുടെ സഹകരണത്തോടെ, നടക്കേണ്ടത് (CCEO. c. 415). ആരാധനാപരമായ എല്ലാ കാര്യങ്ങളിലും ഇതു ബാധകമാണ് (CCEO. c. 199§1). സഭയുടെ പൊതുനിയമത്തിനു പുറമേ (CCEO) സീറോമലബാർ സഭയുടെ പ്രത്യേകനിയമവും (Code of Particular Law of Syro Malabar Church, Mt. St. Thomas, 2013), തൃശ്ശൂർ അതിരൂപതാനിയമാവലിയും കാലാകാലങ്ങളിൽ അതിരൂപതാധ്യക്ഷൻ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളും ഇക്കാര്യത്തിൽ പാലിക്കേണ്ടതാണ്. സമർപ്പിതസമൂഹങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന അജപാലനപ്രവർത്തനങ്ങളെ കുറിച്ച് സീറോമലബാർ സഭയുടെ പ്രത്യേക മാർഗ്ഗരേഖ പ്രത്യേക നിയമത്തിന്റെ അനുബന്ധത്തിൽ (pp. 135-136) കൊടുത്തിട്ടുണ്ട്. തൃശ്ശൂർ അതിരൂപതാനിയമാവലിയിൽ (2015) സമർപ്പിതരുമായി ബന്ധപ്പെട്ട നിയമങ്ങളും (pp. 104-108) അജപാലനപ്രവർത്തനങ്ങളെ കുറിച്ചുള്ള മാർഗ്ഗരേഖയും (pp. 225-229) നൽകപ്പെട്ടിട്ടുണ്ട്. ആരാധനക്രമപരമായ കാര്യങ്ങളിൽ അതിരൂപതയിൽ പൊതുനയമായി സ്വീകരിച്ച കാര്യങ്ങൾ അതിരൂപതാ വൈദികർക്ക് 2018 ജനുവരി മാസത്തിൽ വിശദമായി എഴുതി നൽകുകയുണ്ടായി. ഇക്കാര്യങ്ങൾ പലപ്രാവശ്യം സർക്കുലറിലൂടെയും പ്രബോധനങ്ങളിലൂടെയും ഞാൻ അറിയിച്ചിട്ടുണ്ട്. "സീറോ മലബാർ സഭയുടെ ആരാധനക്രമം സംബന്ധിച്ച് തൃശ്ശൂർ അതിരൂപതയിൽ നിലവിലിരിക്കുന്ന നിർദ്ദേശങ്ങളും ധാരണകളും" അടങ്ങിയ മാർഗ്ഗരേഖ ഇതോടൊപ്പം നൽകുന്നു. മേല്പ്പറഞ്ഞ നിയമങ്ങളും മാർഗ്ഗരേഖകളും അനുസരിച്ച് പ്രവർത്തിക്കുവാൻ എല്ലാ സമർപ്പിതരേയും ആഹ്വാനം ചെയ്യുന്നു. അതിരൂപതയിലെ ചില സമർപ്പിതഭവനങ്ങളിലും സ്ഥാപന

ങ്ങളിലും വിവിധതരത്തിൽ അജപാലനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളും ആരാധന ക്രമാനുഷ്ഠാനങ്ങളും നടക്കുന്നു എന്ന പരാതിയുടെ പശ്ചാത്തലത്തിലാണ് ഈ സർക്കുലർ എഴുതുന്നത്.

7. താഴെ പറയുന്ന പ്രത്യേക നിർദ്ദേശങ്ങൾ കൂടി ഞാൻ നിങ്ങൾക്കു നൽകുന്നു.

7.1 സമർപ്പിതഭവനങ്ങളിൽ, പ്രത്യേകിച്ച്, കേന്ദ്രഭവനങ്ങളിലും പരിശീലനഭവനങ്ങളിലും സീറോമലബാർ സഭയുടെ പ്രത്യേകനിയമത്തിന്റെയും തൃശ്ശൂർ അതിരൂപതാ നിയമാവലിയുടെയും അതിരൂപതാ ബുള്ളറ്റിന്റെയും കോപ്പി ഉണ്ടാകുന്നത് അഭികാമ്യമാണ്.

7.2 സീറോമലബാർ സഭയുടെ പ്രത്യേകനിയമത്തിൽ നിർദ്ദേശിച്ചതുപോലെ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും സാധിക്കുന്നിടത്തോളം സമർപ്പിതർ ഇടവക ദൈവാലയത്തിൽ തിരുകർമ്മങ്ങളിൽ സംബന്ധിക്കുന്നതാണ് ഉചിതം.

7.3 സമർപ്പിത സഹോദരികളുടെ ഭവനത്തിൽ കപ്ലോൻമാരെ നിയമിക്കുന്നത് അതിരൂപതാധ്യക്ഷനാണ്. പുതിയ ഭവനമാകുമ്പോൾ അതിനായി അപേക്ഷ വയ്ക്കേണ്ടതാണ്. സമർപ്പിത സഹോദരന്മാരുടെയും സഹോദരിമാരുടെയും ഭവനങ്ങളിൽ വി. കുർബാനയർപ്പണം രൂപതാനയത്തിന്റെ അടിസ്ഥാനത്തിലും കപ്ലോനുമായുള്ള പൊതുധാരണയുടെ വെളിച്ചത്തിലും വേണം നടത്തുവാൻ.

7.4 സമർപ്പിതഭവനങ്ങളിലെ വി. കുർബാനയർപ്പണം ആ ഭവനങ്ങളിലെ/സ്ഥാപനങ്ങളിലെ അന്തേവാസികൾക്കു വേണ്ടിയാണ് അർപ്പിക്കുന്നത്. പ്രത്യേക അനുവാദമില്ലെങ്കിൽ പൊതുജനങ്ങളെ ഉദ്ദേശിക്കുന്നില്ല.

7.5 ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും വി. കുർബാന അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളെ കുറിച്ച് പ്രത്യേക മാർഗ്ഗരേഖ അതിരൂപതാ നിയമാവലിയോടനുബന്ധിച്ചും ചുരുക്കം ചില സമൂഹങ്ങൾക്കു പ്രത്യേകമായി രേഖാമൂലവും നൽകപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7.6 സമർപ്പിതഭവനങ്ങളിലെ വി. കുർബാനയർപ്പണത്തിൽ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും മറ്റും പൊതുജനങ്ങൾക്കു പ്രവേശനം അനുവദിച്ചിട്ടുള്ളത് വളരെ ചുരുക്കം സ്ഥലങ്ങളിൽ മാത്രമാണ്. അതിരൂപതാമാർഗ്ഗരേഖ കൃത്യമായി പാലിക്കാൻ വീണ്ടും അഭ്യർത്ഥിക്കുന്നു. ഇങ്ങനെ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ (a) ഇടവകവികാരിയുമായി സമയക്രമത്തെ കുറിച്ച് ധാരണയുണ്ടാകേണ്ടതാണ് (b) അവിടെ ഒരു കുർബാന മാത്രമാണു പൊതുജനങ്ങൾക്കായി അർപ്പിക്കാൻ പാടു ള്ളൂ; പണ്ടു കുർബാനയർപ്പിച്ചിരുന്നു എന്നത് ഒരു ന്യായീകരണമല്ല. പ്രത്യേക സാഹചര്യങ്ങളിൽ അപ്രകാരം ചെയ്യേണ്ടി വരുന്നുവെങ്കിൽ ബന്ധപ്പെട്ട വികാരിയുടെയും അതിരൂപ

താകാര്യാലയത്തിന്റെയും മുൻകൂട്ടിയുള്ള അനുമതി വാങ്ങിച്ചിരിക്കണം. സമർപ്പിതഭവനങ്ങളിൽ മറ്റു കൂദാശകളും കൂദാശാനുകരണങ്ങളും (ഉദാ. പൊതുജനങ്ങൾക്കുവേണ്ടിയുള്ള ഒപ്പീസ്, ലദീഞ്ഞ്, നൊവേന) പരികർമ്മം ചെയ്യാൻ അനുവാദമില്ല. എന്നാൽ അന്തേവാസികൾക്കു വേണ്ടി മാത്രമുള്ള കാര്യങ്ങൾക്ക് ഇതു ബാധകമല്ല. (c) എന്നാൽ, ഇടവകജനങ്ങളുടെ ആവശ്യത്തിനു വേണ്ടി ഇടവകവികാരി ആവശ്യപ്പെടുന്നതനുസരിച്ച് അതിരൂപതയുടെ പൊതുനയം പാലിച്ചുകൊണ്ടു പ്രത്യേകം കുർബാനകൾ അർപ്പിക്കാവുന്നതാണ്. ഇടവകയ്ക്കുവേണ്ടി സമർപ്പിതഭവനങ്ങളിൽ സ്ഥിരമായി വി. കുർബാനയർപ്പിക്കുന്നുണ്ടെങ്കിൽ അതിരൂപതാകാര്യാലയത്തിൽ നിന്ന് അനുവാദം വാങ്ങിയിരിക്കണം (d) സമർപ്പിതഭവനങ്ങളിൽ വി. കുർബാനയർപ്പിക്കുന്നതിന് ചില അവസരങ്ങളിലെങ്കിലും ഇടവകവികാരി/അസ്തേന്തി കാർമ്മികത്വം വഹിക്കേണ്ടതാണ്. അതുപോലെതന്നെ ഇടവകാതിർത്തിയിലുള്ള സന്യാസ വൈദികർ ഇടവകപ്പള്ളിയിൽ സാധിക്കുന്ന ചില അവസരങ്ങളിലെങ്കിലും വി. കുർബാനക്ക് നേതൃത്വം വഹിക്കാൻ പരിശ്രമിക്കേണ്ടതാണ് (e) പൊതുജനങ്ങൾക്കുവേണ്ടി സമർപ്പിതഭവനങ്ങളിൽ കുർബാനയർപ്പിക്കുമ്പോൾ ഇടവകപള്ളിയിലെ അറിയിപ്പുകൾ അവിടെയും നൽകേണ്ടതാണ്.

7.7 സമർപ്പിതഭവനങ്ങളും സ്ഥാപനങ്ങളും ഇടവകയിലെ പ്രവർ ത്തനങ്ങളെപ്പോലെ സമാന്തരമായി പ്രവർത്തിക്കാൻ പാടുള്ളതല്ല. ഇടവകയിലെപ്പോലെ തിരുനാൾ ആഘോഷം, പ്രസുദേന്തിവാഴ്ച, പ്രദക്ഷിണം, ഊട്ടുതിരുനാൾ, അതിരൂപതയുടെ സംഘടനാപ്രവർത്തനം തുടങ്ങിയവ പാടുള്ളതല്ല.

7.8 ആണ്ടുവട്ടത്തിലെ പ്രധാനാഘോഷങ്ങൾ ഇടവകപ്പള്ളിയിലാണ് എല്ലാവരും നടത്തേണ്ടത്. ഉദാഹരണത്തിന് തിരുപ്പിറവി ആഘോഷം, ദനഹാഘോഷം, വലിയ ആഴ്ച തിരുക്കർമ്മങ്ങൾ (ഓശാന, പെസഹാവ്യാഴം, ദുഃഖവെള്ളി, ദുഃഖശനി, ഈസ്റ്റർ) തുടങ്ങിയവ. ഏതെങ്കിലും കാരണത്താൽ സമർപ്പിതഭവനങ്ങളിൽ/സ്ഥാപനങ്ങളിൽ അവ നടത്തേണ്ടിവരുന്നുണ്ടെങ്കിൽ അത് അന്തേവാസികൾക്ക് മാത്രമായിരിക്കണം.

7.9 സമർപ്പിതഭവനത്തിന്റെ മധ്യസ്ഥന്റെ തിരുനാൾ പൊതുജനങ്ങളോടു ചേർന്ന് ആചരിക്കാൻ രേഖാമൂലം അനുവദിച്ചിട്ടുള്ള സ്ഥലത്ത് തിരുനാളാഘോഷങ്ങൾ ഇടവകവികാരിയോടു ചേർന്നുള്ള ധാരണയുമായി മാത്രമേ നടത്താൻ പാടുള്ളൂ. എന്നാൽ മുകളിൽ സൂചിപ്പിച്ചതുപോലെ അത് ഇടവകപ്പള്ളിയിലെ തിരുനാളാഘോഷം പോലെയാകരുത്.

8. വി. കുർബാനയർപ്പിക്കുന്നതിനു കൂദാശ ചെയ്യാത്ത അൾത്താര ഉപയോഗിക്കുന്നുണ്ടെങ്കിൽ നിർബന്ധമായും കൂദാശ ചെയ്ത ദപ്പ ഉപയോഗിക്കേണ്ടതാണ്.

9. സഭയുടെ പൊതു പൈതൃകവും സീറോമലബാർ സഭയുടെ ആരാധനക്രമ നിയമവുമനുസരിച്ച് ദൈവാലയങ്ങളിൽ (സമർപ്പിത ഭവനങ്ങളിലേതടക്കം) വചനവേദി (ബേമ്മ) ഉണ്ടായിരിക്കേണ്ടതാണ്. സമർപ്പിതസമൂഹത്തിന്റെ കേന്ദ്ര ഭവനങ്ങൾ, പരിശീലനഭവനങ്ങൾ, വലിയ പള്ളികളുള്ള ഭവനങ്ങൾ എന്നിവയിൽ നിർബന്ധമായും ബേമ്മ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ചെറിയ കപ്പേളകൾ മാത്രമുള്ള സന്യാസഭവനകപ്പേളകളിൽ ബേമ്മ നിർബന്ധമല്ല.

10. പൊതുജനങ്ങൾക്കുവേണ്ടിയുള്ള തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനു വേണ്ടിയുള്ള ധർമ്മം സമർ പ്പിതഭവനങ്ങൾ വാങ്ങുന്നതിന് അതിരൂപതാമാർഗ്ഗരേഖ നിർദ്ദേശിക്കുന്നില്ല. പൊതുജനങ്ങൾക്കുവേണ്ടി കുർബാന അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഇക്കാര്യത്തിൽ ഇടവകവികാരിയുമായുള്ള ധാരണ ഉണ്ടായിരിക്കേണ്ടതാണ്. കുർബാനധർമ്മം ആവശ്യമായ അതിരൂപതയിലെ സമർപ്പിത വൈദികർക്ക് അവരുടെ പ്രധാന മേലധികാരി വഴി (പ്രോവിൻഷ്യൽ) കുർബാനധർമ്മം അതിരൂപതാ ഫിനാൻസ് ഓഫീസിൽ നിന്ന് വാങ്ങാവുന്നതാണ്.

11. അതിരൂപതയുടെ കീഴിലുള്ള സമർപ്പിത ഭവനങ്ങളിൽ സീറോ മലബാർ ആരാധനക്രമമാണ് പാലിക്കേണ്ടത്. എന്നാൽ ലത്തീൻ വൈദികരോ മലങ്കര വൈദികരോ പ്രധാന കാർമ്മികരായിരിക്കുന്നുണ്ടെങ്കിൽ (CCEO. c. 674§2) അദ്ദേഹത്തിന്റെ റീത്തിലാണ് കർമ്മങ്ങൾ അനുഷ്ഠിക്കേണ്ടത്. പരിശുദ്ധ സിംഹാസനത്തിൽ നിന്ന് Bi-Ritual Faculty ലഭിച്ചിട്ടുള്ളവർക്കു ഇത് ബാധകമല്ല.

12. പുറമേനിന്ന് പരിചയമില്ലാത്ത വൈദികർ ആരാധനക്രമാനുഷ്ഠാനങ്ങൾക്കായി വരുന്നുണ്ടെങ്കിൽ അവർക്ക് ആവശ്യമായ അനുവാദ കല്പന (Celebret) ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

13. വൈദികർക്ക് തിരുപ്പട്ടം കിട്ടിയിട്ടുണ്ടെങ്കിലും കുമ്പസാരിപ്പിക്കുന്നതിന് പ്രത്യേക അനുവാദം (Confession Patent) ആവശ്യമാണ് (CCEO. cc. 722-724). അജപാലനത്തിനായി മെത്രാൻ കല്പനവഴി നിയമിച്ചിട്ടുണ്ടെങ്കിൽ, ആ നിയമനത്താൽ ത്തന്നെ, ഈ അനുവാദം ലഭിക്കുന്നു(CCEO. c. 722§4). എന്നാൽ മറ്റുള്ളവർക്ക് കുമ്പസാര പത്തോന്തി ഉണ്ടെന്ന് സുപ്പീരിയർ ഉറപ്പുവരുത്തേണ്ടതാണ്. തൃശ്ശൂർ അതിരൂപതാതിർത്തിയിൽ വാസസ്ഥലം (Domicile) ഉള്ള സന്യാസ വൈദികർക്ക് തൃശ്ശൂർ അതിരൂപതാധ്യക്ഷനിൽ നിന്നാണ് ഈ അനുവാദം ലഭിക്കേണ്ടത്. അതിരൂപതയ്ക്ക് പുറത്തുള്ളവർക്ക് അവരുടെ സ്ഥലത്തെ രൂപതാധ്യക്ഷനിൽ നിന്ന് കുമ്പസാര പത്തോന്തി ലഭിച്ചിട്ടുണ്ടെങ്കിൽ മറ്റു സ്ഥലങ്ങളിലും കുമ്പസാരിപ്പിക്കാവുന്നതാണ്.

14. സമർപ്പിതരുടെ ഭവനങ്ങളിൽ പൊതുജനങ്ങളെ ഉദ്ദേശിച്ചു

കൊണ്ട് കുരിശടി (കപ്പേള), ഗ്രോട്ടോ തുടങ്ങിയവ നിർമ്മിക്കുവാൻ പാടുള്ളതല്ല (ഉദാ. റോഡിനു അഭിമുഖമായി ജനങ്ങളെ ഉദ്ദേശിച്ച് കപ്പേള പണിയുന്നത്). എന്നാൽ അന്തേയവാസികൾക്കു മാത്രമായി, പൊതുജനങ്ങൾക്ക് പ്രവേശനമില്ലാതെ, മേൽ പറഞ്ഞവ അനുവാദത്തോടെ പണിയാവുന്നതാണ്.

**ഉപസംഹാരം**

15. പ്രിയ സമർപ്പിത സഹോദരീ സഹോദരന്മാരേ, നിങ്ങൾ എനിക്കും അതിരൂപതയ്ക്കും നൽകുന്ന വലിയ സേവനങ്ങൾക്ക് ഒരിക്കൽക്കൂടെ നന്ദി പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഒരു സമൂഹത്തിന്റെ ആത്മീയത അളന്നു നോക്കാനുള്ള ഉരക്കല്ലാണ് അവിടുത്തെ വൈദികരുടെയും സമർപ്പിതരുടെയും സാക്ഷ്യജീവിതം. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ പറഞ്ഞതുപോലെ, സമർപ്പിതരുടെ സേവനം സഭയിലില്ലാതായാൽ "സഭയെ മുഴുവൻ ജീവസ്സുറ്റതാക്കുന്ന സ്നേഹം തണുത്തുറഞ്ഞുപോകും, ലൗകായതികത്വം കീഴടക്കിക്കൊണ്ടിരിക്കുന്ന ഈ ലോകത്ത്, വിശ്വാസമാകുന്ന ഉപ്പിന്റെ ഉറകെട്ടുപോകും" (സമർപ്പിതജീവിതം 105). ദൈവവിളികൾ കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ കൂട്ടായ്മയിലുള്ള സാക്ഷ്യത്തോടെ നാം "വിളവിന്റെ നാഥനോട്" നന്നായി പ്രാർത്ഥിക്കണം. സി.ബി.സി.ഐ, കെ.സി.ബി.സി. സിനഡ് തുടങ്ങിയ സമിതികൾ സഭയ്ക്ക് പൊതുവായി നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ (ഉദാ.Education Policy, Gender Policy, Vocation Policy, Labour Policy) സമർപ്പിതഭവനങ്ങളിലും കൃത്യമായി പാലിക്കുന്നതിന് നാം ശ്രമിക്കേണ്ടതാണ്. ദൈവം നിങ്ങളെയും നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

യേശുവിൽ സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത
മെത്രാപ്പോലീത്ത

*NB: ഈ സർക്കുലറിലെ ആശയങ്ങൾ സന്യാസസമൂഹങ്ങളിലെ സുപ്പീരിയേഴ്സ് എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതാണ്.*
*+AT*

# സീറോ മലബാർ സഭയുടെ ആരാധനക്രമം സംബന്ധിച്ച് തൃശ്ശൂർ അതിരൂപതയിൽ നിലവിലിരിക്കുന്ന നിർദ്ദേശങ്ങളും ധാരണകളും

2017 ഡിസംബർ 21 ാം തിയതി നടന്ന കൊച്ചച്ചൻമാരുള്ള വികാരിമാരുടെ യോഗത്തിൽ നമ്മുടെ അതിരൂപതയിൽ നടപ്പിലാക്കേണ്ട വി. കുർബാനയുമായി ബന്ധപ്പെട്ട ആരാധനാക്രമ കർമ്മവിധികൾ വ്യക്തമായി അച്ചടിച്ചു നൽകണമെന്ന് ആവശ്യപ്പെടുകയുണ്ടായി. വൈദിക സമ്മേളനങ്ങളിൽ നടന്ന പല ചർച്ചകളുടെ വെളിച്ചത്തിൽ 2014 ഏപ്രിൽ മാസം ബുള്ളറ്റിനിൽ നൽകിയിട്ടുള്ള ഇടയലേഖനത്തിലെ നിർദ്ദേശങ്ങളാണു ഇതിന് അടിസ്ഥാനമായിരിക്കുന്നത്.

ക്രിസ്തുവിലുള്ള വിശ്വാസം നാം ആഘോഷിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നത് സഭയുടെ ആരാധനക്രമത്തിലൂടെ, പ്രത്യേകിച്ചും കൂദാശകളിലൂടെയാണ് (CCC 1068). ഒരേ കൂദാശ ഒരേ രൂപതയിൽ വ്യത്യസ്ത രീതികളിൽ പിരികർമ്മം ചെയ്യപ്പെടുന്നത് പലപ്പോഴും ഇടർച്ചയ്ക്കു കാരണമാകുന്നു. കൂദാശകൾ പരികർമ്മം ചെയ്യുന്നതിൽ രൂപതയ്ക്കുള്ളിൽ ഐക്യരൂപം വേണമെന്ന് പാസ്റ്ററൽകൗൺസിലും വൈദികസമ്മേളനവും, പ്രത്യേകിച്ച് കൊച്ചച്ചന്മാരുള്ള വികാരിമാരുടെ സമ്മേളനവും, നിർദ്ദേശിച്ചിരുന്നത് ഇത്തരുണത്തിൽ അനുസ്മരിക്കുന്നു. സഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ള ആരാധനക്രമ പുസ്തകങ്ങളുടെ നിബന്ധനകളനുസരിച്ച് കൂദാശകൾ പരികർമ്മം ചെയ്യണമെന്ന് നിങ്ങളെ അറിയിക്കുന്നു.

സഭയുടെ പൊതു നിർദ്ദേശങ്ങൾക്ക് വിധേയമായി നമ്മുടെ അതിരൂപതയിൽ നടപ്പിലാക്കേണ്ട ആരാധനക്രമ നിർദ്ദേശങ്ങളെക്കുറിച്ച് ഞാൻ നൽകിയിരുന്ന സർക്കുലറികളി ലെയും (24/03/2008, 18/12/2010, 02/06/2016) ഇടയലേഖനത്തിലെയും (19/03/

2014) കാര്യങ്ങൾ വീണ്ടും നിങ്ങളെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഈ അടുത്ത കാലത്തായി പല പള്ളികളിലും സ്ഥാപനങ്ങളിലും പല തരത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നതായി പരാതി ലഭിച്ചിരിക്കുന്ന സാഹചര്യത്തിലാണ് ഇക്കാര്യം വീണ്ടും നിങ്ങളെ ഓർമിപ്പിക്കുന്നത്. ഈ ലേഖനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കുവാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

**1. പ്രാരംഭകൂദാശകളുടെ സ്വീകരണം**

ക്രൈസ്തവജീവിതത്തിന് മുഴുവനും അടിസ്ഥാനമിടുന്ന കൂദാശകളാണ് പ്രാരംഭ കൂദാശകളായ മാമ്മോദീസായും സ്ഥൈര്യലേപനവും വി. കുർബാനയും. ഈ മൂന്ന് കൂദാശകളും സമന്വയിപ്പിച്ച് ഒരുമിച്ചു കൊടുക്കുന്ന പതിവായിരുന്നു ആദ്യനൂറ്റാണ്ടുകളിലെ പാശ്ചാത്യ-പൗരസ്ത്യ സഭാ പാരമ്പര്യം. ഇന്നും പൗരസ്ത്യസഭകളിൽ ഈ രീതി നിലനിൽക്കുന്നു. സഭാനിയമവും ഇക്കാര്യം അനുശാസിക്കുന്നു. 2005-ൽ സീറോ മലബാർ സഭയുടെ കൂദാശകളുടെ പരികർമ്മത്തിനായി നൽകിയിരിക്കുന്ന ടെക്സ്റ്റിൽ മാമ്മോദീസായോടൊപ്പം സ്ഥൈര്യലേപനവും നൽകുന്നതിന്റെ അവശ്യകതയും ആ കുഞ്ഞിനു ദിവ്യകാരുണ്യം എത്രയും വൈകാതെ നൽകുന്നതിന്റെ പ്രാധാന്യവും വ്യക്തമാക്കുന്നുണ്ട്.

1.1 നമ്മുടെ അതിരൂപത യിലും പ്രാരംഭ കൂദാശകൾ ഒരുമിച്ചു കൊടുക്കുന്ന രീതി പാലിക്കേണ്ടതാണ്.

1.2 മാമ്മോദീസയോടൊപ്പം തൈലാഭിഷേക കൂദാശയും (സ്ഥൈര്യലേപനം) സീറോ മലബാർ സഭയുടെ കൂദാശകളുടെ ടെക്സ്റ്റിൽ (2005-ൽ നൽകിയിരിക്കുന്ന ടെക്സ്റ്റിൽ) നൽകിയിരിക്കുന്നതുപോലെ പരികർമ്മം ചെയ്യേണ്ടതാണ്. സാധാരണ നിലയിൽ മാമ്മോദീസയും സ്ഥൈര്യലേപനവും വി. കുർബാന മദ്ധ്യേയാണു പരികർമ്മം ചെയ്യേണ്ടത്.

1.3 പ്രാരംഭകൂദാശകൾ സ്വീകരിക്കുന്ന വ്യക്തിക്കു ദിവ്യകാരുണ്യവും നൽകി ക്രൈസ്തവ പ്രാരംഭത്തെ പൂർത്തിയാക്കുകയും ക്രിസ്തുവിന്റെ മൗതിക ശരീരത്തിലുള്ള ഐക്യം ആഴപ്പെടുത്തുകയും ചെയ്യേണ്ടതാണ്. (N.B. കുഞ്ഞുങ്ങൾക്ക് ദിവ്യകാരുണ്യം നൽകുന്നതിന് തിരുവോസ്തിയുടെ ഒരംശം നാവിൽ വെച്ചു കൊടുക്കുകയോ, തിരുരക്തത്തിൽ നിന്ന് ഒരു തുള്ളി നാവിൽ നൽകുകയോ ചെയ്യാവുന്നതാണ്; അല്ലെങ്കിൽ തിരുവോസ്തി തിരുരക്തത്തിൽ മുക്കി കുഞ്ഞിന്റെ നാവിൽ തൊടുവിച്ചതിനുശേഷം ആ തിരുവോസ്തി കുഞ്ഞിന്റെ അമ്മയ്ക്ക് / തലതൊട്ടമ്മക്ക്

ദിവ്യകാരുണ്യമായി നൽകാവുന്നതാണ്).

1.4 വിശുദ്ധ കുർബാനയർപ്പണം ഇല്ലാത്ത സാഹചര്യത്തിൽ മാമ്മോദീസയും സ്ഥൈര്യലേപനവും നൽകേണ്ടി വരികയാണെങ്കിൽ ആ ശിശുവിന്, എത്രയും അടുത്തുതന്നെ ദിവ്യകാരുണ്യം ഒരു പ്രാവശ്യം നൽകേണ്ടതാണ്.

1.5 പ്രാരംഭ കൂദാശസ്വീകരണ വേളയിൽ ദിവ്യകാരുണ്യം സ്വീകരിച്ചതിനുശേഷം, പിന്നീട് ആ കുഞ്ഞിനു വിശുദ്ധ കുർബാന നൽകേണ്ടത്, സീറോ മലബാർ സിനഡ് നിർദ്ദേശിച്ചതുപോലെ തിരിച്ചറിവിന്റെ പ്രായം വന്നതിനുശേഷം, കുമ്പസാരത്തിനൊരുക്കി, നടത്തുന്ന ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തോടുകൂടി മാത്രമാണ്.

1.6 തൈലാഭിഷേകം സ്വീകരിച്ച കുട്ടികളുടെ പേരും വിവരവും കൃത്യമായി മാമ്മോദീസാ രജിസ്റ്ററിലും (കോളമില്ലങ്കിൽ റിമാർക്സ് കോളത്തിലും) സ്ഥൈര്യലേപന രജിസ്റ്ററിലും എഴുതി ചേർക്കേണ്ടതാണ്.

**2. വിശുദ്ധ കുർബാന : കൂദാശകളുടെ കൂദാശയായ വിശുദ്ധ കുർബാനയുടെ ആഘോഷരീതികൾ**

2.1 കുർബാനക്കു മൂന്നു രൂപങ്ങളാണുള്ളത്:

a) സാധാരണക്രമം

b) ആഘോഷപൂർവ്വകമായക്രമം

c) റാസക്രമം

കുർബാനക്ക് മരിച്ചവർക്കുവേണ്ടി, ഉയിരവർക്കുവേണ്ടി എന്ന തരംതിരിവില്ല. എന്നാൽ നിയോഗത്തിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുള്ള പ്രാർത്ഥനകൾ ചൊല്ലാവുന്നതാണ്.

2.2 ഞായറാഴ്ചകളിലെ പ്രധാന കുർബാന സാഘോഷം അർപ്പി ക്കണം. വായനകൾ, പാട്ടുകൾ, ധൂപം എന്നിവയാണു കുർബാനയെ ആഘോഷമാക്കുന്നത്.

2.3 സഹായികൾ (അൾത്താര ബാലന്മാർ) കൊത്തീനയും സൂനാറയും ധരിക്കുന്നു. അൾത്താരബാലന്മാർ അൾത്താരയുടെ രണ്ടുവശങ്ങളിലായി മുഖാഭിമുഖം നിൽക്കുന്നു. എന്നാൽ കാറോസൂസ ചൊല്ലുമ്പോഴും നിർദ്ദേശങ്ങൾ നൽകുമ്പോഴും ജനങ്ങളുടെ നേരെ തിരിഞ്ഞു നിൽക്കുന്നു. അൾത്താരബാലികമാരുടെ ശുശ്രൂഷ നമ്മുടെ അതിരൂപതയിൽ അനുവദിച്ചിട്ടില്ല. വി. ഗ്രന്ഥവായനകൾ നടത്തുന്നതിന് സ്ത്രീകൾക്ക് അനുവാദമുണ്ട്. പെൺകുട്ടികൾ ഒന്നിച്ചു നിന്ന് പ്രാർത്ഥിക്കുന്ന ചില സ്ഥലങ്ങളിലെ രീതി തുടരാവുന്നതാണ്.

2.4 സീറോ - മലബാർ കുർബാന അർപ്പണത്തിനു സിനഡ് ഒരു ഐക്യരൂപം നൽകുന്നുണ്ട്. എങ്കിലും അർപ്പണരീതിയെക്കുറിച്ച് രൂപതാദ്ധ്യക്ഷനിൽ നിക്ഷിപ്തമായ അവകാശവും

(Dispensation) അർപ്പിക്കുന്ന കാർമ്മികനു നൽകുന്ന സ്വാതന്ത്ര്യവും (Options) ഉണ്ട്.

2.5 ജനാഭിമുഖകുർബാന, വിരിയുടെ ഉപയോഗം, തുടക്കത്തിലുള്ള കുരിശുവര തുടങ്ങിയവ രൂപത മെത്രാൻ നൽകുന്ന Dispensation ന്റെ ഭാഗമാണ്. സ്വർഗ്ഗസ്ഥനായ പിതാവേ എന്ന വലിയ പ്രാർത്ഥന, ഇടദിവസങ്ങളിലെ വിശ്വാസപ്രമാണം, ത്രൈശുദ്ധകീർത്തനത്തിന്റെ ആവർത്തനം തുടങ്ങിയവ കാർമ്മികന്റെ Option ന്റെ ഭാഗമാണ്.

2.6 തൃശൂർ അതിരൂപതയിൽ അനുവദിച്ചിട്ടുള്ള Dispensations: തൃശൂർ അതിരൂപതയിൽ തക്സയിൽ അച്ചടിക്കാത്തതും എന്നാൽ രൂപതാദ്ധ്യക്ഷൻ അനുവദിക്കുന്നതുമായ ക്രമങ്ങൾ താഴെ പറയുന്നവയാണ്: 1. കുരിശു വരച്ച് കുർബാന ആരംഭിക്കുന്നു 2. കുരിശു വരയ്ക്കുന്നത് ഇടതു നിന്ന് വലത്തോട്ടാകുന്നു. 3.മദ്ബഹാ വിരി ഉപയോഗിക്കുന്നില്ല. 4. ജനാഭിമുഖമായി കുർബാന അർപ്പിക്കുന്നു.

2.7 കുർബാനയാഘോഷത്തിന്റെ ഘടനയിൽ പ്രധാനമായും രണ്ടു ഭാഗങ്ങളുണ്ട്: വചനശുശ്രൂഷയും ദിവ്യകാരുണ്യ ശുശ്രൂഷയും. അവഗാഢം ബന്ധപ്പെട്ടിരിക്കുന്ന ഈ രണ്ടു ശുശ്രൂഷകളും രണ്ടു വേദികളിലായിട്ടാണ് നടന്നിരുന്നത്. വചനവേദിയായ ബേമയിൽ നിന്നുമാണ് വൈദികൻ വചനശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിക്കേണ്ടത്. അതുകൊണ്ട്, ജനങ്ങളുടെ ഏറ്റവും സമീപത്ത്, അൾത്താരയ്ക്കു മുന്നിലായി, വചനശുശ്രൂഷയ്ക്കു വ്യത്യസ്ത പീഠമുണ്ടായിരിക്കണമെന്നു സഭ നിഷ്കർഷിക്കുന്നു. ബലിവേദി അപ്പത്തിന്റെ ശുശ്രൂഷയ്ക്ക് മാത്രമായിട്ടുള്ളതാണ്. (വചനശുശ്രൂഷ ജനാഭിമുഖമായും ബലിശുശ്രൂഷ/അപ്പംമുറിക്കൽ ശുശ്രൂഷ അൾത്താര അഭിമുഖമായും പരികർമ്മം ചെയ്യണമെന്നാണ് സിനഡിന്റെ നിർദ്ദേശം. ആരാധനക്രമപരമായ ഐക്യത്തിനു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം).

**ബേമ്മ (വചനവേദി)**

2.8 നമ്മുടെ അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ബേമ്മ(വചനവേദി) ഉണ്ടായിരിക്കേണ്ടതാണ്. നിലവിലുള്ള പള്ളി ഘടനയിൽ ബേമ്മ സജ്ജമാക്കാൻ സാധിക്കാത്ത ദൈവാലയങ്ങളുണ്ടെങ്കിൽ അക്കാര്യം അതിരൂപതാദ്ധ്യക്ഷനെ അറിയിച്ച് രേഖാമൂലം അനുവാദം വാങ്ങിക്കേണ്ടതാണ്.

2.9 അതിരൂപതയിലെ സമർപ്പിതകേന്ദ്രഭവനങ്ങളിലെ ദൈവാലയങ്ങളിലും പരിശീലനഭവന ദൈവാലയങ്ങളിലും) ബേമ്മ ഉണ്ടായിരിക്കേണ്ടതാണ്. (എന്നാൽ സമർപ്പിതരുടെ വളരെ ചെറിയ കപ്പേളകളിൽ ബേമ്മ നിർബന്ധമില്ല)

2.1 പുതിയ പള്ളികൾ നിർമ്മിക്കുമ്പോൾ സീറോ മലബാർ സഭയുടെ ആരാധനക്രമമനുസരിച്ചുള്ള ഘടനയാണ് ഉള്ളതെന്നു ഉറപ്പുവരുത്തേണ്ടതാണ്.

**ദൈവവചനവായന**

2.11 സീറോമലബാർ സഭ സുവിശേഷ-ലേഖന-പഴയനിയമ വായനകളുടെ പുസ്തകങ്ങൾ പ്രഘോഷണ ഗ്രന്ഥങ്ങൾ എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2013 ഡിസംബർ 1 ന് മുതൽ പ്രാബല്യത്തിൽ വന്ന ഈ ഗ്രന്ഥങ്ങൾ ഉപയോഗിക്കേണ്ടതാണ്.

2.12 **സുവിശേഷ ഗ്രന്ഥം:** കാർമ്മികൻ മദ്ബഹയിലേക്കു പ്രദക്ഷിണമായി വരുമ്പോൾ സുവിശേഷഗ്രന്ഥം ആഘോഷമായികൊണ്ടുവന്ന് ബലിപീഠത്തിൻമേൽ ഇടതു ഭാഗത്ത് വയ്ക്കുന്നു. അതായത്, മദ്ബഹയിലേക്കു തിരിഞ്ഞു നില്ക്കുന്ന സമൂഹത്തിന്റെ ഇടത്ത് എന്ന അർത്ഥത്തിലാണു ഇതു മനസ്സിലാക്കേണ്ടത്. ബലിപീഠത്തിൻമേൽ സുവിശേഷഗ്രന്ഥം വയ്ക്കുവാൻ പ്രതേകപീഠം/കുഷ്യൻ ഉണ്ടാകുന്നത് അഭികാമ്യമാണ്.

2.13 **വായനകൾ, ഒരുക്കമായ പ്രാർത്ഥനകൾ:** ആഘോഷപൂർവകമായ കുർബാനക്കു നാലു വായനകളാണുള്ളത്. ഞായറാഴ്ചകളിൽ പ്രധാന കുർബാനക്കു ഒരു പഴയനിയമ വായനയെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്.

2.14 വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന എന്ന പ്രാർത്ഥനയ്ക്കു ശേഷം ആഘോഷമായ കുർബാനയിലും, സാധാരണ കുർബാനയിലും ലേഖനവായനയ്ക്കു മുമ്പുള്ള രണ്ടു പ്രാർത്ഥനകളിൽ ഒന്നു നിർബന്ധമായും ചൊല്ലേണ്ടതാണ്.

**കാഴ്ച സമർപ്പണം**

2.15 ബലിപീഠത്തിൽ ഇരുവശങ്ങളിലായി അപ്പവും വീഞ്ഞും തയ്യാറാക്കാൻ സജ്ജീകരിക്കുന്ന രണ്ടു നിക്ഷേപാലയങ്ങൾ അഥവാ ഉപപീഠങ്ങളാണ് ബേസ്ഗസ്സകൾ. ഇടതുവശത്ത് അപ്പവും കൈകഴുകാൻ വെള്ളവും വലതുവശത്ത് വീഞ്ഞും തയ്യാറാക്കുന്നു. എന്നാൽ, സഹകാർമ്മികരോ, ഡീക്കന്മാരോ ഇല്ലാത്തപ്പോൾ ബലിപീഠത്തിന്റെ ഇടതുവശത്തെ ബേസ്ഗസായിൽ അപ്പവും വീഞ്ഞും ഒരുക്കാവുന്നതാണ്.

2.16 കാസയും പീലാസയും കഴുകി തുടയ്ക്കുന്നത് കുർബാനയ്ക്കിടക്കു തന്നെയായിരിക്കണം.

2.17 ജനങ്ങൾ കാഴചസമർപ്പണം നടത്തുന്നുണ്ടെങ്കിൽ കുർബാനക്കുമുമ്പ് നടത്തുന്നതാണ് അഭികാമ്യം.

2.18 സഹകാർമ്മികരുണ്ടെങ്കിൽ കാഴ്ചവയ്പ് സഹകാർമ്മികരിലൊരുവനാണു നടത്തുന്നത്. ഡീക്കനാണു കാഴ്ചവയ്പ് നടത്തുന്നതെങ്കിൽ കാഴ്ചവയ്പിന്റെ പ്രാർത്ഥനകൾ കാർമ്മികനായിരിക്കും ചൊല്ലേണ്ടത്. തൽസമയം

കാർമ്മികൻ ബേമ്മയിൽ നിന്നും ബലിവേദിയിലേക്ക് തിരിഞ്ഞു നില്ക്കുന്നു.

2.19 ആഘോഷമായ കുർബാനയിൽ കാഴ്ചസമർപ്പണത്തിനു ശേഷം കാർമ്മികൻ വീണ്ടും ബേമ്മയിൽ വന്നു അനുസ്മരണ ഗീതവും തുടർന്നുള്ള ഭാഗങ്ങളും (വിശ്വാസപ്രമാണം കഴിഞ്ഞുള്ള ശുശ്രൂഷിക്കുള്ള ആശീർവ്വാദം വരെ) തുടരാനാണു നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഒരു കാർമ്മികൻ മാത്രമുള്ളപ്പോൾ ബലിപീഠത്തിങ്കൽ തന്നെ നിന്നുകൊണ്ടു കാർമ്മികൻ വിശ്വാസപ്രമാണവും ബലീപീഠപ്രവേശനപ്രാർത്ഥനും ചൊല്ലുന്നു. (തക്സയിലെ സാധാരണ/ആഘോഷമായ കുർബ്ബാനയ്ക്കുള്ള പൊതുനിർദ്ദേശം നമ്പർ 12 e). **ധൂപാർപ്പണം :**

**കുർബാനയർപ്പണ സമയത്തെ ശാരീരിക നിലപാടുകൾ**

2.20 ധൂപാർപ്പണം : സാധാരണ കുർബാനയിൽ ധൂപാർപ്പണം നിർബന്ധമില്ല. ധൂപാർപ്പണം നടത്തുന്ന സമയങ്ങൾ (1)വി. കുർബാനക്കു മുമ്പ് ആഘോഷമായ പ്രദക്ഷിണം ഉണ്ടെങ്കിൽ (2)സങ്കീർത്തന–സർവ്വാധിപനാം സമയത്ത് (3)സുവിശേഷ വയനക്ക് (4)കാഴ്ച്ച വസ്തുക്കൾ ഒരുക്കുന്ന സമയത്ത് (5) 1–ാം ഗേഹന്ത പ്രാർത്ഥനയുടെ സമയത്ത്– സമാധാന ആശംസക്ക് ശേഷം (6) 'ദൈവമേ അങ്ങേ കരുണ്യത്തിന് ഒത്തവിധം എന്നോട്...' എന്ന പ്രാർത്ഥനക്ക് ശേഷം

2.21 കുർബാനയർപ്പണ സമയത്തെ മുട്ടുകുത്തുക, നിൽക്കുക, ഇരിക്കുക എന്നീ നിലപാടുകളും തക്സയിൽ പറഞ്ഞിരിക്കു ന്നതുപോലെതന്നെ അനുവർത്തിക്കേണ്ട താകുന്നു.

2.22 വിശുദ്ധ കുർബാനയുടെ സമയത്ത് ദൈവജനത്തിന്റ ശാരീരിക നിലപാടുകൾ (postures) ഇപ്രകാരമായിരിക്കേണ്ടതാണ്:

**A. നിൽക്കുന്നു:**

i. കുർബാനയുടെ ആരംഭം മുതൽ വചനവായാനാരംഭംവരെ.
ii. സുവിശേഷവായനയുടെ സമയത്ത്,
iii. കാറോസൂസായ്ക്ക് ശേഷം അനാഫൊറയുടെ ആരംഭംവരെ (ഐശ്ചികം)
iv. വിശ്വാസപ്രമാണസമയത്ത്
v. അനാഫൊറയുടെ മുഴുവൻ സമയവും (കൂദാശവചന ങ്ങളുടെ സമയത്ത് മുട്ടുകുത്തു ന്നില്ല)
vi. കുർബാന സ്വീകരണത്തിനുമുമ്പുള്ള 'സ്വർഗ്ഗസ്ഥനായ പിതാവേ' മുതൽ കുർബാനയുടെ സമാപനം വരെ.

**B. ഇരിക്കുന്നു:**

i. പഴയനിയമം, ലേഖനം വായനകളുടെ സമയം
ii. സുവിശേഷ പ്രസംഗസമയം
iii. കാറോസൂസായ്ക്കുശേഷം (വിശ്വാസപ്രമാണം ഒഴികെ)

അനാഫൊറയുടെ തുടക്കംവരെ (ഐശ്ചികം)

**C. മുട്ടുകുത്തുന്നു:**

ദൈവമേ അങ്ങയുടെ കാരുണ്യത്തി.... (അനുതാപ സങ്കീർത്തനം) മുതൽ ഞങ്ങളുടെ അധരങ്ങളെ പവിത്രീകരിക്കുകയും ചെയ്യണമേ (സ്വർഗ്ഗസ്ഥനായ പിതാവിന്റെ ആമുഖപ്രാർത്ഥന വരെ).

**സ്വയം പ്രേരിത പ്രാർത്ഥനകൾ**

2.23 തക്സയിൽ കൊടുത്തിരിക്കുന്ന പ്രാർത്ഥനകൾക്കുപകരം സ്വയം പ്രേരിത പ്രാർത്ഥനകളും ഭാഗിക പ്രാർത്ഥനകളും മറ്റും ചൊല്ലുന്നരീതി ചില വൈദികരുടെ ഭാഗത്തുനിന്നും ഉള്ളതായി മനസ്സിലാക്കുന്നു. ഈ പ്രവണത തെറ്റാണ്. അനുവദനീയമായ ഭാഗങ്ങളിൽ മാത്രമെ സ്വയം പ്രേരിത പ്രാർത്ഥനകൾ/പ്രത്യേക പ്രാർത്ഥനകൾ പാടുള്ളു (ഉദാ. കാറോസൂസ). കുർബാനയുടെ ആമുഖത്തിൽ പ്രത്യേക നിയോഗം പറയാവുന്നതാണ്.

അന്നാ പെസഹാ / നമുക്ക് ലഭിച്ചിരിക്കുന്ന കല്പന എന്നതിനു പകരം സമൂഹത്തെ അഭിവാദനം ചെയ്ത് ഹ്യസ്വമായ ഒരാമുഖത്തോടെ കാർമ്മികന് കുർബാന ആരംഭിക്കാം.

സീറോ മലബാർ സഭയുടെ പ്രോപ്രിയകൾ/ ആരാധനാക്രമവത്സരത്തിലെ കാലങ്ങൾ, തിരുനാളുകൾ എന്നിവയ്ക്ക് അനുയോജ്യമായി സമയകാലമനുസരിച്ച് നാം ഉപയോഗിക്കണം. മദ്ധ്യസ്ഥ പ്രാർത്ഥനയുടെ മൂന്നാം ഭാഗത്ത് അവസാനം കുർബാന നിയോഗം അനുസ്മരിക്കാവുന്ന താണ്.

**ഗാനങ്ങൾ, ദൈവാലയ സംഗീതം**

2.24 കുർബാന മദ്ധ്യേ ആലപിക്കേണ്ട ഗാനങ്ങൾക്കും കാല വ്യത്യാസമനുസരിച്ചു വരുന്ന പ്രാർത്ഥനകൾക്കും (പ്രോപ്രിയ) ഐകൃരൂപം ഉണ്ടാകേണ്ടതിന് അതിരൂപതയിൽ നിന്ന് അംഗീകരിച്ചിട്ടുള്ള കുർബ്ബാന പുസ്തകം ഉപയോഗിക്കേണ്ടതാണ്.

2.25 ദൈവാലയ സംഗീതം ആത്മീയ ചൈതന്യത്തിനു ഉതകുന്ന തായിരിക്കണം, ഒരിക്കലും ഓർക്കസ്ട്ര രീതിയിലാകരുത്. ഉപകരണസംഗീതത്തിനു അമിത പ്രധാന്യം നൽകി തിരുക്കർമ്മങ്ങൾ അരോചകമായ ശബ്ദാഘോഷത്തിന്റെയും അമിതാലാപനത്തിന്റെയും അവസരമാകാതിരിക്കാൻ അവർ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഗാനങ്ങൾക്കു മുമ്പും ഇടയ്ക്കും വായിക്കുന്ന ഉപകരണസംഗീതം (Prelude and interlude) അധിക സമയമെടുക്കാതെയുള്ളവയാകാനും (short) ശ്രദ്ധിക്കണം.

2.26 കാർമ്മികൻ പ്രാർത്ഥനകൾ ചൊല്ലുമ്പോൾ ഒരാലാപന രീതി (intonation) ഉണ്ടായിരിക്കുന്നതു അഭികാമ്യമാണ്. ഭക്തിസംവർധകമല്ലാത്തവിധം സങ്കീർണ്ണമായ ശാസ്ത്രീയ സംഗീതാലാപന

വേദിയായി കുർബാനസ്ഥാപക വാക്യങ്ങളെ ഉപയോഗിക്കരുത്.

2.27 സ്ഥാപനവാക്യങ്ങൾക്കു ശേഷവും റൂഹാക്ഷണപ്രാർത്ഥ നയ്ക്കനുബന്ധമായും ഗാനങ്ങൾ ആലപിക്കുന്നത് ആരാധനാക്രമ നിർദ്ദേശങ്ങൾക്കു വിപരീതമാണ്. (ദൈവപിതാവേ...., പാവനാത്മാവേ അങ്ങയെ ഞാൻ ആരാധിക്കുന്നു തുടങ്ങിയ ഗാനങ്ങൾ ഈ അവസരത്തിൽ ആലപിക്കരുത്.)

**കർത്തൃപ്രാർത്ഥന**

2.28 കുർബാനസ്വീകരണത്തി നുമുമ്പുള്ള കർത്തൃപ്രാർത്ഥന കൈകളുയർത്തിപ്പിടിച്ചുകൊണ്ടു ചൊല്ലാവുന്നതാണ്.

**സമാധാനാശംസ**

2.29 കാർമ്മികന്റെ സമാധാനാ ശംസക്കു ജനങ്ങൾ പ്രത്യുത്തരം നൽകുമ്പോൾ കുരിശടയാളം വരച്ചു സമാധാനം സ്വീകരിക്കുന്ന താണ് അഭികാമ്യം.

**മണിയടിക്കുന്ന സന്ദർഭങ്ങൾ**

2.3 കുർബാനയർപ്പണ വേളയിൽ മണിയടിക്കുന്ന നാല് സന്ദർഭങ്ങൾ

a). കുർബാനക്കു മുമ്പ്

b). കൂദാശവചനങ്ങൾ ആരംഭിക്കു ന്നതിനുമുമ്പ്

c). റൂഹാക്ഷണപ്രാർത്ഥന

d). കുർബാന ഉയർത്തുമ്പോൾ

**കുർബാനസ്വീകരണം**

2.31 ബ്ലാക് മാസ്സ്, സാത്താൻ ആരാധന, ഫ്രീമെയ്സനിസം തുട ങ്ങിയ തെറ്റായ പ്രവർത്തനങ്ങളി ലൂടെ വിശുദ്ധ കുർബാനയെ അവ ഹേളിക്കുന്നവർ വർദ്ധിച്ചു വരുന്നു. അവയ്ക്കെതിരെ ജാഗ്രത പുല ർത്തുവാൻ ഏവരെയും ആഹ്വാനം ചെയ്യുന്നു. വി.കുർബ്ബാനകൊണ്ടു പോയി ദുരുപയോഗിക്കാൻ സാദ്ധ്യ തയുള്ള സ്ഥലങ്ങളിൽ നാവിൽ വിശുദ്ധ കുർബ്ബാന നൽകുന്ന താണ് അഭികാമ്യം.

2.32 ദിവ്യകാരുണ്യത്തിനു ശേഷം സമൂഹത്തിന്റെ കൃതജ്ഞ താപ്രാർത്ഥന വിട്ടുകളയരുത്. (4 കൃതജ്ഞതാപ്രാർത്ഥനകളാണു ള്ളത്:

a. ജനങ്ങളുടെ

b. സഹായിയുടെ

c. കാർമ്മികന്റെ 2 പ്രാർത്ഥനകൾ

2.33 അറിയിപ്പുകൾ സാധിക്കു ന്നതും ബേമ്മയിൽനിന്നും നൽകുക.

**സമാപനപ്രാർത്ഥനകൾ**

2.34 സമാപന പ്രാർത്ഥന കൾക്കു പ്രോപ്രിയ ഉപയോഗിക്കു ന്നത് അഭികാമ്യമാണ്. സമാപന പ്രാർത്ഥനകളും ആശീർവാ ദവും ബേമ്മയിൽ നിന്ന് നടത്തുവാനാണ് പൊതുവായി നിർദ്ദേശിക്കപ്പെട്ടിട്ടുള ളത്. എന്നാൽ തക്സയിൽ സമാ പന ആശീർവാദത്തിനു മുമ്പുള്ള ക്രമത്തിൽ സൂചിപ്പിച്ചിരിക്കുന്നതു പോലെ മദ്ബഹായുടെ കവാടത്തി ങ്കൽ ഇടതുവശത്തേക്കു അല്പം മാറി ജനങ്ങൾക്ക് നേരെ തിരിഞ്ഞ് ആശീർവ്വാദം നൽകാവുന്നതാണ്.

**സമൂഹ ബലി**

2.35 സഹകാർമ്മികർക്കു മാറി മാറി ചൊല്ലാവുന്ന പ്രാർത്ഥനകൾ താഴെ പറയുന്നവയാണ്.

- ഞങ്ങളുടെ കർത്താവായ ദൈവമേ അങ്ങയുടെ സ്നേഹത്തിന്റെ/ഞങ്ങളുടെ കർത്താവായ ദൈവമേ അങ്ങ് നൽകിയിട്ടുള്ളതും...
- എന്റെ കർത്താവേ നീ സത്യമായും .....
- വിശുദ്ധരിൽ സംപ്രീതനായി...... & ഞങ്ങളുടെ കർത്താവായ ദൈവമേ അങ്ങയുടെ ജീവദായവും..../സർവജ്ഞനായ ഭരണകർത്താവും....
- (മദ്ധ്യസ്ഥപ്രാർത്ഥന) കർത്താവേ ശക്തനായ ദൈവമേ... (മൂന്ന്ഭാഗങ്ങൾ)
- കൃതജ്ഞതാ/സമാപനപ്രാർത്ഥനകൾ ഒന്നും രണ്ടും

**കുർബാന പുസ്തകം**

2.36 ബലിയിൽ സംബന്ധിക്കുന്ന എല്ലാവരും കുർബാന പുസ്തകം ഉപയോഗിക്കുകയും പ്രാർത്ഥനകളിൽ സജീവമായി പങ്കെടുക്കുകയും ചെയ്യുന്നു. പ്രാർത്ഥനകളിലെ "അങ്ങ്" – "നീ" എന്നീ പ്രയോഗങ്ങളുടെ അർത്ഥം ഇപ്രകാരമാണ്: പരിശുദ്ധത്രിത്വത്തെയും പിതാവായ ദൈവത്തെയും അഭിസംബോധന ചെയ്യുമ്പോൾ "അങ്ങ്" എന്നും, പുത്രനായ ക്രിസ്തുവിനെ അഭിസംബോധന ചെയ്യുമ്പോൾ "നീ" എന്നും തക്സയിൽ ഉപയോഗിച്ചിരിക്കുന്നത് പാലിക്കേണ്ടതാണ്.

**3. തിരുക്കർമ്മ ധർമ്മം**

തിരുക്കർമ്മങ്ങളുടെ ധർമ്മം സ്വീകരിക്കുന്നത് അതിരൂപതാ മാർഗ്ഗരേഖപ്രകാരം മാത്രമെ പാടുള്ളൂ. തിരുക്കർമ്മങ്ങൾ സ്വീകരിക്കുന്ന പണത്തിനു രശീതി നൽകേണ്ടതാണ്. പള്ളിക്കണക്കിൽ അവ ചേർക്കുകയും വേണം. ഉത്തരിപ്പുകടമുള്ള ഇക്കാര്യത്തെ സംബന്ധിച്ച് വികാരിമാരുടെ സൂക്ഷ്മ നിർബന്ധമായും ഉണ്ടാകേണ്ടതാണ്. ചൊല്ലിയ തിരുക്കർമ്മത്തിന്റെ വിഹിതം മാത്രമെ വൈദികൻ, പള്ളി, കപ്യാർ, പാട്ടുകാർ തുടങ്ങിയവർക്ക് വീതിച്ചു കൊടുക്കാൻ പാടുള്ളൂ. ഒരു വൈദികനു ചൊല്ലാൻ പറ്റുന്നതിലധികം തിരുക്കർമ്മങ്ങൾ ലഭിക്കുന്നെങ്കിൽ, അവ എത്രയും വേഗം അതിരൂപതാ കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്. ഓരോ പള്ളിയിലും ഏല്പിച്ചിരിക്കുന്ന നിത്യ/സ്ഥാപിത കുർബാനകൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തിയ്യതികളിൽ ചൊല്ലുന്നതിന് വികാരിമാർ ശ്രദ്ധിക്കണം. കണക്കുകൾ കൃത്യമായി സൂക്ഷിക്കുകയും വേണം.

തിരുക്കർമ്മ വിവരം പരസ്യമായി പ്രദർശിപ്പിക്കുന്നുണ്ടെങ്കിൽ അത് വാങ്ങിക്കുന്ന ഓഫീസിനു അനുബന്ധമായിരിക്കണം. വിലവിവര പട്ടിക എഴുതി വയ്ക്കുന്നതുപോലെ വളരെ പരസ്യമായി കാണ

ത്തക്കവിധത്തിൽ പ്രദർശിപ്പിക്കുന്നത് പരിഹാസത്തിനു ചിലപ്പോൾ ഇടയായിട്ടുണ്ട്.

ധ്യാനകേന്ദ്രങ്ങളിലും മറ്റും ഗ്രിഗോറിയൻ കുർബാനകൾ വഴിപാടുകൾ/നേർച്ചയായി ഏൽപ്പിക്കുവാൻ ചില ധ്യാന ഗുരുക്കൻമാർ/കൗൺസിലർമാർ ഉപദേശിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അങ്ങനെയുള്ള കാര്യങ്ങൾ ഒരു തരത്തിലും പ്രോത്സാഹിപ്പിക്കുവാൻ പാടുള്ളതല്ല.

**4. ദപ്പ (കുർബാനക്കല്ല്)**

സീറോ മലബാർ സഭയുടെ ആരാധനക്രമ നിയമമനുസരിച്ച് വി. തൈലം ഉപയോഗിച്ച് കൂദാശ ചെയ്ത അൾത്താരയിലല്ലാതെ മറ്റു പീഠങ്ങളിൽ കുർബാന അർപ്പിക്കുന്നുണ്ടെങ്കിൽ നിർബന്ധമായും കൂദാശ ചെയ്ത ദപ്പ അഥവ കുർബാനക്കല്ല് ഉപയോഗിക്കേണ്ടതാണ്. നമ്മുടെ അതിരൂപതയിലെ പള്ളികളിലും, സന്യാസഭവനങ്ങളിലും, സ്ഥാപനങ്ങളിലും കുർബാന അർപ്പിക്കുന്നത് കൂദാശ ചെയ്ത അൾത്താരയിലല്ലെങ്കിൽ ദപ്പ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അൾത്താരയിലല്ലാതെ മറ്റു സ്ഥലങ്ങളിൽ കുർബാന (പലപ്പോഴും) ചൊല്ലേണ്ടിവരുന്ന സാഹചര്യം കണക്കിലെടുത്ത് എല്ലാ ഇടവക പള്ളികളിലും ദപ്പ ഉണ്ടാകേണ്ടതാണ്. ഈ ആവശ്യത്തിനായി ദപ്പ അതിരൂപതയിൽ തന്നെ നിർമ്മിക്കുന്നു. ദപ്പ ആവശ്യമുള്ള പള്ളികളും സന്യാസഭവനങ്ങളും സ്ഥാപനങ്ങളും അതിരൂപതാകാര്യാലയത്തിൽ (Finance Office) അറിയിക്കേണ്ടതാണ്.

**5. പിറവി, ഉയിർപ്പുതിരുനാൾ**

പിറവിത്തിരുനാളിന്റെയും ഉയിർപ്പുതിരുനാളിന്റെയും തിരുക്കർമ്മങ്ങൾ രാത്രി 11:30 ന് ആരംഭിക്കാവുന്നതാണ്

**6.** മാമ്മോദീസ, തിരുപ്പട്ടം, പള്ളിക്കൂദാശ, രോഗീലേപനം തുടങ്ങിയവയ്ക്ക് ഉപയോഗിക്കുന്ന തൈലം അർഹമായ പ്രാധാന്യത്തോടെ അൾത്താരയോടനുബന്ധമായി സൂക്ഷിക്കേണ്ടതാണ്. മൂറോൻ തൈലം ഒരിക്കലും ഉപേക്ഷിക്കപ്പെട്ട രീതിയിൽ സങ്കീർത്തിയിൽ വയ്ക്കരുത്. പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന കുസ്തോദി പോലുള്ള പാത്രത്തിൽ പൂജ്യമായി മൂറോൻ തൈലം സൂക്ഷിക്കേണ്ടതാണ്.

ഇവിടെ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ നമ്മുടെ അതിരൂപതയ്ക്കുള്ളിൽ നടപ്പിലാക്കണമെന്ന് നിങ്ങളെ അറിയിക്കുന്നു.

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# സരിതാപുരം - വടക്കാഞ്ചേരി ഇടവകകളുടെ അതിർത്തി പുനർനിർണ്ണയ ഡിക്രി

കൽപ്പന നമ്പർ: 1238/2018 (DL 3/2018),
തിയ്യതി : 30-06-2018

**സരിതാപുരം-വടക്കാഞ്ചേരി ഇടവകകളുടെ വികാരിമാർക്കും, കൈക്കാരന്മാർക്കും, ഇടവകക്കാർക്കും ആശീർവ്വാദം,**

**സൂചന:**

1. സരിതാപുരം ഫാത്തിമനാഥ പള്ളിയെ ഇടവകയായി ഉയർത്തിയ ഡിക്രിയും മാപ്പും (02.07.1991)
2. വലിയപറമ്പിൽ ദേവസി വർക്കി അതിർത്തി തർക്കം സംബന്ധിച്ചു അതിരൂപത കച്ചേരിയിൽ സമർപ്പിച്ച അപേക്ഷ (14.12.2017)
3. സരിതാപുരം (27.02.2018) – വടക്കാഞ്ചേരി (25.03.2018) ഇടവക വികാരിമാരുടെ അതിർത്തി പുനർനിർണ്ണയം സംബന്ധിച്ചുള്ള അപേക്ഷകൾ
3. സരിതാപുരം – വടക്കാഞ്ചേരി ഇടവക വികാരിമാർ അതിരൂപത ഡീലിമിറ്റേഷൻ കമ്മിറ്റിയുടെ മുമ്പാകെ കൂടിയ യോഗത്തിന്റെ റിപ്പോർട്ട്
4. സരിതാപുരം – വടക്കാഞ്ചേരി ഇടവക അതിർത്തി പുനർനിർണ്ണയം സംബന്ധിച്ചു ഡീലിമിറ്റേഷൻ കമ്മിറ്റിയുടെ ശുപാർശ (20.06.2018)

**മേൽ സൂചനകളിലെ നടപടിക്രമങ്ങളുടെ വെളിച്ചത്തിൽ സരിതാപുരം – വടക്കാഞ്ചേരി ഇടവകകളുടെ അതിർത്തി അതിരൂപത നിയമാവലി (2015) നമ്പ. 161–164 പ്രകാരം 2018 ജൂലായ് മാസം 1–ാം തിയതി മുതൽ ഇതിനാൽ പുനർനിർണ്ണയം ചെയ്തിരിക്കുന്നു.**

**സരിതാപുരം ഇടവകയുടെ പുനർനിണ്ണയിച്ച അതിർത്തി**

വടക്കാഞ്ചേരി സെന്റ് സേവ്യർ ഇടവക വിഭജിച്ച് 02.07.1991ൽ രൂപം കൊണ്ട സരിതാപുരം ഫാത്തിമനാഥ ഇടവകയുടെ സ്ഥാപനഡിക്രിയോടൊപ്പം നല്കിയ ഇടവക അതിർത്തിയുടെ അടിസ്ഥാനത്തിൽ, ഇവിടെ ലഭിച്ച അപേക്ഷകളുടെയും, ശുപാർശകളുടെയും, അതിരൂപതാ നിയമാവലിയുടെയും അതിരൂപതാ ഡീലിമിറ്റേഷൻ കമ്മിറ്റിയുടെ പഠനത്തിന്റെയും വെളിച്ചത്തിൽ, സരിതാപുരം ഇടവകയുടെ തെക്കു കിഴക്ക് അതിർത്തിയിൽ താഴെപ്പറയുന്ന പ്രകാരം ഇതിനാൽ പുനർനിണ്ണയം ചെയ്യുന്നു.

വടക്കാഞ്ചേരി–ഓട്ടുപാറ ജംഗ്ഷനിൽ നിന്നും ആരംഭിക്കുന്ന കുന്നംകുളം വടക്കാഞ്ചേരി റോഡിൽ, കറുവണ്ണ വിഷ്ണു–ശിവ അമ്പലം മുതൽ

ടി. റോഡിന്റെ വടക്കുവശം മാത്രം ഉൾപ്പെടുത്തി പടിഞ്ഞാട്ടുപോയി അയ്യനാർ മാരിയമ്മൻ കോവിൽ ജംഗ്ഷനു തൊട്ടുമുന്നിലെത്തി അവിടെ നിന്നും തെക്കോട്ട് (ഇടത്തുവശത്തേക്ക്) തിരിഞ്ഞ് പോകുന്ന റോഡിന്റെ പടിഞ്ഞാറുവശം മാത്രം ഉൾപ്പെടുത്തി കുമരനെല്ലൂർ ഒന്നാം കല്ലിൽ എത്തി പടിഞ്ഞാറോട്ട് തിരിഞ്ഞ് റോഡിന്റെ വടക്ക് വശം മാത്രം ഉൾപ്പെടുത്തി, ടി. റോഡിലൂടെ മുന്നോട്ട് പോയി WKY –OKM- 76, L-18 ഇലട്രിക് പോസറ്റ് നില്കുന്ന ജംഗ്ഷനിൽ എത്തി തെക്കോട്ട് തിരിയുന്ന റോഡിലൂടെ, റോഡിന്റെ പടിഞ്ഞാറുഭാഗം മാത്രം ഉൾപ്പെടുത്തി ആളൂർ പുഴയിൽ എത്തിച്ചേരുന്നു.

ഈ കല്പനപ്രകാരം പുനർനിണ്ണിയച്ച അതിർത്തിക്കുള്ളിൽ താമസിക്കുന്ന സീറോ മലബാർ കത്തോലിക്കർ അതിനാൽതന്നെ ബന്ധപ്പെട്ട ഇടവകകളുടെ (സരിതാപുരം – വടക്കാഞ്ചേരി) അംഗങ്ങളായിരിക്കുന്നതും, കത്തോലിക്കരല്ലാത്തവർ ഇടവകകളുടെ പ്രത്യേക പരിലാളനയ്ക്കും പ്രേഷിതവേലയ്ക്കും അർഹരായിത്തീരുന്നതുമാണ്. ഈ അതിർത്തിക്കുള്ളിൽ താമസിക്കുന്ന ഇതര ഇടവകക്കാരായിരുന്നവരുടെ കണക്കുകൾ എടുത്ത് നിങ്ങളുടെ ഇടവക ലിസ്റ്റിൽ ഉൾപ്പെടുണ്ടത്തേണ്ടതും വിവരം അവരേയും, അവരുടെ പൂർവ്വ ഇടവകയെയും അറിയിക്കേണ്ടതുമാണ്. ഇപ്പോൾ പുനർ നിർണ്ണയം ചെയ്ത മാപ്പും 1991ലെ സരിതാപുരം ഇടവകസ്ഥാപന മാപ്പും ഉൾപ്പെടുത്തി സരിതാപുരം ഇടവകാതിർത്തി കാണിക്കുന്ന പുതിയ മാപ്പിന്റെ രണ്ടു കോപ്പികൾ ഈ കാര്യാലയത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങി ഒന്ന് ഈ കാര്യാലയത്തിലും ഒന്ന് അവിടത്തെ ഫയലിലും സൂക്ഷിക്കേണ്ടതുമാണ്. അതിന്റെ കോപ്പികൾ ബന്ധപ്പെട്ട അയൽ ഇടവകകൾക്കു നല്കേണ്ടതാണ്. ഈ കല്പനയുടെ അടിസ്ഥാനത്തിൽ വടക്കാഞ്ചേരി ഇടവകയുടെ അതിർത്തി കാണിക്കുന്ന മാപ്പും മേൽ പറഞ്ഞപ്പോലെ സമർപ്പിച്ച് അതിരൂപതാ കാര്യാലയത്തിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്.

മേല്പ്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും 2018 ജൂലൈ 1–ാം തീയതി മുതൽ നിയമസാധുത ഉണ്ടായിരിക്കുകയില്ല. ആദിമക്രൈസ്തവസഭയുടെ ചൈതന്യത്തിൽ (അപ്പ. 2:4) കത്തോലിക്കാ സഭാനിയമങ്ങളും പാരമ്പര്യങ്ങളും അനുസരിച്ച് (CCEO, സീറോ മലബാർസഭയുടെ പ്രത്യേക നിയമം, തൃശ്ശൂർ അതിരൂപതാ നിയമാവലി) ക്രസ്തുവിശ്വാസികളുടെ സ്നേഹസമൂഹമാക്കി ഇടവകയെ പരിപോഷിപ്പിക്കുവാൻ ഏവരോടും ആഹ്വാനം ചെയ്യുന്നു.

അതിരൂപതാ കാര്യാലയത്തിൽ നിന്ന് 2018 ജൂൺ മാസം 30–ാം തിയ്യതി നൽകപ്പെടുന്നത്.

| | |
|---|---|
| **മാർ ആൻഡ്രൂസ് താഴത്ത്** | **ഫാ. മാത്യു കുറ്റിക്കോട്ടയിൽ** |
| തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത | ചാൻസലർ |

# കച്ചേരി
## വാർത്തകൾ

### 1. ഓർമിക്കേണ്ട ദിവസങ്ങൾ

ആഗസ്റ്റ് 2018

1 : പതിനഞ്ചു നോമ്പാരംഭം
വി. അൽഫോൻസ് ലിഗോരി
3 : ആദ്യവെള്ളി
4 : വി. ജോൺ മരിയ വിയാനി
5 : **കൈത്താക്കാലം അഞ്ചാം ഞായർ**
6 : ന. കർത്താവിന്റെ രൂപാന്തരീകരണം
8 : വി. ഡൊമിനിക്
10 : വി. ശ്മോനിയും ഏഴുമക്കളും
11 : വി. ക്ലാര
12 : **കൈത്താക്കാലം ആറാം ഞായർ**
14 : വി. മാക്സ് മില്യൻ കോൾബെ
15 : **പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം**
19 : **കൈത്താക്കാലം ഏഴാം ഞായർ**
21 : വി. പത്താം പിയൂസ് പാപ്പ
24 : വി. ബർത്തലോമിയോ ശ്ലീഹാ
26 : **ഏലിയാ സ്ലീവ മൂശ ഒന്നാം ഞായർ**
28 : വി. അഗസ്റ്റിൻ
29 : വി. എവുപ്രാസ്യാമ്മ

### 2. ആഗസ്റ്റ് മാസത്തെ പരിപാടികൾ

ആഗസ്റ്റ് 02 : 10:30 am വിയാനി ഡേ & വൈദികസമ്മേളനം
03 : 07:30 pm സാമ്പത്തിക സമിതിയോഗം
15 : ഇന്ത്യൻ സ്വാതന്ത്ര്യദിനം
Archdiocesan Catechetical Merit Day
16 : 10:00 am ആലോചനസമിതി യോഗം



3. ഏലിയാ–സ്ലീവാ–മൂശക്കാലങ്ങൾ

ഏലിയാ–സ്ലീവാ–മൂശക്കാലങ്ങൾ കുരിശിന്റെ വിജയവും കർത്താവിന്റെ രണ്ടാമത്തെ ആഗമനവും സൂചിപ്പിക്കുന്നു. സെപ്തംബർ 14ന് ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലഘട്ടത്തിന്റെ കേന്ദ്ര ബിന്ദു. മിശിഹായുടെ രണ്ടാമത്തെ വരവിനും മുമ്പായി ഏലിയാ വരുമെന്നും വിനാശത്തിന്റെ പുത്രനുമായി തർക്കിച്ച് അവന്റെ തെറ്റിനെ ലോകത്തിനു ബോധ്യപ്പെടുത്തുമെന്നും ആദിമസഭ വിശ്വസിച്ചുപോന്നു. കർത്താവിന്റെ രൂപാന്തരീകണവേളയിൽ അവിടുത്തോടൊപ്പം ഏലിയായും ഉണ്ടായിരുന്നുവെന്ന വസ്തുത ഈ വിശ്വാസത്തിന് ആക്കം വർദ്ധിപ്പിച്ചു. കർത്താവിന്റെ രൂപാന്തരീകരണം അവിടുത്തെ രണ്ടാമത്തെ വരവിന്റെ പ്രതീകവുമാണല്ലോ. രൂപാന്തരപ്പെട്ട സമയത്ത് മൂശയും അവിടുത്തോടൊപ്പം ഉണ്ടായിരുന്നതായിരിക്കാം സ്ലീവ നടുവിൽ വരത്തക്ക വിധം ഏലിയാ–സ്ലീവാ–മൂശക്കാലങ്ങൾ രൂപപ്പെട്ടതിനു കാരണം. ലോകവസാനം, മരണം, അവസാനവിധി എന്നിവയാണ് ഈ കാലങ്ങളിലെ പ്രധാനവിഷയങ്ങൾ. അതോടൊപ്പം പിശാചിന്റെ പ്രലോഭനങ്ങൾക്കെതിരെ ജാഗ്രത പുലർത്തി, പാപത്തെ തുടച്ചുമാറ്റാനുള്ള ആഹ്വാനവും നമുക്കു നൽകുന്നു.

മിശിഹായുടെ ദ്വിതീയാഗമനത്തിനുമുമ്പ് ആകാശമധ്യത്തിൽ മഹത്വപൂർണ്ണനായി പ്രത്യക്ഷപ്പെടുമെന്ന് അവിടുന്ന് പറഞ്ഞിട്ടുള്ള അടയാളം കുരിശാണെന്ന വിശ്വാസം ആദിമസഭയിൽ ഉണ്ടായിരുന്നു. അതുകൊണ്ട് കുരിശിന്റെ ശക്തിയും വിജയവും ഈ കാലഘട്ടത്തിൽ നാം പ്രത്യേകം അനുസ്മരിക്കുന്നുണ്ട്. കൂടാതെ നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റൈൻ രാജാവിനുണ്ടായ കുരിശിന്റെ ദർശനവും തുടർന്നുള്ള അദ്ദേഹത്തിന്റെ വിജയവും അദ്ദേഹത്തിന്റെ അമ്മയായ ഹെലേനാ രാജ്ഞി കുരിശു കണ്ടെത്തിയ കാര്യവും ഈ കാലത്തെ പ്രാർത്ഥനകളിലും ഗീതങ്ങളിലും കാണുന്നു. ചെങ്കടലിനു മീതെ തന്റെ വടി നീട്ടിക്കൊണ്ട് മൂശ ഇസ്രായേൽ ജനത്തിന് കടലിന്റെ നടുവിലൂടെ നല്ലൊരു വഴി കാട്ടിത്ത

ന്നുകൊണ്ട് മർത്ത്യകുലത്തെ രക്ഷിച്ചിരിക്കുന്നു. പറുദീസായിലെ ജീവന്റെ വൃക്ഷത്തോടും മൂശ മരുഭൂമിയിൽ ഉയർത്തിയ പിച്ചളസർപ്പത്തോടും കുരിശിനെ ഉപമിച്ചുകൊണ്ട് സ്ലീവാവഴി കൈവന്നിരിക്കുന്ന വിജയത്തിന്റെ മാഹാത്മ്യം ഈ കാലങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. വരാനിരിക്കുന്ന സ്വർഗ്ഗീയ സഭയുടെ ഒരു മുന്നാസ്വാദനംകൂടി ഇവിടെ നാം ദർശിക്കുന്നു.

**3. വിയാനി ഡേ**

വിയാനി ഡേയും വൈദികസമ്മേളനവും ആഗസ്റ്റ് 2ന് രാവിലെ 10:30 മണി മുതൽ മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നു. രജത ജൂബിലിയും സുവർണ്ണജൂബിലിയും ആഘോഷിക്കുന്ന വൈദികരെ ഈ യോഗത്തിൽ പ്രത്യേകം അനുമോദിക്കുന്നതാണ്.

**4. കരുണട്രസ്റ്റ്-വിദ്യാഭ്യാസസഹായം**

അതിരൂപത കരുണട്രസ്റ്റ് വിവിധ തൊഴിലധഷ്ഠിത കോഴ്സുകൾ പഠിക്കുന്നതിന് വർഷംതോറും നല്കി വരുന്ന സഹായത്തിനു അപേക്ഷകൾ ക്ഷണിച്ചു. ജനറൽ നഴ്സിങ്ങ്, എം.ടി.ഐ., പോളിടെക്നിക്ക്, ഐ. ടി.സി., പരാമെഡിക്കൽ, ലാബ് ടെക്നീഷ്യൻ, ടി.ടി.ഐ., ബി.എഡ് തുടങ്ങിയ കോഴ്സുകളാണ് ഉദ്ദേശിക്കുന്നത്. ജാതിഭേദമന്യെ നല്കുന്ന സഹായത്തിന് തൃശ്ശൂർ അതിരൂപതയിലെ ഇടവക പള്ളി വികാരിയുടെ ശുപാർശയോടെ അതിരൂപത സാമ്പത്തിക കാര്യലയത്തിൽ 2018 ആഗസ്റ്റ് 15ന് മുമ്പ് അപേക്ഷിക്കേണ്ടതാണ്. അപേക്ഷ ഫോം അതിരൂപത സാമ്പത്തിക കാര്യലയത്തിൽ നിന്നും, online ആയി അതിരൂപത വൈബ് സൈറ്റിൽ (www.trichurarchiocese.org/download) നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫാ. നൈസൺ ഏലന്താനത്ത്, സെക്രട്ടറി, കരുണാട്രസ്റ്റ്, ആർച്ച് ബിഷപ്പ്സ് ഹൗസ്, തൃശ്ശൂർ 680 005, (ഫോൺ: 0487 2333325) എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

**5. പ്രതിനിധിയോഗ തെരഞ്ഞെടുപ്പ്**

പ്രതിനിധിയോഗത്തിന്റെ കാലാവധി 3 വർഷമാണ്. കാലാവധി പൂർത്തിയായ സ്ഥലങ്ങളിൽ പ്രതിനിധിയോഗ തെരഞ്ഞെടുപ്പ് അതിരൂപത നിയമാവലി പ്രകാരം നടത്തേണ്ടതാണ് (അതിരൂപത നിയമാവലി 2015, അനുബന്ധം പള്ളിയോഗനടപടിക്രമങ്ങൾ, പേജ് 188-192).

കുടുംബകൂട്ടായ്മകളിൽ നിന്ന് പ്രതിനിധിയോഗത്തിലേക്ക് തെരഞ്ഞെടുക്കുമ്പോൾ അതിരൂപത നിയമാവലി പാലിക്കേണ്ടതാണ്. ഇടവക പ്രതിനിധിയോഗത്തിലേക്ക് കുടുംബകൂട്ടായ്മകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ കുടുംബകൂട്ടായ്മകളിൽ സജീവമായി പ്രവർത്തി

ക്കുന്നവരായിരിക്കണം. സാധാരണനിലയിൽ അവർ കുടുംബകൂട്ടായ്മകളിലെ പ്രധാനഭാരവാഹികളിൽ (പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ) ആരെങ്കിലും ആയിരിക്കണം (അതിരൂപത നിയമാവലി 2015, നമ്പർ 209§2, പേജ് 89).

**6. വൈദികവിദ്യാർത്ഥികളെ സഹായിക്കുന്നതിനുള്ള ബേഴ്സ്**

പരിശീലന കാലഘട്ടത്തിൽ വൈദികവിദ്യാർത്ഥികളെ ആത്മീയമായും സാമ്പത്തികമായും സഹായിക്കുന്നതിനായി ഉപകാരികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്ന എല്ലാ ബഹു. അച്ചന്മാർക്കും പ്രത്യേകമായി നന്ദി പറയുന്നു.

നിലവിലുള്ള രീതിയനുസരിച്ച് വൈദികവിദ്യാർത്ഥികളുടെ പൗരോഹിത്യസ്വീകരണം സമയമാകുമ്പോൾ അവരെ സഹായിച്ചുകൊണ്ടിരുന്ന ഉപകാരികൾക്ക് പുരോഹിതാർത്ഥികളുടെ പേരുവിവരങ്ങൾ കൈമാറാറുണ്ട്. സെന്റ് മേരീസ് മൈനർ സെമിനാരിയിലും മേരിമാത മേജർ സെമിനാരിയിലും കൂടി ഇനിയും വളരെയധികം ഉപകാരികൾക്ക് വൈദികവിദ്യാർത്ഥികളെ അലോട്ട് ചെയ്യാനുള്ളതുകൊണ്ട് ഇപ്പോഴുള്ള സംവിധാനം തുടർന്നു കൊണ്ടുപോകുക അപ്രായോഗികമാണ്. ഏതെങ്കിലുമൊരു വൈദികവിദ്യാർത്ഥിക്കുവേണ്ടി എന്ന നിലയിൽ ഇനിമുതൽ സംഭാവനകൾ സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ട് എന്ന കാര്യം ഏവരെയും അറിയിക്കുന്നു.

അതേസമയം വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനായി സാമ്പത്തികമായ സഹായവും ജനങ്ങളുടെ അകമഴിഞ്ഞ സഹകരണവും വളരെ ആവശ്യമുണ്ട്. അതിനാൽ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിന് പൊതുവായി സഹായിക്കുവാൻ താല്പര്യമുള്ളവരെ ഇടവകകളിൽ നിന്നും കണ്ടെത്തുവാൻ ബഹു. വികാരിയച്ചന്മാരുടെ സഹകരണം അഭ്യർത്ഥിക്കുന്നു. വൈദികവിദ്യാർത്ഥികളെ സഹായിക്കുന്ന ഉപകാരികൾക്കുവേണ്ടിയും അവരുടെ നിയോഗങ്ങൾക്കുവേണ്ടിയും സെമിനാരികളിൽ പ്രാർത്ഥിക്കുന്നതായിരിക്കും.

**7. സന്യസ്തർക്കുള്ള സർക്കുലർ**

അതിരൂപതയിലെ സന്യസ്തർക്കുള്ള സർക്കുലർ അന്യത്ര കൊടുത്തിട്ടുണ്ട്. ഈ സർക്കുലറിലെ ആശയങ്ങൾ സന്യാസസമൂഹങ്ങളിലെ സുപ്പീരിയേഴ്സ് എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതാണ്.

**8. സീറോ മലബാർ സഭയുടെ ആരാധനക്രമം**

സീറോ മലബാർ സഭയുടെ ആരാധനക്രമം സംബന്ധിച്ച് തൃശ്ശൂർ അതിരൂപതയിൽ നിലവിലിരിക്കുന്ന നിർദ്ദേശങ്ങളും ധാരണകളും

അന്യത്ര കൊടുത്തിട്ടുണ്ട്. അതിരൂപതയിലെ ആരാധനക്രമത്തെ സംബന്ധിച്ചുള്ള ഈ ധാരണകളും നിർദ്ദേശങ്ങളും എല്ലാ ഇടവകകളിലും സന്യസ്തസ്ഥാപനങ്ങളിലും പാലിക്കേണ്ടതാണ്.

**9. അതിരൂപതാ അവാർഡ് ദിനം :**

അതിരൂപതയുടെ ഈ വർഷ ത്തെ അവാർഡുദിന പരിപാടികൾ 2018 നവംബർ 10–ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് സെന്റ് തോമസ് കോളേജിലെ മെഡ്‌ലിക്കോട്ട് ഹാളിൽ വച്ച് നടത്തുന്നു. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ 2017 നവംബർ 11 മുതലുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേടുന്ന അതിരൂപതാംഗങ്ങളെ / സ്ഥാപനങ്ങളെ ഈ സമ്മേളനത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്. **(തൃശ്ശൂർ അതിരൂപതാംഗങ്ങളെ മാത്രമാണ് അവാർഡ് ദിനത്തിൽ ആദരിക്കുന്നത്. അതിരൂപതയിലെ സ്ഥാപനങ്ങളിൽ പഠിക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാംഗങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതല്ല).**

* താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധപ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ / വികാരി) സാക്ഷ്യപത്രവും മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പികളോടും കൂടെ **15–09–2018 നു** മുമ്പായി ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്തലിക് ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ – 680 005 എന്ന അഡ്രസ്സിൽ ലഭിക്കേണ്ടതാണ്.
* അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്. മേൽവിലാസവും ഫോൺ നമ്പറും ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.
* ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗത്തിൽ അറിയിക്കാൻ ബഹു.വൈദികരും സ്ഥാപനാധികാരികളും ശ്രദ്ധിക്കണം.
* സമ്മാനാർഹരായവരുടെ പേരുവിവരം തൃശ്ശൂർ അതിരൂപത വെബ്സൈറ്റിൽ നവംബർ 1 നു പ്രസിദ്ധീകരിക്കുന്നതാണ് (www.trichur-archdiocese.org).

**1. വിദ്യാഭ്യാസരംഗം**

2017–18 അധ്യയനവർഷത്തിൽ

**1.1** പ്ലസ് ടുവിനും വി. എച്ച്. എസ്. സി.ക്കും ആദ്യ ചാൻസിൽ മുഴുവൻ വിഷയങ്ങളിലും A+നേടിയിട്ടുള്ളവർക്ക് (Kerala State-A+, C.B.S.E - 91-100 marks in all subjects, I.C.S.E.- A+/Exceptional)

**1.2** ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ; കഴിഞ്ഞ അധ്യയനവർഷത്തിൽ Ph.D/ PDF പൂർത്തിയാക്കിയവർ

**1.3** ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളിടെക്നിക്, ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴസുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

**1.4** സംസ്ഥാനസർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ.

**1.5** കഴിഞ്ഞ പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ അതിരൂപതാതിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

**2. കായികം**

**2.1** *വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ*

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ – ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, **ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.**

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**2.2** *സർവ്വകലാശാല കായികമത്സരങ്ങളിൽ* ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**3. കലാസാഹിത്യ രംഗം**

***3.1*** *വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ* (State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ – ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

***3.2*** *സർവ്വകലാശാല യുവജനോത്സവങ്ങളിൽ* ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**4. മറ്റു രംഗങ്ങൾ**

**4.1** സി. ബി. സി. ഐ., കെ. സി. ബി. സി., സീറോ മലബാർ സിനഡ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുര

സ്കാരങ്ങൾ ലഭിച്ചവർ

**4.2** മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ ലഭിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന് അർഹരായവരെ സമിതി തെരഞ്ഞെടുക്കുന്നതായിരിക്കും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും).

**4.3** അതിരൂപതയിലെ ഇടവകകളിൽ സേവനം ചെയ്ത് 25 വർഷം പൂർത്തിയാക്കുന്നവരെ അവാർഡ് ദിനത്തിൽ ആദരിക്കുന്നു (ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പേരും വിവരവും നല്കേണ്ടതാണ്).

**NB:**

**1. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ-കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.**

**2. അതിരൂപതയിലെ സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന മത്സരങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ അപേക്ഷിക്കേണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായിത്തന്നെ പരിഗണിക്കപ്പെടുന്നു.**

**10. വൈദികനിയമനം:**

| | |
|---|---|
| 1. ഫാ. വിപിൻ കൊള്ളന്നൂർ SDV | –സഹായി പാവറട്ടി; സാധുത 2018 ജൂൺ 5 മുതൽ. |
| 2. ഫാ. അലൻ ഊക്കൻ SDV | –സഹായി നെല്ലിക്കുന്ന്; സാധുത 2018 ജൂൺ 5 മുതൽ. |
| 3. ഫാ. ബിജു എടക്കളത്തൂർ IC | - സഹായി അരിമ്പൂർ; സാധുത 2018 ജൂൺ 5 മുതൽ. |
| 4. ഫാ. ലിബിൻ വെണ്ണാട്ടുപറമ്പിൽ CMI | -സഹവികാരി, എൽത്തുരുത്ത്; 2018 ജൂൺ 6 മുതൽ. |
| 5. ഫാ. മാർവിൻ കുറ്റിക്കാടൻ CMI | - സഹവികാരി എൽത്തുരുത്ത് ഒഴിവായി; 2018 ജൂൺ 6 മുതൽ. |
| 6. ഫാ. അൽജോ കരേരക്കാട്ടിൽ | –അസി. ഡയറക്ടർ കുടുംബ കൂട്ടായ്മ & മാതൃസംഘം ഒഴിവായി; സാധുത 2018 ജൂൺ 8 മുതൽ. |
| 7. ഫാ. അനീഷ് കൂത്തൂർ വെള്ളാട്ടുകര– | അസി. ഡയറക്ടർ മാതൃസംഘം കൂടി; സാധുത 2018 ജൂൺ 8 മുതൽ. |
| 8. ഫാ. ജിബി വാഴപ്പിള്ളി | –അസി. ഡയറക്ടർ കെ.സി.വൈ.എം.കൂടി; സാധുത 2018 ജൂൺ 8 മുതൽ. |
| 9. ഫാ. സീജൻ ചക്കാലക്കൽ | –അസി. ഡയറക്ടർ |

കുടുംബകൂട്ടായ്മ കൂടി; സാധുത 2018 ജൂൺ 8 മുതൽ.

10. ഫാ. ജെറിൻ അരിമ്പൂർ –അസി. ഡയറക്ടർ കെ.സി.വൈ.എം. ഒഴിവായി; സാധുത 2018 ജൂൺ 8 മുതൽ.

11. ഫാ. ബിജു കണ്ണംമുണ്ടയിൽ CMF– ഡിഫന്റർ ഓഫ് ബോണ്ട് മെത്രാപ്പോലീത്തൻ കോടതി; സാധുത 2018 ജൂൺ 11 മുതൽ.

12. ഫാ. സൈജോ തൈക്കാട്ടിൽ –കപ്ലോൻ ഹോം ഓഫ് ലവ് കൂടി; സാധുത 2018 ജൂൺ 1 മുതൽ.

13. ഫാ. അനീഷ് നെല്ലിക്കൽ –കപ്ലോൻ സി.എസ്.സി. മഠങ്ങൾ ചൊവ്വന്നൂർ കൂടി; സാധുത 2018 ജൂൺ 1 മുതൽ.

14. ഫാ. റാഫേൽ താണിശ്ശേരി –വികാരി പുത്തൻപീടിക & കപ്ലോൻ എഫ്.സി.സി.; സാധുത 2018 ജൂലൈ 4 മുതൽ.

15. ഫാ. ഡേവിസ് കണ്ണമ്പുഴ –നടത്തുവികാരി കണ്ണംകുളങ്ങര & കപ്ലോൻ സി.എസ്.സി.; സാധുത 2018 ജൂലൈ 4 മുതൽ.

16. ഫാ. സെബാസ്റ്റ്യൻ പെരുട്ടിൽ –ചികിത്സാവധി; സാധുത 2018 ജൂലൈ 4 മുതൽ.

17. ഫാ. ലിന്റോ തട്ടിൽ –പഠനാവധി; വികാരി വെള്ളറക്കാട് & മരത്തംകോട് ഒഴിവായി; സാധുത 2018 ജൂലൈ 1 മുതൽ.

18. ഫാ. അനീഷ് ചിറ്റിലപ്പിള്ളി –നടത്തുവികാരി വെള്ളറക്കാട് & മരത്തംകോട് കൂടി; സാധുത 2018 ജൂലൈ 1 മുതൽ.

19. ഫാ. ജോൺസൻ അന്തിക്കാട്ട് –നടത്തുവികാരി തങ്ങാലൂർ നോർത്ത് കൂടി; സാധുത 2018 ജൂലൈ 1 മുതൽ.

20. ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ –വികാരി തങ്ങാലൂർ വെളുത്തൂർ ഒഴിവായി; സാധുത 2018 ജൂലൈ 2 മുതൽ.

**മാർ ടോണി നീലങ്കാവിൽ**

അതിരൂപത സഹായമെത്രാൻ & പ്രോട്ടോ–സിഞ്ചെല്ലൂസ്

## മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ആഗസ്റ്റ് മാസത്തെ പരിപാടികൾ

# AUGUST 2018

| Date | Day | Time | Description |
|---|---|---|---|
| 01 | Wed | Morning | Jyothi Eng. College Induction Ceremony |
| | | Evening | Holy Mass at Martha Generalate Convent, Mannampetta |
| 02 | Thu | Morning | Vianney day Celebration at Minor Seminary & Priests' Conference |
| 03 | Fri | Morning | Curia Meeting |
| | | | **For the People** |
| 04 | Sat | Morning | Chengaloor School Jubilee Celebration, Programme at Muriad Church |
| | | Evening | Vianney Day Celebration at Priests Home, Cheroor |
| 06 | Mon | | **For Priests and Religious** |
| 07-11 | | | KCBC Retreat |
| 11 | Sat | Afternoon | Vestition Ceremony of CSC at Kuriachira |
| 12 | Sun | | Pastoral Visit at Varakkara St. Antony's Church |
| 13 | Mon | Eveing | Jubilee Mission Hospital Trust Meeting |
| 14 | Tue | | Curia Meeting |

JAN FEB MAR APR MAY JUN JUL AUG SEP OCT NOV

| | | | |
|---|---|---|---|
| 15 | Wed | Afternoon | Archdiocesan Catechetical Merit Day at DBCLC |
| 16 | Thu | Morning | Holy Mass at Marymatha Major Seminary |
| | | | Consulters' Meeting |
| 17 | Fri | Morning | Holy Mass at Alagappanagar |
| | | | Curia Meeting |
| | | | **For Priests and Religious** |
| 18 | Sat | Morning | **For the People** |
| | | Evening | Engaged |
| 19 | Sun | | Pastoral Visit |
| 20-25 | | | Syro-Malabar Synod |
| 25 | Sun | Evening | Holy-Mass at St. Euphrasia Pilgrim Centre, Ollur |
| 26-31 | | | Syro Malabar Synod |

[ എല്ലാവരേയുംപോലെ ഞാനും മർത്യനാണ്.
മണ്ണിൽനിന്നുള്ള ആദ്യസൃഷ്ടിയുടെ
പിൻഗാമി *ജ്ഞാനം. 6:7* ]

## മാർ ടോണി നീലങ്കാവിൽ പിതാവിന്റെ ആഗസ്റ്റ് മാസത്തെ പരിപാടികൾ

# AUGUST 2018

| Date | Day | Time | Description |
|---|---|---|---|
| 1 | Wed | Morning | Classes in Marymatha Major Seminary |
| | | Afternoon | Engaged |
| 2 | Thu | Morning | Vianney Day, Presbyterium |
| 3 | Fri | Morning | Chittattukkara- Mass&Blessing |
| | | Afternoon | **For the People** |
| | | Evening | Finance Council |
| 4 | Sat | Morning | Minor Seminary- Mass, Marathakkara- Mass, Vianney Home |
| | | Afternoon | Olarikkara, Navajyothi- Vestition & First Profession |
| | | Evening | Kurumal Pastoral Visit Starts |
| **5** | **Sun** | | Kurumal Pastoral Visit |
| 6 | Mon | Morning | Kurumal- Mass with the Religious |
| | | Afternoon | Engaged |
| | | Evening | Anchery Church- Mass |
| 7-11 | | | KCBC |
| 11 | Sat | Evening | Aloor Pastoral Visit Starts |
| **12** | **Sun** | | Aloor Pastoral Visit |
| | | Evening | Kalvary Asramam- Mass, Claud Charity Meeting, Puthur- CLC 75th Anniversary |

| | | | |
|---|---|---|---|
| 13 | Mon | Morning | Aloor- Mass with the Religious, Marymatha Major Seminary Alumni |
| 14 | Tue | Morning | Classes in Marymatha Major Seminary |
| | | Evening | Editorial Catholicasabha, Velupadam- Festal Mass |
| 15 | Wed | Morning | Chirackal- *Silasthapanam,* Karoor, Kombidinjamakkal- Feastal Mass |
| | | Afternoon | Engaged |
| 16 | Thu | Morning | Classes in Marymatha Seminary |
| | | Afternoon | Consulters Meeting, Mananthawady- PAROC |
| 17 | Fri | | Mananthawady- PAROC |
| 18 | Sat | Morning | Engaged |
| | | Afternoon | Family Apostolate- Single Lives' Gathering, DBCLC- BA Theology Class |
| **19** | **Sun** | Morning | Thrikkur- *Oottuthirunal* Mass, |
| | | Afternoon | Family Apostolate- Gathering of Newly Wedded: St. Thomas College- Teacher's Veritas Quiz, |
| | | Evening | Pazhuvil- St. Vincent De Paul Meeting, Palackal- St. Vincent De Paul Meeting |
| 20-31 | | | Syro Malabar Synod |

അന്ധകാരത്തിൽ സ്ഥിതി ചെയ്തിരുന്ന
ജനങ്ങൾ വലിയ പ്രകാശം കണ്ടു.

*മത്തായി 3:5*



# നാളാഗമം

## ജൂൺ 2018

1 അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാത സെമിനാരിയിൽ വി. ബലിയർപ്പിച്ചു, അക്കാദമിക് ഇയർ ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് സെന്റ് തോമസ് കോളേജ് അക്കാദമിക് ഇയർ ഉദ്ഘാടനത്തിൽ പങ്കെടുത്തു. വൈകിട്ട് പടവരാട് സെന്റ് തെരേസ കോൺവെന്റിൽ ബഹു. സി.ലെയൊണാർഡിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. ശേഷം വരാക്കര സൗത്ത് പള്ളി യിലെ കപ്പേളയുടെ ആശീർവാദ കർമ്മം നിർവഹിച്ചു.

2 അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽ SFO മഹോത്സവത്തിൽ പങ്കെടുത്തു. വൈകിട്ട് വെണ്ടോർ പള്ളി സ്ക്കൂൾ വെഞ്ചിരിച്ചു. സാഹിത്യ അക്കാദമിയിൽ പ്രൊഫ. ജോർജ്ജ് മേനാച്ചേരി പ്രഭാഷണ പരമ്പരയിൽ പങ്കെടുത്തു.

3 അഭിവന്ദ്യ പിതാക്കന്മാർ കൊല്ലത്ത് മോൺ. പോൾ മുല്ലശ്ശേരിയുടെ മെത്രാഭിഷേക ചടങ്ങിൽ പങ്കെടുത്തു.

4 അഭിവന്ദ്യ താഴത്ത് പിതാവ് ബഹു. സി. ക്രൂസിഫിക്സ് സി.

എം. സി. യുടെ മൃതസംസ്കാര ശുശ്രൂഷകളിൽ കാർമ്മികനായി. വൈകിട്ട് ഡി. ബി. സി. എൽ. സി. യിൽ നടന്ന കത്തോലിക്കാകോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നടന്ന സീറോ മലബാർ സമുദായസംഗമത്തിന്റെ കൃതജ്ഞതായോഗത്തിൽ അധ്യക്ഷനായി. ശേഷം മുളയം എസ്. ഡി. വി. ഭവനത്തിൽ സെമിനാരിക്കാർക്ക് ചെറുപട്ടങ്ങൾ നൽകി. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് പറോക്ക് കോർ ഗ്രൂപ്പ് മീറ്റിംഗിന് നേതൃത്വം വഹിച്ചു.

5–7 അഭിവന്ദ്യ പിതാക്കന്മാർ കെ. സി. ബി. സി. യിൽ പങ്കെടുക്കാൻ പാലാരിവട്ടം പി. ഒ. സി. യിലേക്ക് പോയി.

8 അഭിവന്ദ്യ താഴത്ത് പിതാവ് പെരിഞ്ചേരി തിരുഹൃദയ ദൈവാലയത്തിൽ തിരുഹൃദയ തിരുനാൾ ദിവ്യബലിയർപ്പിച്ചു. വൈകിട്ട് അതിരൂപത സാമ്പത്തികസമിതിയോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ സേക്രഡ് ഹാർട്ട് കോൺവെന്റിൽ വി. ബലിയർപ്പിച്ചു. ചേലക്കര ഫൊറോന ദൈവാലയത്തിൽ ദൈവദാസൻ തച്ചുപറമ്പിലച്ചന്റെ ശ്രാദ്ധത്തിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

9 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് സി. സർവ്വീസിയ സി. എം. സി. യുടെ മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുത്തു. വൈകിട്ട് കൊഴുക്കുള്ളി ഇടവകയിൽ പണിതീർത്ത പാരിഷ് ഹാളിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പല്ലിശ്ശേരി സാൻതോം സെമിനാരിയിൽ വി. ബലിയർപ്പിച്ചു. സെന്റ് തോമസ് കോളേജിൽ എക്സെൽ ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു. രാമനാഥപുരം രൂപതാദിനത്തിൽ പങ്കെടുത്തു. വൈകിട്ട് തിരുവില്വാമല സെന്റ് പോൾ ഗുരുകുലം സന്ദർശിച്ചു.

10 അഭിവന്ദ്യ താഴത്ത് പിതാവ് വീണ്ടശ്ശേരി ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ലൂർദ്ദ് ഫൊറോന പള്ളിയിൽ വി. ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് DBCLC- യിൽ റിട്ടയർ ചെയ്ത ടീച്ചേഴ്സിനെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുത്തു. വെസ്റ്റ് ഫോർട്ട് സെന്റ്. ആൻസ് കോൺവെന്റിൽ ബഹു. സി. സാൽവീനയുടെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

11 അഭിവന്ദ്യ താഴത്ത് പിതാവ്

രാവിലെ മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പറപ്പൂർ ജോൺ ദ ബാപ്റ്റിസ്റ്റ് കോൺവെന്റിൽ വി. ബലിയർപ്പിച്ചു. ഉച്ചക്ക് DBCLC യിൽ അതിരൂപത അസംബ്ലി കമ്മിറ്റി പിരിച്ചുവിടൽ സമ്മേളനത്തിൽ പങ്കെടുത്തു. ഫൊറോനവികാരിമാരുടെ യോഗത്തിലും അതിരൂപത ആലോചനസമിതി യോഗത്തിലും അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.

12 അഭിവന്ദ്യ ടോണി പിതാവ് രാവിലെ തൃശ്ശൂർ ലത്തീൻ പള്ളിയിൽ തിരുനാൾ വി. ബലിയർപ്പിച്ചു. സെന്റ് തോമസ് കോളേജ് ഫൗണ്ടേഴ്സ് ഡേ ഉദ്ഘാടനം നിർവ്വഹിച്ചു.

13 അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് വടക്കേ കാരമുക്ക് പള്ളിയിൽ ഊട്ടുതിരുനാൾ വി. ബലിയർപ്പിച്ചു.

14 അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് വൈദികസമിതിയോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കാട്ടൂർ സെന്റ് മേരീസ് പള്ളിയിൽ മോൺ. എഫ്രേം അച്ചന്റെ 20–ാം മരണവാർഷികത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് സെന്റ് തോമസ് സ്ക്കൂളിൽ മെറിറ്റ് ഡേ പരിപാടികളിൽ അദ്ധ്യക്ഷനായി. വൈകിട്ട് ആളൂർ ഷെയ്ൻസ്റ്റട്ട് സെമിനാരി അക്കാദമിക് ഇയർ ഉദ്ഘാടനം നിർവ്വഹിച്ചു.

15 അഭിവന്ദ്യ ടോണി പിതാവ് രാവിലെ മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് മേരിമാതയിൽ പറോക്ക് മീറ്റിംഗിൽ പങ്കെടുത്തു.

16 അഭിവന്ദ്യ ടോണി പിതാവ് രാവിലെ ലൂർദ്ദ് പള്ളിയിൽ വി. ബലിയർപ്പിച്ചു. പൂച്ചിന്നിപ്പാടം പള്ളിയിൽ സന്യസ്ത സിൽവർ ജൂബിലി കുർബാനയർപ്പിച്ച് മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചക്കഴിഞ്ഞ് സംഘടനാ ഏകോപനസമിതി യോഗ ത്തിൽ പങ്കെടുത്ത് സംസാരിച്ചു. കത്തോലിക്കാസഭ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു. ചേലക്കരയിൽ CTC കോഴ്സിൽ പങ്കെടുക്കുന്നവരുമായി സംസാരിച്ചു. വൈകിട്ട് പഴയന്നൂർ ഇടവകയിൽ ഇടയസന്ദർശനത്തിനായി പോയി.

17 അഭിവന്ദ്യ ടോണി പിതാവ് പഴയന്നൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി.

18 അഭിവന്ദ്യ താഴത്ത് പിതാവ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പഴയന്നൂർ ഇടവകയിൽ ഇടയസന്ദർശനത്തിന്റെ ഭാഗമായി നോർബട്ടൈൻ ആശ്രമത്തിൽ സന്യ

സ്തർക്കുവേണ്ടി വി. ബലിയർപ്പിച്ചു. മറ്റത്ത് ബഹു. ടോണി കാക്കശ്ശേരി അച്ചന്റെ അമ്മയുടെ മൃതസംസ്ക്കാരത്തിൽ കാർമ്മികത്വം വഹിച്ചു.

19 അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചെമ്പുക്കാവ് ഹോളി ഫാമിലി സ്ക്കൂളിൽ മെറിറ്റ് ഡേ പരിപാടികളിൽ അദ്ധ്യക്ഷനായി.

20 അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചുവന്നമണ്ണ് സെന്റ് ക്ലെയർ കോൺവെന്റിൽ വി. ബലിയർപ്പിച്ചു. ശേഷം മേരിമാത സെമിനാരിയിൽ ക്ലാസെടുത്തു. ഉച്ചക്കഴിഞ്ഞ് മേരിമാത സെമിനാരി എക്സിക്യൂട്ടീവ് മീറ്റിംഗ് ആർച്ച് ബിഷപ്പ്സ് ഹൗസിൽ കൂടി.

21 അഭിവന്ദ്യ ടോണി പിതാവ് ഉച്ചക്കഴിഞ്ഞ് സെന്റ് തോമസ് കോളേജ് സുവോളജി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നടന്ന പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. വൈകിട്ട് മൈനർ സെമിനാരി എക്സിക്യൂട്ടീവ് മീറ്റിംഗ് ആർച്ച് ബിഷപ്പ്സ് ഹൗസിൽ കൂടി. വൈകിട്ട് ലൂർദ്ദ്പുരം നിർമ്മല ഭവനിൽ വി. ബലിയർപ്പിച്ചു.

22 അഭിവന്ദ്യ ടോണി പിതാവ് രാവിലെ വിമല കോളേജിൽ വി. ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് ഫാമിലി അപ്പോസ്തലേറ്റിൽ KCSL അവാർഡ് ഡേയിൽ പങ്കെടുത്തു. ആർച്ച് ബിഷപ്പ്സ് ഹൗസിൽ വെച്ച് നടന്ന ഓൺഗോയിംഗ് ഫോർമേഷൻ മീറ്റിംഗിൽ സംബന്ധിച്ചു.

23 അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചെങ്ങാല്ലൂർ ഇടവകയിൽ മാമ്മോദീസയ്ക്ക് കാർമ്മികത്വം വഹിച്ചു. അവിണിശ്ശേരിയിൽ എക്സെൽ അക്കാദമിയുടെ പഠനവർഷ ഉദ്ഘാടനം നിർവ്വഹിച്ചു. ഉച്ചക്കഴിഞ്ഞ് DBCLC- യിൽ ചിൽഡ്രൻസ് മിനിസ്ട്രി പ്രവർത്തനവർഷം ഉദ്ഘാടനത്തിലും ആനിമേറ്റഴ്സ്, പ്രമോട്ടേഴ്സ്, ലീഡേഴ്സ് സംഗമത്തിലും സന്ദേശം നല്കി. വൈകിട്ട് പട്ടിക്കാട് MMB ബ്രദേഴ്സിന്റെ ഓർഫനേജിൽ പ്രവേശനോത്സവത്തിൽ പങ്കെടുത്തു.

24 അഭിവന്ദ്യ ടോണി പിതാവ് രാവിലെ തിരൂർ ഇടവക പള്ളിയിൽ വി. ബലിയർപ്പിച്ചു കൊടിമരം വെഞ്ചിരിച്ച് തിരുനാൾ കൊടിക്കയറ്റം നടത്തി. ബസിലിക്കയിൽ വി. ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് DBCLC- യിൽ ദൈവശാസ്ത്ര ബിരുദ വിദ്യാർത്ഥികൾക്കായി ക്ലാസെടുത്തു. വൈകിട്ട് നെഹ്രുനഗർ ഇടവക പള്ളിയിൽ കുടുംബകൂട്ടായ്മ വാർഷികാഘോഷത്തിൽ ഉദ്ഘാടകനായി. വെളുത്തൂർ ഇടവകയിൽ യുവോദയ ക്യാമ്പിൽ യുവജനങ്ങളുമായി സംവദിച്ചു.

25 അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഹോളി ഫാമിലി കോൺവെന്റിൽ വി. ബലിയർപ്പിച്ചു. തൃശ്ശൂർ ബസി ലിക്കയിലെ മാതാനികേതനിൽ സെന്റ് തോമസ് പ്രൈവറ്റ് കോളേജ് അക്കാദമിക് ഇയർ ഉദ്ഘാടനം നിർവ്വഹിച്ചു. ഉച്ചക്കഴിഞ്ഞ് ബഹു. ജോസ് ചിറയത്ത് CMI അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ വി. ബലിയക്ക് കാർമ്മികത്വം വഹിച്ചു. വൈകിട്ട് എടക്ക ളത്തൂർ ഹോളി ക്രോസ് കോൺവെന്റിൽ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് ഓഫീസ് ഉദ്ഘാടനം നിർവ്വഹിച്ചു.

26 അഭിവന്ദ്യ ടോണി പിതാവ് രാവിലെ നിർമ്മലമാത കോൺ വെന്റിൽ വി. ബലിയർപ്പിച്ചു. മേരിമാത സെമിനാരിയിൽ ക്ലാസെടുത്തു. ഉച്ചക്കഴിഞ്ഞ് എറവ് പള്ളി സ്ക്കൂളിൽ മെറിറ്റ് ഡേ പരിപാടികളിൽ അദ്ധ്യ ക്ഷനായി. സെന്റ് തോമസ് സ്ക്കൂളിൽ ലഹരി വിരുദ്ധ സെമിനാറിൽ സന്ദേശം നല്കി. വൈകിട്ട് ഉറുസലൈൻ കോൺവെന്റിൽ വി. ബലിയർപ്പിച്ചു.

27 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പോപ്പ് പോൾ പീസ് ഹോമിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാത സെമി നാരിയിൽ ക്ലാസെടുത്തു. വൈകിട്ട് ക്രിസ്തുദാസി കോൺവെന്റിൽ വി. ബലിയർ പ്പിച്ചു.

28 അഭിവന്ദ്യ പിതാക്കന്മാർ രാവിലെ അതിരൂപത ആലോ ചനസമിതി യോഗത്തിൽ സംബന്ധിച്ചു.

29 അഭിവന്ദ്യ ടോണി പിതാവ് രാവിലെ ആമ്പല്ലൂർ ആനിമേ ഷൻ സെന്ററിൽ വിവാഹ ഒരുക്ക ക്ലാസിൽ പങ്കെടുക്കു ന്നവർക്കുവേണ്ടി വി. ബലി യർപ്പിച്ചു. സെന്റ് തോമസ് കോളേജിൽ ഇന്റർനാഷണൽ കോൺഫറൻസ് ഉദ്ഘാടനം ചെയ്തു.

30 അഭിവന്ദ്യ താഴത്ത് പിതാവ് പുതുക്കാട് ഫൊറോനപള്ളി യിൽ വി. ബലിയർപ്പിച്ചു. അഭി വന്ദ്യ ടോണി പിതാവ് രാവിലെ ഒളരിക്കര പീറ്റർ ക്ലേവർ കോൺവെന്റിൽ ഗോൾഡൻ ജൂബിലി വി. ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് ഫാമിലി അപ്പോസ്തലേറ്റിൽ വെച്ച് ഇടവക കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ മാരുടെ മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് പൂങ്കുന്നം ഇട വകയിൽ ഇടയസന്ദർശനം ആരംഭിച്ചു.





## നാമകരണനടപടികൾ

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

ജൂലൈ മാസത്തിലെ മാസാദ്യവെള്ളിയാഴ്ച്ചയിലെ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകിയത് ആബാ റിന്യൂവൽ സെന്റർ കരിസ്മാറ്റിക്ക് ഡയറക്ടർ റവ.ഫാ. സജീവ് ഇമ്മട്ടി ആയിരുന്നു. ആന്റണി തച്ചുപറമ്പിലച്ചൻ ദൈവസാനിധ്യത്തിന്റെ സന്തോഷവും ആനന്ദവും അനുഭവിച്ച് അതു സഹോദരങ്ങളിലേക്ക് പകർന്ന് കൊടുക്കാനുള്ള അതിയായ തീക്ഷ്ണതയോടെ ചേലക്കരയിലേക്ക് കടന്നുവന്നു. ദൈവത്തിനു സ്വയം സമർപ്പിക്കപ്പെട്ട അച്ചൻ സ്വയം പരിത്യജിച്ച് ശൂന്യനായി ദൈവസ്നേഹാനുഭവത്തിലേക്ക് തന്റെ സഹോദരങ്ങളെ ആനയിക്കുവാൻ അക്ഷീണം പ്രയത്നിച്ചു. ഇന്നത്തെ ലോകം മായാവിദ്യകളിൽ മുഴുകുന്നതിനാൽ ഈ ദൈവാനുഭവം നഷ്ടമാകുന്നു. അതിനാൽ ലോകത്തിന്റെ പ്രവണതകളിൽ നിന്നും അകന്ന് ദൈവവചനത്തിനനുസൃമായ ജീവിതം നയിക്കുവാൻ അച്ചന്റെ മാധ്യസ്ഥ്യം നമുക്ക് തേടാം. രോഗശാന്തി ശുശ്രൂഷയും മദ്ധ്യസ്ഥപ്രാർത്ഥനകളും വി. കുർബ്ബാനയും ഒപ്പീസും ഉണ്ടായിരുന്നു. അനേകം പേർ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ച് ദൈവാനുഗ്രഹം നേടി. തുടർന്ന് ഊട്ടു നേർച്ചയും ഉണ്ടായിരുന്നു.







## നാമകരണനടപടികൾ

# ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനെച്ചൻ

### രണ്ടാം ശനി ആചരണം

സി.എസ്.സി മരിയ പ്രവിശ്യാംഗങ്ങൾ ആരാധനയ്ക്കു നേതൃത്വം നൽകി. റവ. ഫാ. മനോജ് താണിക്കൽ വചനസന്ദേശവും റവ.സി. ബിനിവൈറ്റ് സി.എസ്.സി. ഊക്കനച്ചന്റെ വിശ്വാസജീവിതം  എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണവും നൽകി. വിശ്വാസമെന്നത് ദൈവം നിക്ഷേപിച്ച അമൂല്യനിധിയാണ്. വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവത്തെയാണ് വി.ഗ്രന്ഥം മുഴുവൻ പ്രഘോഷിക്കുന്നത്. ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെയും ജീവിതവഴികളിൽ താങ്ങും തണലുമായത് ഈശോയിലുള്ള വിശ്വാസത്തിന്റെ പ്രതിഫലനങ്ങളാണ്. പ്രതിസന്ധികളെ തരണം ചെയ്യണമെങ്കിൽ ആഴമായ വിശ്വാസം ഉണ്ടായിരിക്കണമെന്ന തീവ്രാഭിനിവേശത്താൽ നാഥനിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ് ആ ചൈതന്യം തലമുറകൾക്കായി അദ്ദേഹം പകർന്നുകൊടുത്തു എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ബ. സിസ്റ്റർ ക്ലാസ്സ് അവസാനിപ്പിച്ചു. അനുസ്മരണബലി, കബറിടത്തിൽ ഒപ്പീസ്, മദ്ധ്യസ്ഥ പ്രാർത്ഥന, നേർച്ച ഊട്ടു വെഞ്ചരിപ്പ് എന്നിവക്കു കാർമ്മികത്വം വഹിച്ചത് റവ. ഫാ. മനോജ് താണിക്കൽ ആയിരുന്നു. തിരിച്ചറിവ്, തിരിച്ചെടുക്കൽ ഇതെല്ലാമാണ് ദേവാലയത്തിൽ കാണാതെ പോയി കണ്ടുകിട്ടിയ ഈശോയുടെ ജീവിതം കാണിച്ചു തരുന്നത്.വിശ്വാസത്തോടെ ആശ്രയിക്കുക ദൈവം നമുക്കായി അനുഗ്രഹത്തിന്റെ മഹാമാരി വർഷിക്കും.  ഇതിനായി ദൈവതിരുമുമ്പിൽവിശ്വാസത്തോടെ ആശ്രയിച്ച്  ജീവിച്ച ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ മാദ്ധ്യസ്ഥ്യം നമുക്ക് ശക്തി പകരട്ടെ.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

# സാമ്പത്തിക കാര്യാലയം



I. തെരട്ട് സമർപ്പണം

സെപ്തംബർ 17 – ാം തിയതി മുതലാണ് സ്ഥാപനങ്ങൾ / സംഘടനകൾ / പ്രസ്ഥാനങ്ങൾ തെരട്ട് കൊണ്ടുവരേണ്ടത്.തെരട്ട് കൊണ്ടുവരേണ്ട തിയതികൾ താഴെ കൊടുത്തിട്ടുണ്ട്

| | | |
|---|---|---|
| 1. ഫാമിലി അപ്പസ്തോലേറ്റ് സെന്റർ | സെപ്തംബർ 17 | 10.00 am |
| 2. സൊസൈറ്റി ഓഫ് മേരി ഇമ്മാക്കുലേറ്റ്, വെസ്റ്റ് ഫോർട്ട്, ലിലിയൻ ഫോണ്ടസ് | സെപ്തംബർ 17 | 10.00 am |
| 3. സെ.ആൻസ്, വെസ്റ്റ് ഫോർട്ട് | സെപ്തംബർ 17 | 11.00 am |
| 4. സിസ്റ്റേഴ്സ് ഓഫ് സെ. ജോസഫ് ദി വർക്കർ (എസ്.എസ്.ജെ.ഡബ്ല്യൂ) | സെപ്തംബർ 17 | 11.00 am |
| 5. ഹോളി ചൈൽഡ് ഹുഡ് | സെപ്തംബർ 17 | 12.00 Noon |
| 6. ഫ്രാൻസിസ്കൻ അസോസിയേഷൻ | സെപ്തംബർ 17 | 12.00 Noon |
| 7. കുടുംബസമ്മേളനം | സെപ്തംബർ 18 | 10.00 am |
| 8. ചൈതന്യ ക്ലീനിക് | സെപ്തംബർ 18 | 10.00 am |
| 9. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്, മുളയം | സെപ്തംബർ 18 | 11.00 am |
| 10. ഡാമിയൻ എസ്റ്റേറ്റ് | സെപ്തംബർ 18 | 11.00 am |
| 11. ഡാമിയൻ ജൂബിലി ശാന്തിഗ്രാം | സെപ്തംബർ 18 | 12.00 Noon |
| 12. ജൂബിലി മിഷൻ ഹോസ്പിറ്റൽ | സെപ്തംബർ 19 | 10.00 am |
| 13. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് | സെപ്തംബർ 19 | 10.00 am |
| 14. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ് | സെപ്തംബർ 19 | 11.00 am |
| 15. ജൂബിലി മിഷൻ കോളേജ് ഓഫ് ബി.എസ്.സി. നേഴ്സിംഗ് | സെപ്തംബർ 19 | 11.00 am |
| 16. കെ.സി.എസ്.എൽ | സെപ്തംബർ 19 | 12.00 Noon |
| 17. മാതൃസംഘം | സെപ്തംബർ 19 | 12.00 Noon |
| 18. ബൈബിൾ അപ്പസ്തോലേറ്റ് | സെപ്തംബർ 20 | 10.00 am |

| | | |
|---|---|---|
| 19. തൊഴിൽ അഭ്യസന പീഠം | സെപ്തംബർ 20 | 10.00 am |
| 20. കെ.എൽ.എം, സാക്രിസ്റ്റ്യൻസ് | സെപ്തംബർ 20 | 11.00 am |
| 21. സെന്റ് മേരീസ് പ്രൈവറ്റ് ഐ.ടി.ഐ | സെപ്തംബർ 20 | 11.00 am |
| 22. ഐ.ടി.ഐ അളഗപ്പനഗർ | സെപ്തംബർ 20 | 11.00 am |
| 23. സ്പിരിച്വൽ ആനിമേഷൻ സെന്റർ | സെപ്തംബർ 20 | 12.00 Noon |
| 24. സെന്റ്‌വിൻസെന്റ്ഡി പോൾ സൊസൈറ്റി | സെപ്തംബർ 21 | 10.00 am |
| 25. മേരി മാതാ മേജർ സെമിനാരി, മുളയം | സെപ്തംബർ 21 | 10.00 am |
| 26. ഹോം ഓഫ് ലൗ, മുളയം | സെപ്തംബർ 21 | 11.00 am |
| 27. മാർ കുണ്ടുകുളം, ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | സെപ്തംബർ 21 | 11.00 am |
| 28. കരുണ ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | സെപ്തംബർ 21 | 12.00 noon |
| 29. സെന്റ് മേരീസ് മൈനർ സെമിനാരി | സെപ്തംബർ 21 | 12.00 noon |
| 30. കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസി | സെപ്തംബർ 24 | 10.00 am |
| 31. കേറ്റിക്കിസം | സെപ്തംബർ 24 | 10.00 am |
| 32. കേറ്റിക്കിസം- ടെക്സ്റ്റ് ബുക്ക് അക്കൗണ്ട് | സെപ്തംബർ 24 | 11.00 am |
| 33. കേറ്റിക്കിസം ബുക്ക് സ്റ്റാൾ | സെപ്തംബർ 24 | 11.00 am |
| 34. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി | സെപ്തംബർ 24 | 12.00 noon |
| 35. ഡി.ബി.സി.എൽ.സി. | സെപ്തംബർ 24 | 12.00 noon |
| 36. ഡി.ബി.സി.എൽ.സി. ലൈബ്രറി അക്കൗണ്ട് | സെപ്തംബർ 24 | 12.00 noon |
| 37. കത്തോലിക്ക കോൺഗ്രസ് | സെപ്തംബർ 25 | 10.00 am |
| 38. കാത്തലിക് ഇൻഫർമേഷൻ സെന്റർ | സെപ്തംബർ 25 | 10.00 am |
| 39. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് | സെപ്തംബർ 25 | 11.00 am |
| 40. സി.എൽ.സി | സെപ്തംബർ 25 | 11.00 am |
| 41. അൾത്താര സംഘം | സെപ്തംബർ 25 | 11.00 am |
| 42. കെ.സി.വൈ.എം | സെപ്തംബർ 25 | 12.00 noon |
| 43. ലേ ലീഡർഷിപ്പ് | സെപ്തംബർ 25 | 12.00 noon |
| 44. ലീജിയൻ ഓഫ് മേരി | സെപ്തംബർ 26 | 10.00 am |
| 45. സോഷ്യൽ ആക്ഷൻ | സെപ്തംബർ 26 | 10.00 am |
| 46. സോഷ്യൽ വെൽഫെയർ സെന്റർ | സെപ്തംബർ 26 | 11.00 am |
| 47. സോഷ്യൽ ഹൗസിംഗ് സെന്റർ | സെപ്തംബർ 26 | 11.00 am |
| 48. സേവ് എ ഫാമിലി പ്ലാൻ | സെപ്തംബർ 26 | 12.00 noon |
| 49. സ്ലം സർവീസ് | സെപ്തംബർ 26 | 12.00 noon |
| 50. മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര | സെപ്തംബർ 27 | 10.00 am |
| 51. റീജിണൽ പാസ്റ്ററൽ സെന്റർ ചേലക്കര | സെപ്തംബർ 27 | 10.00 am |
| 52. ഫാ. തച്ചുപറമ്പിൽ ട്രസ്റ്റ്, ചേലക്കര | സെപ്തംബർ 27 | 11.00 am |
| 53. സെന്റ് ക്രിസ്റ്റീന ഹോം, പുല്ലഴി | സെപ്തംബർ 27 | 11.00 am |

| | | |
|---|---|---|
| 54. സെന്റ്ജോസഫ്സ് ഹോം, പുല്ലഴി | സെപ്തംബർ 27 | 11.00 am |
| 55. സെന്റ് ജോസഫ് ഭവൻ, പുല്ലഴി | സെപ്തംബർ 27 | 12.00 Noon |
| 56. ക്രൈസ്റ്റ് വില്ല പുവർ ഹോം,രാമവർമ്മപുരം | സെപ്തംബർ 27 | 12.00 Noon |
| 57. ആബാ റിന്യൂവൽ സെന്റർ,രാമവർമ്മപുരം | സെപ്തംബർ 28 | 10.00 am |
| 58. നെസ്റ്റ്, രാമവർമ്മപുരം | സെപ്തംബർ 28 | 10.00 am |
| 59. സെന്റ് പോൾ ഗുരുകുലം,തിരുവില്വാമല | സെപ്തംബർ 28 | 11.00 am |
| 60. പോപ്പ് പോൾ മേഴ്സി ഹോം,പെരിങ്ങണ്ടൂർ | സെപ്തംബർ 28 | 11.00 am |
| 61. മാർ കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് റിഹാബിറ്റേഷൻ സെന്റർ | സെപ്തംബർ 28 | 11.00 am |
| 62. പോപ്പ് ജോൺ പോൾ പീസ് ഹോം, പെരിങ്ങണ്ടിയൂർ | സെപ്തംബർ 28 | 12.00 Noon |
| 63. കലാസദൻ | സെപ്തംബർ 28 | 12.00 Noon |
| 64. കാത്തലിക് നേഴ്സസ് ഗിൽഡ് | ഒക്ടോബർ 1 | 10.00 am |
| 65. കാത്തലിക് സെന്റർ | ഒക്ടോബർ 1 | 10.00 am |
| 66. പാസ്റ്ററൽ സെന്റർ | ഒക്ടോബർ 1 | 11.00 am |
| 67. സാവിയോ ഹോം, മനക്കൊടി | ഒക്ടോബർ 1 | 11.00 am |
| 68. പബ്ലിക് റിലേഷൻസ്ഹ്രയോമീഡിയ | ഒക്ടോബർ 1 | 12.00 Noon |
| 69. എക്സൽ അക്കാദമി | ഒക്ടോബർ 1 | 12.00 Noon |
| 70. എം.ഐ. ഹോസ്പിറ്റൽ, ഏങ്ങണ്ടിയൂർ | ഒക്ടോബർ 2 | 10.00 am |
| 71. എം.ഐ. ഹോസ്പിറ്റൽ നേഴ്സിംഗ് സ്കൂൾ, ഏങ്ങണ്ടിയൂർ | ഒക്ടോബർ 2 | 10.00 am |
| 72. സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുരിയച്ചിറ | ഒക്ടോബർ 2 | 11.00 am |
| 73. ടി.ടി.ഐ., കുരിയച്ചിറ | ഒക്ടോബർ 2 | 11.00 am |
| 74. ഐ.സി.എസ്.ഇ.സ്കൂൾ, കുരിയച്ചിറ | ഒക്ടോബർ 2 | 12.00 Noon |
| 75. മദ്യവിരുദ്ധ സമിതി(ടെമ്പറൻസ് മൂവ്മെന്റ്) | ഒക്ടോബർ 2 | 12.00 Noon |
| 76. കരിസ്മാറ്റിക് മൂവ്മെന്റ് | ഒക്ടോബർ 3 | 10.00 am |
| 77. ഹോളി ക്രോസ് സി.ബി.എസ്.ഇ.സ്കൂൾ, ആർത്താറ്റ് | ഒക്ടോബർ 3 | 10.00 am |
| 78. പഴുവിൽ ധ്യാനകേന്ദ്രം | ഒക്ടോബർ 3 | 11.00 am |
| 79. ജോതി എഞ്ചിനിയറിംഗ് കോളേജ്, ചെറുതുരുത്തി | ഒക്ടോബർ 3 | 11.00 am |
| 80. സെന്റ് ജോർജ്ജ് ഹോസ്റ്റൽ | ഒക്ടോബർ 3 | 11.00 am |
| 81. സെന്റ് തോമാസ് ഹോസ്റ്റൽ | ഒക്ടോബർ 3 | 12.00 Noon |
| 82. സെന്റ് തോമാസ് കോളേജ് | ഒക്ടോബർ 4 | 10.00 am |
| 83 സെന്റ് തോമാസ് എജുക്കേഷൻ സെന്റർ | ഒക്ടോബർ 4 | 10.00 am |

**2. സീറോ മലബാർ സഭാദിനം**

സിറോ മലബാർ സഭാദിനത്തിൽ(ജൂലൈ 3ന്) വി. കുർബാന മധ്യേയെടുത്ത പ്രത്യക പിരിവ് കാക്കനാട് ശ്രേഷ്ഠ മെത്രാപ്പോലീത്തൻ സാമ്പത്തിക കാര്യാലയത്തിലേക്ക് അയച്ചു കൊടുക്കുവാനായി, ജൂലൈ 20ന് മുമ്പ് അതിരൂപതാ സാമ്പത്തികകാര്യാല യത്തിൽ ഏൽപ്പിക്കുവാൻ 2018 ജൂലൈ മാസത്തെ അതിരൂപത ബുളറ്റിനിൽ പറഞ്ഞി രുന്നു. ഇനിയും ഈ തുക അടക്കാത്ത പള്ളികൾ എത്രയും വേഗം അടക്കേണ്ടതാണ്.

3. **ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

1. ഭവന നിർമ്മാണം - 20000

4. **മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

1. മുണ്ടൂർ - 5000

5. **അതിരൂപത സഹായ ഫണ്ട്**

1. വിവാഹം - 47000
2. ചികിത്സ - 36250
3. ഭവന നിർമ്മാണം - 4500
4. വിദ്യാഭ്യാസം - 1500

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

**ഫാ. ഡിറ്റോ കൂള**
അസി. ഫൈനാൻസ് ഓഫീസർ




# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ഫ്രാൻസിസ് ആളൂർ | 02 |
| ഫാ. ജോജു ആളൂർ | 02 |
| ഫാ. വിൽസൺ പിടിയത്ത് | 03 |
| ഫാ. പോൾസൺ തട്ടിൽ | 03 |
| ഫാ. ജോൺസൻ അന്തിക്കാടൻ | 03 |
| ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ | 05 |
| ഫാ. ഡേവിഡ് നെറ്റിക്കാടൻ | 05 |
| ഫാ. ജിന്റോ പെരേപ്പാടൻ | 06 |
| ഫാ. ജെയ്സൻ പുന്നാശ്ശേരി | 07 |
| ഫാ. സിന്റോ കരേപറമ്പൻ | 09 |
| ഫാ. വിൽസൻ കണ്ണനായ്ക്കൽ | 10 |
| ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ | 11 |
| ഫാ. ചാക്കോ ചെറുവത്തൂർ | 11 |
| ഫാ. ഫെക്സിൻ കൂത്തൂർ | 11 |
| ഫാ. അനീഷ് ചിറ്റിലപ്പിള്ളി | 12 |
| ഫാ. ജോൺസൻ ഊക്കൻ | 12 |
| ഫാ. ലിജോ ചിറ്റിലപ്പിള്ളി | 13 |
| ഫാ. ഷിജോ മാപ്രാണത്തുക്കാരൻ | 14 |
| ഫാ. സൈമൺ തേർമഠം | 14 |
| ഫാ. ജോർജ്ജ് ചിറമ്മൽ | 16 |
| ഫാ. ജോൺസൻ കുണ്ടുകുളം | 17 |
| ഫാ. ജോസ് വള്ളൂരാൻ | 17 |
| ഫാ. ഷാജു ഊക്കൻ | 18 |
| ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് | 18 |
| ഫാ. ജെയ്സൻ തെക്കുംപുറം | 20 |
| ഫാ. റാഫേൽ താണിശ്ശേരി | 22 |
| ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | 22 |
| ഫാ. ജേക്കബ് ചെറയത്ത് | 22 |
| ഫാ. സോളി തട്ടിൽ | 23 |
| ഫാ. ജെയ്സൻ കൂനംപ്ലാക്കൽ | 25 |
| ഫാ. ജേക്കബ് തൈക്കാട്ടിൽ | 25 |
| ഫാ. ജോസ് ജൂനിയർ കോനിക്കര | 25 |
| ഫാ. റോയ് ജോസഫ് വടക്കൻ | 26 |
| ഫാ. ജോൺസൻ അന്തിക്കാട്ട് | 26 |
| ഫാ. ആന്റോ ചിരിയങ്കണ്ടത്ത് | 27 |
| ഫാ. പോൾ കള്ളിക്കാടൻ | 27 |
| ഫാ. സേവിയർ പാണേങ്ങാടൻ | 28 |
| ഫാ. ജോൺസൻ ഒലക്കേങ്കിൽ | 29 |
| ഫാ. ചാക്കോ ചിറമ്മൽ | 30 |

## നാമഹേതുകതിരുനാൾ

| | | | |
|---|---|---|---|
| ഫാ. ജോൺ ചെമ്മണ്ണൂർ | 04 | ഫാ. ബർണാർഡ് തട്ടിൽ | 20 |
| ഫാ. ജോൺ അയ്യങ്കാനയിൽ | 04 | ഫാ. ഡേവിസ് ചിറമ്മൽ സീനയർ | 21 |
| ഫാ. ജോൺസൻ കുണ്ടുകുളം | 04 | ഫാ. അഗസ്റ്റിൻ മംഗലം | 28 |
| ഫാ. ലോറൻസ് ഒലക്കേങ്കിൽ | 10 | ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ | 28 |
| ഫാ. ജിബി വാഴപ്പിള്ളി | 10 | ഫാ. ജോൺസൻ ഊക്കൻ | 29 |
| ഫാ. ലോറൻസ് തൈക്കാട്ടിൽ | 10 | | |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. പൗലോസ് എടശ്ശേരി | 26-08-1891 |
| ഫാ. വർഗ്ഗീസ് മുത്തേടൻ | 17-08-1903 |
| ഫാ. സെബാസ്റ്റ്യൻ ചിറമ്മൽ അവറാൻ | 15-08-1917 |
| മോൺ. ജോൺ പാലോക്കാരൻ | 19-08-1948 |
| ഫാ. ജോർജ്ജ് തൈവളപ്പിൽ | 15-08-1950 |
| ഫാ. ജോസ് പറമ്പൻ സീനിയർ | 17-08-1954 |
| ഫാ. ജേക്കബ് പനക്കൽ | 04-08-1955 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 07-08-1955 |
| ഫാ. ജോർജ്ജ് പാനികുളം | 14-08-1957 |
| ഫാ. ആൻഡ്രൂസ് ചൊവ്വല്ലൂർ | 21-08-1961 |
| ഫാ. ജോൺ ചിറമ്മൽ സീനിയർ | 03-08-1968 |
| ഫാ. ജോർജ്ജ് മാളിയേക്കൽ സീനിയർ | 27-08-1968 |
| ഫാ. ജോസഫ് തറയിൽ | 11-08-1969 |
| ഫാ. ജേക്കബ് ആളൂർ | 11-08-1975 |
| ഫാ. ജോസഫ് ചക്കാലമറ്റം | 25-08-1978 |
| ഫാ. ജേക്കബ് വടാശ്ശേരി | 26-08-1978 |
| ഫാ. ജോസഫ് പുളിക്കൻ | 09-08-1979 |
| ഫാ. ജോസഫ് തോട്ടുങ്കൽ | 12-08-1988 |
| ഫാ. ജോർജ്ജ് ആലങ്ങാടൻ | 30-08-1994 |
| ഫാ. ജേക്കബ് ചാലക്കൽ | 08-08-2001 |
| ഫാ. പോൾ പൂവ്വത്തിങ്കൽ | 13-08-2005 |
| ഫാ. പോൾ അരിക്കാട്ട് | 16-08-2005 |
| ഫാ. ആന്റണി പൊറത്തൂർ | 04-08-2007 |
| ഫാ. ബാബു ചേലപ്പാടൻ | 12-08-2017 |



## സന്യസ്തർ

സി. ആർ. ഐ. വാർത്തകൾ

1.6.2018–എഫ്. സി. സി. ആദ്യവ്രതവാഗ്ദാനത്തിനൊരുക്കമായി കറുകിടത്തെ ലവേർണാ റിട്രീറ്റ് സെന്ററിൽ വെച്ച് നടക്കുന്ന 30 ദിവസ ധ്യാനത്തിൽ രണ്ടാം വർഷ നോവീസസ് സംബന്ധിച്ചു.

–സി.എസ്.എം ജൂനിയർ സിസ്റ്റേഴ്സ് മുളയം മേജർ സെമിനാരിയിൽ 6 മാസത്തെ തിയോളജി പഠിക്കുന്നു.

2.6.2018–സി.എം.സി. സുവർണ്ണ ജൂബിലിക്ക് ഒരുങ്ങുന്ന സിസ്റ്റേഴ്സിന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് Fr.Davis Peramangalam OFM ന്റെ നേതൃത്വത്തിൽ ഒരു ദിവസത്തെ ക്ലാസ്സ് നൽകി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജ ഇവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തു.

3.6.2018–എഫ്. സി. സി. 2018 ജൂൺ 3–ാം തീയതി ഞായറാഴ്ച രാവിലെ 10 am മുതൽ 4 pm വരെ അസ്സീസിയിൽ വെച്ച് നടന്ന FCC Health Care Fraternity മീറ്റിംഗിൽ ആതുരശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സിസ്റ്റേഴ്സും സംബന്ധിച്ചു.

–സി.എസ്.എം – ഈ വർഷം ആദ്യവ്രതവാഗ്ദാനം ചെയ്ത സിസ്റ്റേഴ്സിന് പ്രൊവിൻഷ്യൽ ഹൗസിൽ സ്വീകരണം നൽകി. ബ.ഫാ.സ്ററിഷിൻ കുണ്ടുകുളത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയിലും സ്നേഹവിരുന്നിലും പ്രോവിൻസിലെ വിവിധ കോൺവെന്റുകളിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു.

4.6.2018–എഫ്. സി. സി. ജൂൺ 4, 5 തീയതികളിൽ കാക്കനാട് വെച്ച് നടന്ന മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. റോസ് അനിത സംബന്ധിച്ചു.

7.6.2018- സി.എച്ച്.എഫ് – വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ നവനാൾ നൊവേന നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി.സിസ്റേറഴ്സും ഇടവകജനങ്ങളും നൊവേനയിൽ പങ്കുകൊണ്ടു.

8.6.2018– സി.എം.സി. ഈശോയുടെ തിരുഹൃദയ തിരുനാളായ ഇന്ന് എട്ട് പേർ കാർമ്മൽ മൗണ്ട് കോൺവെന്റ് മുള്ളൂർക്കരയിൽ കാൻഡിഡസിയിൽ പ്രവേശിച്ചു.

9.6.2018– എഫ്. സി. സി. പ്രോവിൻസിലെ ഓരോ ഭവനത്തിലും ജൂൺ 9–ാം തീയതി പരിഹാരദിനം ആചരിച്ചു.

15.6.2018–എഫ്. സി. സി. ജൂൺ 15–ാം തീയതി 2 pm ന് അസ്സീസിയിൽ വെച്ച് നട ന്ന മീറ്റിംഗിൽ അസ്സീസി പ്രോവിൻസിന്റെ കീഴിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പ്രിൻസിപ്പൽമാർ, ഹെഡ്മിസ്ട്രസ്സുമാർ തുടങ്ങി എല്ലാ അധ്യാപക അനധ്യാപക സിസ്റ്റേഴ്സും സംബന്ധിക്കുകയുണ്ടായി.

-സി.എച്ച്.എഫ് – നവജ്യോതി പ്രൊവിൻസിന് കീഴിലുള്ള വിവിധസ്ക്കൂളുകളിലെ സിസ്ററർ സ്ററാഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ ഒരുമിച്ചുകൂടി.റവ.ഫാ.ജോസൻ പടിക്കലയും ജനറൽ കൗൺസിലർ സി.ആനി കുര്യിക്കോസും ക്ലാസ്സെടുത്തു.വിവധ മത്സരങ്ങളിൽ ജേതാക്കളായകുട്ടികൾക്കും 100%വിജയം കൈവരിച്ച സ്ക്കൂളുകൾക്കും സി. പ്രൊവിൻഷ്യൽപാരിതോഷികങ്ങൾ നല്കി.

16.6.2018-സി.എം.സി. സുപ്പീരിയേഴ്സിന് ഒരു ദിവസത്തെ കോൺഫ്രൻസ് കോലഴി പ്രൊവിൻഷ്യൽ നടത്തി. Fr.Davis Peramangalam OFM ,സി.ഫിലമിൻ സി.എം.സി. എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി

20.6.2018-സി.എം.സി. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽവച്ച് ആഘോഷമായ 13 മണിക്കൂർ ആരാധന നടത്തി.

22.6.2018–സി. എച്ച്. എഫ് – നവജ്യോതി പ്രൊവിൻസിന്റെ കീഴിലുള്ള എല്ലാ വനങ്ങളിലേയും സുപ്പീരിയേഴ്സിന്റെ കോൺഫറൻസ് 22/06/18 മുതൽ23/06/18 വരെ നടത്തപ്പെട്ടു.

23.6.2018–സി.എം.സി. ദൈവം നല്കിയ ഉൾവിളിക്ക്പ്രത്യുത്തരമേകിക്കൊണ്ട് സി.എസ്തേർ മരിയ കറുകുറ്റി സാൻജോ വനിൽ ഔദ്യോഗികമായി ക്ലോയ്സ്റ്ററിൽ പ്രവേശിച്ചു. ഈ തിരുകർമ്മത്തിൽ പ്രൊവിൻഷ്യൽ കൗൺസിലും ധാരാളം സിസ്റ്റേഴ്സും പങ്കെടുത്ത് സിസ്റ്ററിന് പ്രാർത്ഥനാശംസകൾ നേർന്നു.

-എഫ്. സി. സി. ജൂൺ മാസത്തിലെ ഉപവാസപ്രാർത്ഥനാസമ്മേളനം കുട്ടംകുളം ആബ്ബാ മഠത്തിൽ വെച്ച് നടന്നു.

24.6.2018 എഫ്. സി. സി. മുട്ടുച്ചിറയിൽ വെച്ച് ജൂൺ 24 മുതൽ നടന്ന ധ്യാനത്തിൽ റിട്ടയർ ചെയ്ത സിസ്റ്റേഴ്സ് സംബന്ധിച്ചു.

29.6.2018 എഫ്. സി. സി. 2018 ജൂൺ 29 മുതൽ ജൂലൈ 1 വരെ തീയതികളിൽ ലോക്കൽ സുപ്പീരിയേഴ്സ് കോൺഫറൻസ് അസ്സീസിയിൽ വെച്ച് നടന്നു.

30.6.2018 സി.എച്ച്.എഫ് – നവജ്യോതി പ്രൊവിൻസിലെ വൊക്കേഷൻ ബ്യൂറോയുടെ മീററിങ്ങും കുട്ടികളെ ധാർമ്മിക മൂല്യങ്ങളിൽ വളർത്തുന്നതിന് മറിയം ത്രേസ്യ ബഡ്സിന്റെ ആനിമേറേറഴ്സിന്റെ മീററിങ്ങും പ്രൊവിൻഷ്യൽഹൗസിൽ നടത്തി.

–സി.എം.സി. വിശ്വാസ രൂപീകരണ രംഗത്ത് പ്രവർത്തിക്കുന്ന CMC Associates,Nazarath Forum, Judith Forum എന്നിവർക്കായി വിശ്വാസ രൂപീകരണത്തിൽ സ്ത്രീകൾക്കുള്ള പങ്ക് എന്ന വിഷയത്തിൽ ഒരു ദിവസത്തെ സെമിനാർ തൃശ്ശൂർ സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് CET (Central Evangelization Team) കാരുടെ നേതൃത്വത്തിൽ നടത്തി. ഏകദേശം 350 പേർ ഇതിൽ പങ്കെടുത്തു.

## ആദരാഞ്ജലികൾ



**5.5.2018** സി.എം.സി. നടത്തറ ദിവ്യ രക്ഷകൻ ഭവനാംഗമായ സി. റെമഡിയ നിര്യാതയായി. വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ യുടെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



**4.6.2018** സി.എം.സി. കുരിയച്ചിറ സെന്റ് പോൾസ് ഭവനാംഗമായ സി. ക്രൂസിഫിക്സ് നിര്യാതയായി. വികാരി ജനറാൾ മോൺ.ജോർജ്ജ് കോമ്പാറ യുടെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും സെന്റ് ആൻസ് മഠം കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



**09.06.2018** സി.എം.സി. ഒല്ലൂർ സെന്റ് മേരീസ് ഭവനാംഗമായ സി. സെർവീസ്യ നിത്യസമ്മാന ത്തിനായി വിളിക്കപ്പെട്ടു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ

മുഖ്യകാർമ്മികത്വത്തിൽ മൃത സംസ്കാര കർമ്മ ങ്ങൾ നിർവഹിക്കുകയും ഒല്ലൂർ സെന്റ് മേരീസ് മഠം കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



9.6.2018 സി.എം.സി. തൃശ്ശൂർ സെന്റ് ആൻസ് ഭവ നാംഗമായ സി. സാൽവീന നിര്യാതയായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മ ങ്ങൾ നിർവഹിക്കുകയും സെന്റ് ആൻസ് മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



24/06/18 സി.എച്ച്.എഫ് ഒളരിക്കര ഹോളി ഫാമിലി കോൺവെന്റ് അംഗമായ സി.ആനീസ് ജോൺ നിര്യാതയായി.സംസ്ക്കാരകർമ്മം 25/06/2018 ന് ഒളരി ഹോളി ഫാമിലി മഠം കപ്പേളയിൽ നടത്തി.

**സി. നമിത റോസ് സി.എം.സി**
സി.ആർ. ഐ. സെക്രട്ടറി

# 17-ാം പാസ്റ്ററൽ കൗൺസിൽ അഞ്ചാം യോഗറിപ്പോർട്ട്

## 09.06.2018

പതിനേഴാം പാസ്റ്ററൽ കൗൺസിലിന്റെ അഞ്ചാമത് യോഗം 2018 ജൂൺ 9ന് ശനിയാഴ്ച, ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടന്നു. രജിസ്ട്രേഷനുശേഷം രാവിലെ 10 മണിയോടെ ആരംഭിച്ച യോഗത്തിന് അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ സ്വാഗതമാശംസിച്ചു. മെയ് മാസത്തിൽ നടന്ന മൂന്നാമതു അതിരൂപത അസംബ്ലിയുടെ വിജയത്തിന് സഹകരിച്ച ഏവർക്കും നന്ദി പറഞ്ഞ അഭിവന്ദ്യ പിതാവ് PACTന്റെ തുടർപ്രവർത്തനങ്ങൾക്ക് പാസ്റ്ററൽ കൗൺസിലിന്റെ പിന്തുണയും അഭ്യർത്ഥിച്ചു. പാസ്റ്ററൽ കൗൺസിൽ ജന. സെക്രട്ടറി റവ. ഫാ. മാത്യു കുറ്റിക്കോട്ടയിൽ യോഗനടപടികൾ വിശദീകരിച്ചു. തുടർന്ന് ജോ. സെക്രട്ടറി ഡോ. ഡെയ്സൻ പാണേങ്ങാടൻ അവതരിപ്പിച്ച റിപ്പോർട്ട് യോഗം പാസ്സാക്കി. പിന്നീട് മൂന്നാം അതിരൂപതാ അസംബ്ലിയുടെ വിവിധ വിഷയങ്ങൾ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ അവതരിപ്പിച്ചു. വിശ്വാസജീവിതവും കുടുംബജീവിതവും എന്ന വിഷയം സി. റോസ് അനിത എഫ്. സി. സി. യും യുവജനപ്രേഷിതത്വം എന്ന വിഷയം ശ്രീ. ഡിൽജോ തരകനും കുടുംബത്തിന്റെ രൂപീകരണവും വളർച്ചയും എന്ന വിഷയം ശ്രീമതി ബീന ജോഷിയും കുടുംബവും സാമൂഹ്യ പ്രതിബദ്ധതയും എന്ന വിഷയം ശ്രീ. പി. ഐ. ലാസർ മാസ്റ്ററും ദൈവവിളി എന്ന വിഷയം ഫാ. ജോൺ അയ്യങ്കാനയിലും അവതരിപ്പിച്ചു.

ഇടവേളയ്ക്കുശേഷം മൂന്നാം അതിരൂപത അസംബ്ലി സെക്രട്ടറിയായ ഫാ. സൈജോ തൈക്കാട്ടിൽ PACTന്റെ ഘടനയെ സംബന്ധിച്ചും അതിരൂപത അസംബ്ലിയുടെ തുടർപ്രവർത്തനങ്ങൾ ഇടവക-ഫൊറോന-അതിരൂപതാ തലങ്ങളിലെ പാസ്റ്ററൽ ആനിമേഷൻ & കോർഡിനേഷൻ ടീമിലൂടെ നടപ്പിലാക്കാവുന്നതിന്റെ സാധ്യതകൾ സംബന്ധിച്ചും വിഷയാവതരണം നടത്തി. ഇടവക-ഫൊറോന-അതിരൂപതാ തലങ്ങളിലും പങ്കാളിത്ത അജപാലനശൈലി കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയും ഇടവകതലപ്രവർത്തനങ്ങളിലെ തുടർച്ച, ഈ പങ്കാളിത്തശൈലിയിലൂടെ ഉണ്ടാക്കിയെടുക്കാവുന്ന സാധ്യതകൾ സംബന്ധിച്ചും അച്ചൻ വിശദീകരിച്ചു. ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട സംശയനിവാരണങ്ങൾക്കും നിർദ്ദേശങ്ങൾക്കുമൊടുവിൽ, PACTന്റെ നിയമനപത്രിക അതിരൂപതാ ചാൻസലർ വായിച്ച് ബന്ധപ്പെട്ടവർക്കു കൈമാറി.

തുടർന്നു നടന്ന ശൂന്യവേളയിൽ കേരള വിദ്യാഭ്യാസ ചട്ടത്തിലെ ഭേദഗതികളിലെ ആശങ്കകളും ആലഞ്ചേരി പിതാവിനെ അധിക്ഷേപിക്കുന്ന തരത്തിലുണ്ടായ ചില സംഘടനകളുടെ സമീപകാലചെയ്തികളും മാർ തോമാശ്ലീഹായുടെ ഭാരതത്തി

ലേക്കുള്ള വരവുമായി ബന്ധപ്പെട്ടു നിലനിൽക്കുന്ന വിവാദങ്ങളും, പ്ലസ് വൺ അഡ്മിഷനിൽ ന്യൂനപക്ഷ മാനേജുമെന്റുകൾക്ക് മാനേജ്മെന്റ് ക്വാട്ട പ്രവേശനത്തിന് വേണ്ടത്ര സമയം കിട്ടാത്ത സാഹചര്യവും അന്യസംസ്ഥാന തൊഴിലാളികൾക്ക് ഹിന്ദിയിലും തമിഴിലും ദിവ്യബലി യൊരുക്കേണ്ടതിന്റെ ആവശ്യക തയും പങ്കുവയ്ക്കപ്പെട്ടു.

പിന്നീട് അതിരൂപതാധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് ശൂന്യവേള യിലെ ചോദ്യങ്ങൾക്കു മറുപടി നൽകി. പാലയൂർ തീർത്ഥാടനം, മൂന്നാം അതിരൂപതാ അസംബ്ലി, അതിരൂപതാദിനം എന്നിവ വിജയപ്ര ദമാക്കുന്നതിനു സഹകരിച്ചു ഏവർക്കും അഭിവന്ദ്യപിതാവ് നന്ദി പറഞ്ഞു. അതിരൂപതാദിനാഘോഷ പരിപാടികളിൽ കൂടുതൽ ആളുകളു ടെ, പ്രത്യേകിച്ച് പ്രാതിനിധ്യസ്വഭാവ മുള്ളവരുടെ സാന്നിധ്യം ഉറപ്പുവരു ത്താൻ സംഘാടകർ ശ്രദ്ധിക്കണ മെന്ന് അഭിവന്ദ്യപിതാവ് ഓർമ്മിപ്പിച്ചു. സുറിയാനി കത്തോലിക്കാസഭ കട ന്നുപോകുന്ന പ്രതിസന്ധിയിൽ സഭ യ്ക്കൊപ്പവും മേജർ ആർച്ച്ബിഷപ്പി നൊപ്പവും പ്രാർത്ഥനയോടെ പങ്കു ചേരാൻ അഭിവന്ദ്യപിതാവ് പാസ്റ്ററൽ കൗൺസിൽ അംഗങ്ങളോട് ആഹ്വാനം ചെയ്തു. മാർത്തോമാശ്ലീ ഹായുടെ ഭാരതസന്ദർശനത്തോടനു ബന്ധിച്ചുള്ള വിവാദങ്ങളിലും വിദ്യാ ഭ്യാസമേഖലയിൽ സ്വകാര്യമാനേജു മെന്റുകൾക്കെതിരെയുള്ള നീക്കങ്ങ ളിലും ആശങ്ക പ്രകടിപ്പിച്ച അഭിവന്ദ്യ പിതാവ് സമുദായസംഗമം വിജയിപ്പി ക്കാൻ നേതൃത്വം നൽകിയ സംഘാ ടകസമിതിയ്ക്ക് അഭിനന്ദനങ്ങൾ നേർന്നു. പാസ്റ്ററൽ കൗൺസിലി ന്റെയും വൈദികസമിതിയുടെയും സുവർണ്ണ ജൂബിലി മേഖലാതല ത്തിൽ 2018 നവംബർ 17ന് ഡി. ബി. സി. എൽ. സി. യിൽ സംഘടിപ്പി ക്കുന്ന വിവരം അഭിവന്ദ്യപിതാവ് യോഗത്തെ അറിയിക്കുകയുണ്ടായി. അജണ്ട കമ്മറ്റിയംഗമായ ബ്ര. ജോസ് ചുങ്കത്ത് എം. എം. ബി. യുടെ ഒഴി വിലേക്ക് എം. എം. ബി. യുടെ പുതിയ പ്രോവിൻഷ്യൽ ബ്ര. സാവിയോ ഒലക്കേങ്കിലിനെ തെര ഞ്ഞെടുത്തു. പ്രൊഫ. കെ. എം. ഫ്രാൻസിസ് അനുവാദകനായുള്ള ന്യൂനപക്ഷ വിദ്യാഭ്യാസ അവകാശ ങ്ങളുടെ നിഷേധത്തിനും വിദ്യാഭ്യാ സചട്ടങ്ങളിലെ ഭേദഗതികൾക്കും എതിരെയുള്ള പ്രമേയം ശ്രീ. ജോഷി വടക്കൻ അവതരിപ്പിച്ചു. പ്രമേയം ഐക്യകണ്ഠേന പാസ്സാക്കി. ന്യൂന പക്ഷവിദ്യാഭ്യാസ സ്ഥാപനങ്ങളെ ദോഷകരമായി ബാധിക്കുന്ന ഇന്നത്തെ നടപടികൾ പിൻവലിക്കണ മെന്നു യോഗം സർക്കാരിനോട് ആവ ശ്യപ്പെട്ടു. മൂന്നാം അതിരൂപതാ അസംബ്ലിയുടെ നിർദ്ദേശങ്ങളടങ്ങിയ ഫയൽ, അസംബ്ലി സെക്രട്ടേറിയറ്റ് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് കൈമാറി.

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന യോഗത്തിനു നന്ദി പറഞ്ഞു. പ്രാർത്ഥനക്കുശേഷം ഉച്ചഭക്ഷണത്തോടെ യോഗം സമാപി ക്കുകയും ചെയ്തു.

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ജനറൽ സെക്രട്ടറി,
പാസ്റ്ററൽ കൗൺസിൽ

## 17–ാം പാസ്റ്ററൽ കൗൺസിൽ ആറാം യോഗം
## 2018 സെപ്തംബർ 8, ശനി, ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ

പാസ്റ്ററൽ കൗൺസിലിന്റെ അടുത്ത സാധാരണയോഗം 2018 സെപ്തംബർ 8, ശനി, ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് രാവിലെ 9:30 മുതൽ നടത്തുന്നു. എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

### ചർച്ചാവിഷയം : 'ആനന്ദിച്ചാഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക പ്രബോധനം

'ആനന്ദിച്ചാഹ്ലാദിക്കുവിൻ' എന്ന ഫ്രാൻസിസ് മാർപ്പാപ്പയുടെ അപ്പസ്തോലിക ആഹ്വാനം ലളിതവും സുഗ്രാഹ്യവുമായ ഭാഷയിൽ ഇക്കാലഘട്ടത്തിൽ വിശുദ്ധിയിലേക്കുള്ള വിളിക്ക് എങ്ങനെ പ്രായോഗികമായ രീതിയിൽ പ്രത്യുത്തരം നൽകാം എന്ന് നമ്മെ പഠിപ്പിക്കുന്നു. പരി.പിതാവിന്റെ ഈ ആഹ്വാനത്തിന്റെ വെളിച്ചത്തിൽ നമ്മുടെ ജീവിതസാഹചര്യങ്ങളെ എങ്ങനെ കൂടുതൽ വിശുദ്ധിയുള്ളതും മെച്ചപ്പെട്ടതുമാക്കി മാറ്റാൻ സാധിക്കും എന്നതാണ് അടുത്ത പാസ്റ്ററൽ കൗൺസിലിന്റെ ചർച്ചാവിഷയം. താഴെ കൊടുത്തിരിക്കുന്ന ചോദ്യാവലി ഫൊറോനകൗൺസിൽ, പ്രതിനിധിയോഗം മുതലായ സമിതികളിൽ ചർച്ച ചെയ്ത് അതിന്റെ റിപ്പോർട്ട് ആഗസ്റ്റ് 30നു മുമ്പായി പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറിയെ ഏല്പിക്കുമല്ലോ.

1. വിശുദ്ധിയിലേക്കുള്ള വിളിയിൽ ഇന്നു നാം നേരിടുന്ന കാലികമായ വെല്ലുവിളികൾ ഏവ? (3)
   1. വിശുദ്ധിയിലേക്കുള്ള വിളി: ആത്മീയരംഗങ്ങളിലുള്ള അജപാലനപരമായ വെല്ലുവിളികളും സാധ്യതകളും
   2. വിശുദ്ധിയിലേക്കുള്ള വിളി: രാഷ്ട്രീയ–സാമൂഹിക മണ്ഡലങ്ങളിലെ വെല്ലുവിളികളും സാധ്യതകളും
   3. വിശുദ്ധിയിലേക്കുള്ള വിളി: സാംസ്കാരികമേഖലകളിലെ വെല്ലുവിളികളും സാധ്യതകളും
2. വിശുദ്ധപദവി – ധീരതയുടെ അടയാളമാണോ ? (5)
3. കത്തോലിക്കാസഭയുടെ പുറത്ത് സഭയ്ക്ക് വിശുദ്ധിയുടെ സാധ്യതകൾ എപ്രകാരമാണ്?
4. സ്വന്തം രീതിയിൽ ഓരോ വ്യക്തിയ്ക്കും എങ്ങനെ വിശുദ്ധി നേടാനാകും? (11)
5. കൂടുതൽ സമയം പ്രാർത്ഥനക്കായി ചെലവഴിക്കാൻ സാധാരണ കർമ്മങ്ങളിൽ നിന്ന് മാറി നില്ക്കുന്നതാണോ വിശുദ്ധി? (14)
6. പൂർണ്ണമായും ജീവിക്കപ്പെടുന്ന പരസ്നേഹമാണ് വിശുദ്ധി എന്ന മാർപ്പാപ്പയുടെ പ്രസ്താവനയെ എങ്ങനെ നമ്മുടെ ജീവിതവുമായി അനുബന്ധിപ്പിക്കാം? (25)
7. ജീവിതത്തിന് ഒരു ദൗത്യമുണ്ട് എന്നല്ല ജീവിതം തന്നെ ഒരു ദൗത്യമാണ് (27)



# പാലയൂർ തീർഥകേന്ദ്രം

1. ജൂലൈ 3ന് ദുക്റാന ഊട്ടുതിരുന്നാളിന് മാർ ആൻഡ്രൂസ് താഴത്ത് മെത്രാപോലീത്ത മുഖ്യകാർമ്മികത്വം വഹിച്ചു. നേർച്ചയൂട്ടിൽ രൂപ തയ്ക്കകത്തുനിന്നും പുറത്തുനിന്നുമായി പതിനായിരങ്ങൾ പങ്കെടു ത്തു. എല്ലാ സമയത്തുമുണ്ടായ വി.കുർബ്ബാനക്കും തിരുകർമ്മ ങ്ങൾക്കും ധാരാളം പേർ പങ്കാളികളായി അനുഗ്രഹിതരായി.
2. ജൂലൈ 2 മുതൽ 16 വരെയുള്ള ദിവസങ്ങളിൽ ധാരാളം പേർ കുമ്പ സാര സൗകര്യം ഉപയോഗപ്പെടുത്തി വിശ്വാസ കവാടത്തിലൂടെ പ്രവേശിച്ച് ദണ്ഡവിമോചനം പ്രാപിക്കുകയുണ്ടായി.
3. ദുക്റാന തിരുനാൾ ദിനത്തിൽ കൊടികയറുകയും നൊവേന ദിന ങ്ങൾ ആരംഭിക്കുകയും ചെയ്ത തർപ്പണ തിരുനാൾ 16–ാം തീയ്യതി സമാപിച്ചു. മാർ. ടോണി നീലങ്കാവിൽ പിതാവ് മുഖ്യ കാർമ്മികത്വം വഹിച്ചു. തളിയക്കുളത്തിലെ ആഘോഷമായ മാമോദീസയ്ക്ക് 21 കുട്ടികളാണ് ഉണ്ടായിരുന്നത്.
4. മാർതോമ മക്കൾ സംഗമവും (തളിയക്കുളത്തിൽ മാമോദീസ മുങ്ങിയ വരുടെ സംഗമവും – വ്രത – സമർപ്പണ നവീകരണവും) അരങ്ങേറ്റ മഹോത്സവവും (പാലയൂരിനു പുറമെ, 11 ഇടവകകളിൽ നിന്നുള്ള വരും അകത്തോലിക്കരും പങ്കെടുത്തു.) മനോഹരമായി.
5. ഓരോ ദിവസവും സമർപ്പിതർ, നേതൃസ്ഥാനീയർ, കലാ സാഹിത്യപ്രവർത്ത കർ, രോഗികളും മുതിർന്നവരും , ദമ്പതികൾ,



യുവജനങ്ങൾ, കുട്ടികൾ, ആഘോഷകമ്മറ്റി അംഗങ്ങൾ, വിധവകൾ, വിഭാര്യർ, ഏകസ്ഥർ എന്നിവർക്കുവേണ്ടി പ്രത്യേക ശുശ്രൂഷകളും കൈവയ്പ്പു പ്രാർത്ഥനയും മറ്റു തിരുകർമ്മങ്ങളും ഉണ്ടായി.

പ്രദക്ഷിണങ്ങളും അമ്പ്, വള, കുന്തം, എഴുന്നള്ളിപ്പുകളും, വാഹനങ്ങളുടെ വെഞ്ചിരിപ്പും നടന്നു. വർണ്ണമഴയും ബാന്റ് മേളവും വൈദ്യുത ദീപാലങ്കാരവും കണ്ണും കാതും കുളിർപ്പിച്ചു.

വിവിധ ദിവസങ്ങളിൽ എൽ.എഫ്.ഹയർസെക്കൻഡറി സ്കൂൾ, എൽ.എഫ്(നസ്രറത്ത്) കോൺവെന്റ് യു.പി.സ്കൂൾ,എൽ.എഫ്.സി. ഹൈസ്കൂൾ(മമ്മിയൂർ), സെന്റ് ആന്റണീസ് സി.യു.പി സ്കൂൾ പാലുവായ്, സെന്റ് തോമസ് എൽ.പി.സ്കൂൾ പാലയൂർ, ഭക്തസംഘടനകൾ, കൂട്ടായ്മ യൂണിറ്റുകൾ എന്നിവരുടെ കലാപരിപാടികളും മാജിക് ഷോയും നാടകവും കലാസാംസ്കാരിക വളർച്ചക്ക് നിദാനമായി.

6. മുപ്പിട്ടു ഞായർ തിരുനാൾ ആഗസ്റ്റ് 11,12 തീയ്യതികളിൽ – തളിയക്കുളത്തിൽ ആഘോഷമായ മാമോദീസ ആഗസ്റ്റ് 12–ാം തീയ്യതി, ആഗസ്റ്റ് 3ന് മുമ്പ് ബുക്ക് ചെയ്യേണ്ടതാണ്.

   കുട്ടികൾക്കുള്ള ആദ്യത്തെ ചോറൂണ് ആഗസ്റ്റ് 12–ാം തീയ്യതി രാവിലെ 8 മണിക്ക് മുൻകൂട്ടി ബുക്ക് ചെയ്യണം.

7. മാർതോമ ചൊവ്വാഴ്ച ആചരണം – ആഗസ്റ്റ് 7, 14, 21, 28 തീയ്യതികളിൽ രാവിലെ 9.45 am മുതൽ വചനപ്രഘോഷണം, വി.കുർബ്ബാന, നേർച്ച ഭക്ഷണം, ആരാധന, മദ്ധ്യസ്ഥപ്രാർത്ഥന, സാക്ഷ്യങ്ങൾ, കുമ്പസാരം കൗൺസലിംഗ്, മാർതോമ നൊവേന, സമർപ്പണം എന്നിവയോടുകൂടി 3.15 pm ന് സമാപിക്കുന്നു.

**ഫാ. ജോസ് പുന്നോലിപറമ്പിൽ**
റെക്ടർ

# മതബോധനം

## കുട്ടികൾക്കുള്ള കത്ത്

1. ഭാരത ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ള മാസമാണ് ആഗസ്റ്റ്. ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും ആഗസ്റ്റ് 15ന് നാം ആചരിക്കുന്നു. പരി. അമ്മയുടെ മധ്യസ്ഥതയിൽ ഭാരതത്തിനുവേണ്ടി പ്രാർത്ഥിക്കാനും ഉത്തമഭാരതീയരായി പ്രവർത്തിക്കാനുമുള്ള ആഹ്വാനമാണ് ഈ തിരുനാൾ നമുക്കു നൽകുന്നത്. വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 4നും മറ്റുള്ളവർക്ക് വേണ്ടി ജീവൻ ബലിയർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല എന്നു പറഞ്ഞ യേശുവിന്റെ ആഹ്വാനം സ്വീകരിച്ച് നാസി തടവറയിൽ രക്തസാക്ഷിത്വം വരിച്ച വി. മാക്സ് മില്യൻ കോൾബെയുടെ തിരുനാൾ ആഗസ്റ്റ് 14നും നാം ആഘോഷിക്കുന്നു. സഭയ്ക്കും വൈദികർക്കും സന്യസ്തർക്കും എതിരെ വെല്ലുവിളികളും വ്യാജപ്രചരണങ്ങളും നടക്കുന്ന ഈ അവസരത്തിൽ നാം അവർക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം.
2. എന്താണ് സ്വാതന്ത്ര്യം? സ്വാതന്ത്ര്യത്തിന് പല നിർവചനങ്ങൾ ഉള്ളതായി കാണാം. ബന്ധനത്തിൽ നിന്നുള്ള മോചനമാണ് സ്വാതന്ത്ര്യം. ഓരോരുത്തരുടെയും ശരിയായ മനഃസാക്ഷിക്കനുസരിച്ച് ചിന്തിക്കാനും പറയാനും പ്രവർത്തിക്കാനുമുള്ള അവകാശമാണ് സ്വാതന്ത്ര്യം. തിന്മയെ വേണ്ടെന്ന് വച്ച് നന്മ തെരഞ്ഞെടുക്കാനുള്ള അവകാശമാണ് സ്വാതന്ത്ര്യം. നമ്മെ ബന്ധനത്തിലാക്കുന്ന അഥവാ അടിമകളാക്കുന്ന രീതികൾ പലതാണ്. പാപത്തിന്റെയും പിശാചിന്റെയും അടിമത്തം, രാഷ്ട്രീയാടിമത്തം, സാമ്പത്തികാടിമത്തം, സാംസ്കാരികാടിമത്തം, രോഗത്തിന്റെ അടിമത്തം തുടങ്ങിയവ മോചനം ആവശ്യപ്പെടുന്ന ബന്ധനങ്ങളാണ്. യേശുവാണ് പാപ

ത്തിൽ നിന്നും പിശാചിൽ നിന്നും മോചനം നൽകി നമുക്ക് രക്ഷ നൽകിയത്. ഗാന്ധിജിയുടെ നേതൃത്വത്തിലാണ് ഭാരതം രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയത്. ദരിദ്രരുടെ ഉന്നമനമാണ് സാമ്പത്തികസ്വാതന്ത്ര്യം നേടാനുള്ള മാർഗ്ഗം. ദളിതർ, സ്ത്രീകൾ, കുട്ടികൾ, താഴ്ന്ന ജാതിക്കാർ തുടങ്ങിയവർക്ക് സ്വാതന്ത്ര്യം ലഭിക്കേണ്ടതുണ്ട്. സ്വർഗ്ഗം നേടുമ്പോഴാണ് ശാശ്വതമായ സ്വാതന്ത്ര്യം ലഭിക്കുക.
സ്വാതന്ത്ര്യം നേടാനുള്ള മാർഗ്ഗമായി യേശു ഇപ്രകാരം പറയുന്നു: 'സത്യം നിങ്ങളെ സ്വതന്ത്രരാക്കും' (യോഹ. 8:32). എന്താണ് സത്യം? ആരാണ് സത്യം? യേശു വ്യക്തമായി പറഞ്ഞു: 'ദൈവത്തിന്റെ വചനമാണ് സത്യം' (യോഹ. 17:17). വചനത്തിൽ നിലനിന്നാലാണ് ശിഷ്യരായിത്തീരാനും അതുവഴി സത്യം ഗ്രഹിക്കാനും സാധിക്കുക (യോഹ. 8:31–32). വീണ്ടും യേശു പറയുന്നു: 'ഞാനാകുന്നു വഴിയും സത്യവും ജീവനും' (യോഹ. 14:6). അതിനാൽ ശരിയായ സ്വാതന്ത്ര്യം നേടണമെങ്കിൽ യേശുവിനെ അറിയുകയും ദൈവഹിതം അന്വേഷിക്കുകയും ദൈവവചനമനുസരിച്ചു ജീവിക്കുകയും വേണം. ഇപ്രകാരം സ്വാതന്ത്ര്യം അനുഭവിച്ച വ്യക്തിയാണ് പരി. കന്യകാമറിയം. ദൈവവചനം കേട്ടു, അത് സ്വീകരിച്ച് (ലൂക്ക. 1:35–38) ദൈവവചനത്തിനു മാംസം കൊടുത്ത് (യോഹ. 1:14) യേശുവിനെ ലോകത്തിനു നൽകിയ പരി. കന്യകാമറിയത്തിന്റെ സ്വാതന്ത്ര്യഗീതമാണ് മറിയത്തിന്റെ സ്തോത്രഗീതം (ലൂക്ക. 1:46–55). അവിടെ മറിയം ശരിയായ ആത്മീയ, രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക സ്വാതന്ത്ര്യത്തെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആഘോഷിക്കുന്ന നമുക്ക് വിശ്വാസം മുറുകെ പിടിച്ചുകൊണ്ട് ഭാരതക്രൈസ്തവരായി ജീവിക്കാൻ പരിശ്രമിക്കാം. പ്രാർത്ഥിക്കാം. ഇന്ന് ഭാരതത്തിൽ ക്രൈസ്തവർ മാധ്യമങ്ങളിലൂടെയുള്ള ആക്രമണമടക്കം പലതരത്തിൽ പീഡനങ്ങൾ നേരിടുന്നുണ്ട്. ഭാരതത്തിനുവേണ്ടിയും ക്രൈസ്തവസഭയ്ക്കുവേണ്ടിയും പ്രാർത്ഥിക്കാം.

3. വിയാനി പുണ്യവാന്റെയും മാക്സ് മില്യൻ കോൾബെയുടെയും തിരുനാളാഘോഷിക്കുന്ന അവസരത്തിൽ നാം മെത്രാന്മാർക്കും വൈദികർക്കും സന്യസ്തർക്കും വേണ്ടി പ്രാർത്ഥിക്കാനുള്ള അവസരമാണ് സഭ നൽകുന്നത്. നാസി പീഡനംപോലെ പലതരത്തിൽ ക്രൈസ്തവർ പീഡിപ്പിക്കപ്പെടുന്നു. അവയെ നേരിടാൻ മാക്സ് മില്യൻ കോൾബെയുടെ ധീരതയും വിയാനി പുണ്യവാന്റെ ഹൃദയവും വേണം. കുമ്പസാര രഹസ്യംസൂക്ഷിച്ചതിന്റെ പേരിൽ വർഷങ്ങൾക്കു മുമ്പ് കേരളത്തിൽ കുറ്റാരോപിതനായ ബനഡിക്ട് അച്ചന്റെ

വിശ്വാസം വേണം. അതിനാൽ നിങ്ങൾ സഭയ്ക്കുവേണ്ടി നന്നായി പ്രാർത്ഥിക്കണം. വെല്ലുവിളികൾ ഏറ്റെടുക്കുന്ന ദൈവവിളികളെ പ്രോത്സാഹിപ്പിക്കണം.

അടുത്തുവരുന്ന ഓണത്തിന്റെ ആശംസകൾ നേരുന്നു. ഓണാഘോഷങ്ങൾ സന്തോഷപ്രദമാകട്ടെ. ഓണപ്പരീക്ഷയിൽ നല്ല വിജയം നേടാൻ നിങ്ങൾക്കു സാധിക്കട്ടെ. ഭാരതീയരും ക്രൈസ്തവരും എന്ന നിലയിൽ അഭിമാനിച്ചുകൊണ്ട് കേരളത്തിന്റെ ദേശീയോത്സവമായ ഓണം നമുക്ക് ആഘോഷിക്കാം. നിങ്ങൾ എനിക്കുവേണ്ടിയും നന്നായി പ്രാർത്ഥിക്കുമല്ലോ.

എന്ന്,

നിങ്ങളുടെ വത്സലപിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

ചോദ്യങ്ങൾ:

1. സ്വാതന്ത്ര്യത്തിന്റെ അർത്ഥമെന്ത്?
2. മറിയത്തിന്റെ സ്വർഗ്ഗാരോപണം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
3. സ്വാതന്ത്ര്യം, സത്യം, ദൈവവചനം എന്നിവയെകുറിച്ച് വി. ഗ്രന്ഥത്തിൽ നിന്ന് അഞ്ചു വാക്യങ്ങൾ വീതം കണ്ടുപിടിക്കുക.
4. ഇന്ന് കേരളസഭ നേരിടുന്ന വെല്ലുവിളികൾ ഏവ? അവയെ എങ്ങനെ നേരിടാം?

# മതബോധന വാർത്തകൾ

പരിശുദ്ധ കന്യാമറിയത്തിന്റ *സ്വർഗ്ഗാരോപണ തിരുനാളിന്റെയും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ* എല്ലാ മതാധ്യാപകർക്കും വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കും നേരുന്നു.

ദൈവത്തെയും സഹോദരരെയും കൂടുതൽ സ്നേഹിക്കാനും നമ്മുടെ രാജ്യത്തിനു കൂടുതൽ നന്മയുണ്ടാകാനും ദൈവികപൂർണ്ണതയിലേക്ക് അടുക്കാനും നമ്മുടെ സ്വാതന്ത്ര്യം വിനിയോഗിക്കാം. വിശ്വാസ പരിശീലനത്തിൽ മുന്നേറുന്നതിന് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെയും നമ്മുടെ പ്രിയപ്പെട്ട വി. എവുപ്രാസ്യമ്മയുടെയും മാദ്ധ്യസ്ഥ്യം അപേക്ഷിക്കാം.

മതാധ്യാപകരുടെ ഏകദിന സെമിനാറിൽ പങ്കെടുത്ത എല്ലാ അധ്യാപകർക്കും സെമിനാറിൽ പങ്കെടുക്കാൻ അധ്യാപകരെ പ്രോത്സാഹിപ്പിച്ച ബഹു. വികാരിമാർക്കും പ്രധാനാധ്യാപകർക്കും നന്ദി.

**1. ACC സർട്ടിഫിക്കറ്റ്ദാനം**

ACC 3 വർഷകോഴ്സ് 2017–2018 അധ്യയനവർഷത്തിൽ പൂർത്തിയാക്കി സർട്ടിഫിക്കറ്റിന് അർഹരായ വിദ്യാർത്ഥികളുടെ സംഗമവും സർട്ടിഫിക്കറ്റ് ദാനവും നടത്തുന്നു.

**തിയ്യതി: 2018 ഓഗസ്റ്റ് 15, ബുധൻ**
**സമയം: 10AM-5PM**
**സ്ഥലം: DBCLC, തൃശ്ശൂർ**

വി. കുർബാന ഉണ്ടായിരിക്കുന്നതാണ്. സർട്ടിഫിക്കറ്റിന് അർഹരായവരുടെ പേരുവിവരം Blog-ലെ NOTICE BOARD-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (catechismtrichur.blogspot.in/p/notice-board.html). ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ പറഞ്ഞയയ്ക്കുവാൻ യൂണിറ്റധികൃതർ പ്രത്യേകം ശ്രദ്ധ ചെലുത്തുമല്ലോ.

**2. Catechetical Merit Day**

ഈ വർഷത്തെ മെറിറ്റ് ഡേ സമ്മേളനത്തിന്റെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

**തിയ്യതി: 2018 ഓഗസ്റ്റ് 15, ബുധൻ**
**സമയം: 2PM-5PM**
**സ്ഥലം: DBCLC, തൃശ്ശൂർ**

വ്യക്തിഗത സമ്മാനങ്ങൾക്കോ സർട്ടിഫിക്കറ്റുകൾക്കോ അർഹരായവർ താഴെപ്പറയുന്ന ഇനത്തിൽപ്പെട്ടവരാണ്. (ലിസ്റ്റ് Blog –ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (catechismtrichur.blogspot.in/p/notice-board.html)

**Sunday Catechism**

a) ACC Rank Holders
b) ACC Top Mark Holders
c) Std. XII Rank Holders
d) Scholarship Examination Rank Holders
e) SMCC Prathibha Sangamam Std. VII
f) Full Attendance Std. I to ACC (15 years)
g) ACC Certificates

**യൂണിറ്റ് അധികൃതരുടെ ശ്രദ്ധയ്ക്ക്.**

1. സമ്മാനാർഹരെ അധികൃതർ വഴിയായി പ്രത്യേകം

അറിയിക്കുകയും ക്ഷണിക്കുകയും ചെയ്യുന്നുണ്ട്. ACC സർട്ടിഫിക്കറ്റിന് അർഹരായവരെ വ്യക്തിപരമായി ക്ഷണിക്കുന്നുണ്ട്. (സമ്മാനാർഹരുടെ പേരുവിവരം Blog –ലെ NOTICE BOARD–ലും പ്രസിദ്ധീകരിച്ചിട്ടുണ്ട് (catechismtrichur.blogspot.in/p/notice-board.html).

2. മതബോധനകേന്ദ്രത്തിൽ ലഭിച്ചിട്ടുള്ള മേൽവിലാസത്തിൽ അറിയിപ്പുകൾ നൽകുന്നതാണെങ്കിലും ഏതെങ്കിലും കാരണവശാൽ അറിയിപ്പ് ലഭിച്ചില്ലെങ്കിലും സമ്മാനാർഹരുടെ സാന്നിധ്യം ഉറപ്പുവരുത്തുന്നതിന് ഇക്കാര്യം അവരെ നേരിട്ട് അറിയിക്കുവാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കുമല്ലോ.

3. സമ്മാനാർഹരായ മറ്റ് വിദ്യാർത്ഥികളോടൊപ്പം അവരുടെ മാതാപിതാക്കളെ പറഞ്ഞയയ്ക്കുവാൻ യൂണിറ്റ് ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

4. ACC സർട്ടിഫിക്കറ്റ്ദാന ചടങ്ങുകളിലേക്ക് Rank Holders, Top Mark Holders എന്നിവരുടെമാത്രം മാതാപിതാക്കളെ ക്ഷണിക്കുന്നു.

5. അതിരൂപതാ മതബോധന കമ്മീഷൻ, പി. ടി. എ. കേന്ദ്രകമ്മിറ്റി എന്നിവയുടെ സഹകരണം പ്രത്യേകം അഭ്യർത്ഥിക്കുന്നു.

**3. വിദ്യാർത്ഥികൾക്കുള്ള ഡയറി**

പല യൂണിറ്റുകളും വിദ്യാർത്ഥികൾക്കുള്ള ഡയറി വിതരണം ചെയ്തു എന്ന് കാണുന്നതിൽ വളരെ സന്തോഷമുണ്ട്, മാതാപിതാക്കളുമായി ബന്ധപ്പെടാൻ ഒരു മുഖ്യ ഉപാധിയാണിത്. അവർക്ക് മതബോധന യൂണിറ്റിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും അത് ഉപകരിക്കും. ഡയറിയുടെ രണ്ടുകോപ്പിവീതം മതബോധനകേന്ദ്രത്തിൽ എത്തിച്ചുതരുവാൻ താത്പര്യപ്പെടുന്നു.

വിശ്വാസപരിശീലനത്തിൽ വി. കുർബാനയിലുള്ള പങ്കാളിത്തം ഏറ്റവും പ്രധാനപ്പെട്ടതാണ്. വി. കുർബാനയിലുള്ള പങ്കാളിത്തം സജീവമാക്കാൻ കുട്ടികൾ വി.കുർബാനയുടെ പുസ്തകം ഉപയോഗിക്കുവാൻ മതാധ്യാപകർ പ്രോത്സാഹിപ്പിക്കണം. ഡയറിയിൽ വി. കുർബാന അച്ചടിക്കുന്നതിന് അനുവാദമില്ല. വർഷാവർഷം മാറുന്ന ഡയറിയെക്കാൾ തുടർച്ചയായി ഉപയോഗിക്കുന്നതിനു കുട്ടികൾക്ക് സ്വന്തമായി കുർബാനപ്പുസ്തകം ഉണ്ടായിരിക്കുന്നതാണ് നല്ലത്. മതബോധനാവശ്യത്തിനായി പ്രത്യേകമായി തയ്യാറാക്കിയിരിക്കുന്ന കുർബാന പുസ്തകം മതബോധനകേന്ദ്രത്തിലെ ബുക്ക്സ്റ്റാളിൽ നിന്നും ലഭ്യമാണ്. യൂണിറ്റുകൾ ആവശ്യപ്പെടുന്നപക്ഷം, പുസ്തകത്തിന്റെ

കവറിൽ ഇടവകയുടെ പേര് പ്രിന്റ് ചെയ്ത് കുർബ്ബാനപ്പുസ്തകം ലഭ്യമാക്കാൻ മതബോധനകേന്ദ്രത്തിനു സാധിക്കും.

**4. യൂണിറ്റ് വിസിറ്റ്**

യൂണിറ്റ് വിസിറ്റ് ജൂലായ് 15 മുതൽ ആരംഭിച്ചിരിക്കുകയാണ്. ഇത് ഫലപ്രദമാക്കാൻ യൂണിറ്റുകളും വിസിറ്റിംഗ് ടീമംഗങ്ങളും ആത്മാർത്ഥമായി സഹകരിക്കുന്നതിൽ വലിയ സന്തോഷമുണ്ട്. നിശ്ചിത ക്രമമനുസരിച്ച് മുന്നോട്ടു പോകുവാൻ എല്ലാവരും സഹകരിക്കണമെന്ന് ആവശ്യപ്പെടുന്നു. അർദ്ധവാർഷിക പരീക്ഷകൾക്കു മുമ്പു യൂണിറ്റ് വിസിറ്റ് പൂർത്തിയാക്കിയിരിക്കണം.

യൂണിറ്റു വിസിറ്റിനു വരുന്ന ടീമിന്റെ യാത്രചിലവ് (ഒരംഗത്തിന് കൂടിയത് നൂറ്റിയമ്പതു രൂപ എന്ന തോതിൽ) സന്ദർശിക്കപ്പെടുന്ന യൂണിറ്റിൽനിന്നും നല്കേണ്ടതാണ്.

**5. പ്രതിഭാ പരിശീലനം Std. VII & XII**

പ്രവേശന ഫോമുകൾ ബ്ലോഗിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരിശീലനത്തിനു യോഗ്യരായ കുട്ടികളെ തെരഞ്ഞെടുത്ത് ഫോമുകൾ പൂരിപ്പിച്ച് മതബോധനകേന്ദ്രത്തിൽ ഓഗസ്റ്റ് 19-നു മുമ്പ് നൽകണം. ഫോമുകൾ ഇവിടെ ലഭിച്ചതിനുശേഷം മതബോധനകേന്ദ്രത്തിൽ നടക്കുന്ന ഒരു ദിവസത്തെ ക്യാമ്പിനു തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നതാണ്. അതനുസരിച്ച് ഈ കുട്ടികൾ ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.

2018 ഒക്ടോബർ 28 ഞായർ : Std. XII (9:30 AM to 4:30 PM; DBCLC)

2018 നവംബർ 11 ഞായർ : Std. VII (9:30 AM to 4:30 PM; DBCLC)

**6. കമ്പ്യൂട്ടർ പ്രോഗ്രാമിന്റെ പ്രവർത്തനം.**

തൃശ്ശൂർ അതിരൂപതയിലെ എല്ലാ മതബോധന യൂണിറ്റുകളും പൂർണ്ണമായും കമ്പ്യൂട്ടർവത്കൃതമായി എന്ന് നിങ്ങളെ അറിയിക്കുന്നതിൽ വളരെ സന്തോഷമുണ്ട്. അതിനായി സഹകരിച്ച എല്ലാ യൂണിറ്റ് അധികൃതർക്കും അകൈതവമായ നന്ദി അറിയിക്കുന്നു.

യൂണിറ്റിനെയും അധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച കാര്യങ്ങളിൽ വരുന്ന മാറ്റങ്ങളനുസരിച്ച് ഉടൻതന്നെ കമ്പ്യൂട്ടർ പ്രോഗ്രാമിലും തിരുത്തലുകൾ വരുത്തി യൂണിറ്റിന്റെ ഡാറ്റ സദാ up-to-date ആയി പാലിക്കണം.

ഈ വർഷത്തിന്റെ ആരംഭത്തിൽത്തന്നെ എല്ലാ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡാറ്റ കൃത്യമാക്കിയാൽ, തുടർന്ന് ആവശ്യമായ

വിവിധ ലിസ്റ്റുകളും ഫോമുകളും തയ്യാറാക്കുന്നതിന് വളരെ എളുപ്പമായിരിക്കും. പുതിയതായി ചേരുന്ന അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡാറ്റ അവർ ചേരുന്ന അവസരത്തിൽത്തന്നെ ശേഖരിച്ച് പ്രോഗ്രാമിൽ ഉൾക്കൊള്ളിക്കുക.

**പ്രത്യേകശ്രദ്ധയ്ക്ക്:**

വിദ്യാർത്ഥികളുടെ TC, സർട്ടിഫിക്കറ്റുകൾ, അധ്യാപകരുടെ സർവ്വീസ്, പരീക്ഷയ്ക്കുള്ള ഇംഗ്ലീഷ്, മലയാളം ചോദ്യപേപ്പറുകളുടെ എണ്ണം, സ്കോളർഷിപ്പ് പരീക്ഷയ്ക്കുള്ള വിദ്യാർത്ഥികൾ മുതലായ എല്ലാകാര്യങ്ങളും ഇനിമുതൽ കൈകാര്യം ചെയ്യുന്നത് കമ്പ്യൂട്ടർപ്രോഗ്രാമിലേക്ക് യൂണിറ്റിൽനിന്ന് തന്നിട്ടുള്ള വിവരങ്ങളുടെ(ഡാറ്റ) അടിസ്ഥാനത്തിലായിരിക്കും. ആവശ്യമുള്ള ഡാറ്റ ചേർക്കാതിരിക്കുകയോ, വരുന്ന മാറ്റങ്ങൾ അപ്പോഴപ്പോൾ ചെയ്യാതിരിക്കുകയോ ചെയ്താൽ ഇക്കാര്യങ്ങളുടെയെല്ലാം നടത്തിപ്പിൽ യൂണിറ്റുകളിലും മതബോധനകേന്ദ്രത്തിലും കൂടുതൽ ബുദ്ധിമുട്ടുകളുണ്ടാകും. എല്ലാം കൃത്യമായി ചെയ്യുന്നവർക്ക് എല്ലാം വളരെ എളുപ്പവുമായിരിക്കും. ഓരോ ആവശ്യത്തിനും യൂണിറ്റുകളിൽനിന്ന് പ്രത്യേകം പ്രത്യേകം ലിസ്റ്റുകൾ തയ്യാറാക്കി നല്കേണ്ടിവരില്ല. അർദ്ധവാർഷിക പരീക്ഷ അടുത്തുവരുന്നതിനാൽ, അവ തടസ്സപ്പെടാത്തവിധം സ്റ്റുഡന്റ്സ് ലിസ്റ്റ് up-to-date ആയിരിക്കണം. അതനുസരിച്ചായിരിക്കും ചോദ്യപേപ്പർ യൂണിറ്റുകളിലേക്ക് തരുന്നത്.

## 7. Sunday Catechism Scholarship Rank List 2018

(2018 ഓഗസ്റ്റ് 15, ബുധൻ, ഉച്ചകഴിഞ്ഞ് 2 മണിക്കുള്ള മതബോധന മെറിറ്റ് ഡേ സമ്മേളനത്തിൽ റാങ്ക് ജേതാക്കൾക്ക് സമ്മാനങ്ങൾ നൽകുന്നതാണ്)

**CLASS : IV**

| RANK | NAME | UNIT |
|---|---|---|
| 1 | NORAH THERESA MOOKKEN | CATHEDRAL |
| 2 | ANGELINA MARIA BIJI | CATHEDRAL |
| 3 | ISABELLA TONY | KURIACHIRA |
| 4 | ANGEL MARIA M.T. | MATTOM |
| 5 | AUSTIN RAPHY | OLLUR MARYMATHA |

**CLASS : V**

| RANK | NAME | UNIT |
|---|---|---|
| 1 | ANGEL P. J. | THIROOR |
| 2 | CHRISTY PRINCE | AMMADAM |
| 3 | AMAL FELLER V. | NELLIKKUNNU |
| 4 | ANCY JOSEPH | PATHIYARAM |
| 5 | ALEESHA SHAJAN | OLLUR |

| CLASS : VI | | |
|---|---|---|
| **RANK** | **NAME** | **UNIT** |
| 1 | ALIYA PREEMEN | NADATHARA |
| 2 | NIMIYA MEJO KONIKKARA | CATHEDRAL |
| 3 | ANN MARIYA MATHEW | KURIACHIRA |
| 4 | ANNA JOSEPH K. | AYYANTHOLE |
| 5 | RINYA P. REGI | KARUMATHRA |

| CLASS : VII | | |
|---|---|---|
| **RANK** | **NAME** | **UNIT** |
| 1 | LYNN MARY JOSE | THIROOR |
| 2 | CIVIYA DAVIS | VARAKKARA |
| 3 | ALEENA SOJAN | PERINCHERY |
| 4 | LISNA OUSEPH | PURANATTUKARA |
| 5 | ANGELINE MERRY THOMAS | CATHEDRAL |

| CLASS : VIII | | |
|---|---|---|
| RANK | NAME | UNIT |
| 1 | ROSE FRANCIS | KURIACHIRA |
| 2 | NEHA JIMMY T. | PAVARATTY |
| 3 | TESSA MARIA E. J. | AMALA NAGAR |
| 4 | AAFRON TONY | KURIACHIRA |
| 5 | MARIA DENIS | AMALA NAGAR |

| CLASS : IX | | |
|---|---|---|
| RANK | NAME | UNIT |
| 1 | MERIN THOMAS | OLLUR |
| 2 | DONA MARIA JOSEPH | KURIACHIRA |
| 3 | ANN MARY JOHNSON | MANNAMPETTA |
| 4 | RIVIA ROSE | PAZHUVIL |
| 5 | ANN MARY | THIROOR |
| 5 | ALIN MARIA OUSEPH | KURIACHIRA |

| CLASS : X | | |
|---|---|---|
| RANK | NAME | UNIT |
| 1 | ANN FLOWER OUSEPH | KURIACHIRA |
| 2 | ALEENA P. A. | CATHEDRAL |
| 3 | CHRISANTO PAUL | PUDUKAD |
| 4 | ANN MARIA ROY | KONIKKARA |
| 5 | LILLY ROSE JOSE | OLLUR |

| CLASS : XI | | |
|---|---|---|
| RANK | NAME | UNIT |
| 1 | ANN LITA BIJU | ERUMAPETTY |
| 2 | ANITTA TOMY A. | PAVARATTY |
| 3 | SONA JENSON | THALORE |
| 4 | SANDRA SHAJU | CHAZHUR |
| 5 | IRENE MARIAH | CATHEDRAL |

## 8. Std. XII Annual Common Examination Ranks


First Rank
**Anju Mariya**


Second Rank
**Raina Babu**


Third Rank
**Varsha**

## 9. ACC Rank Holders 2015-2018


First Rank
**Jeena T.S.**


Second Rank
**Maria Prince**


Third Rank
**Sona Mariya**

## 10. ACC Annual Examination 2017-2018 - Top Mark


First Rank
**Agate**


Second Rank
**Melna Joy**


Third Rank
**Jeena T.S.**


Third Rank
**Rose Muttath**

## 11. Sunday Catechism Scholarship Examination First Rank Holders


Std. IV
**Norah Theresa Mookken**
CATHEDRAL


Std. V
**Angel P. J.**
THIROOR


Std. VI
**Aliya Preemen**
NADATHARA


Std. VII
**Lynn Mary Jose**
THIROOR



Std. VIII
**Rose Francis**
KURIACHIRA



Std. IX
**Merin Thomas**
OLLUR



Std. X
**Ann Flower Ouseph**
KURIACHIRA



Std. XI
**Annlita Biju**
ERUMAPETTY

## 12) School Catechism & Moral Science Scholarship Rank List 2018

(2018 ജൂലൈ 6ന് നടത്തിയ അതിരൂപതാ കോർപ്പറേറ്റ് എഡുക്കേഷണൽ ഏജൻസിയുടെ മെറിറ്റ് ഡേ സമ്മേളനത്തിൽവച്ച് റാങ്ക് ജേതാക്കളെ സമ്മാനങ്ങൾ നൽകി ആദരിച്ചു.)

### School Catechism

#### Class : IV

1. HELEN ROSE P. S, ST.THERESA'S LPS., KANIMANGALAM.
2. SAVIA SHOBY PETTA , ST.ANNES CGHS, WESTFORT.
3. ANN MARIA BABY, SACRED HEART E.MED.LPS, THRISSUR.

#### Class : VII

1. ALEENA SOJAN, LOURDE MATHA EMHS, CHERPU.
2. CHRISTY XAVIER, ST.THERESA'S GHS, BRAHMAKULAM.
3. ANGEL PAUL T., ST.MARY'S CGHS, OLLUR.
4. ISHA ROSE, INFANT JESUS GHS, ARANATTUKARA.
5. ANEENA C. S., ST.ANTONY'S HS, AMMADAM.

#### Class : X

1. HENNA ROSE JAISON M., SACRED HEART CGHS, THRISSUR
2. ROSE ANGEL C. JOSHY, LOURDE MATHA EMHS, CHERPU.
3. ANN FLOWER OUSEPH, ST.PAUL'S CEHSS, KURIACHIRA.
4. CERIN P. JOHN, CHRIST KING CGHS, PAVARATTY.
5. IRENE ANTONY C., SH OF MCGHS, KANDASSANKADAVU.

**School Catechism Scholarship Examination**
**First Rank Holders**

|  |  |  |
|---|---|---|
| Std. IV | Std. VII | Std. X |
| **Helen Rose P. S.** | **Aleena Sojan** | **Henna Rose Jaison M** |
| St.Theresa's LPS | Lourde Matha EMHS | Sacred Heart CGHS |
| Kanimangalam | Cherpu | Thrissur |

## Moral Science

### Class : IV

1. DEVAK GOKULDAS, ST.GEORGE CLPS, MUKKATTUKKARA.
2. ARCHANA CHANDRAN, SACRED HEART CLPS, THRISSUR.
3. ANANYA P., LFLPS, CHELAKKARA.
4. JEEVA SAJEEVAN, ST.XAVIER'S CUPS, PUDUKAD.
5. NANDUKRISHNA K. B., ST.JOSEPH'S MODEL HSS, KURIACHIRA.

### Class : VII

1. ADITHYA SURESH, SACRED HEART CGHS, THRISSUR.
2. SREELAKSHMI T. R, ST.MARY'S CGHS, OLLUR.
3. AARATHY K. A, ST.SEBSTIAN'S CGHS, NELLIKKUNNU
4. SHIBIN SURESH K., VIJAYAMATHA EMHSS, PONNANI.
5. GANESH P. RAJHANS, LFCUP SCHOOL, MAMMIYUR.

### Class : X

1. AYISHA A. A, CHRIST KING CGHS, PAVARATTY.
2. ANEENA KURIAKOSE, NIRMALA ENG.MED.UPS, ERUMAPETTY.
3. SREEPRIYA P. N, SACRED HEART CGHS, THRISSUR.
4. SUJISHNA V. P., SH OF MCGHS, KANDASSANKADAVU.
5. SHIBILAJITH M., VIJAYAMATHA EMHSS, PONNANI.

## Moral Science Scholarship Examination First Rank Holders



Std. IV
**Devak Gokuldas**
St.George CLPS
Mukkattukkara



Std. VII
**Adithya Suresh**
Sacred Heart CGHS
Thrissur



Std. X
**Ayisha A. A**
Christ King CGHS
Pavaratty

## 13) SMCC Std. VII Prathibha



**Angewin Poruthukkara**
Panamukku

## 14) Full Attendance Std. I to ACC (15 Years)



**Lisbin Benny**
Kuriachira

സസ്നേഹം,

**Fr. Tens Kunnappilly**
Fr. Rijo Vithayathil Kozhukkullikaran
Fr. Royson Kollannur
Asst. Directors

**Fr. Raphael Akkamattathil**
Director

# Institute of THEOLOGY

### 1. B.A. in Theology and Religious Studies:

ബെൽജിയം ലുവെൻ യുണിവേഴ്സിറ്റിയുടെ ഈ കോഴ്സ് ഞായറാഴ്ചകളിൽ 2 PM മുതൽ 5 PMവരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9:30AM മുതൽ 5 PMവരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് Institute of Theology Office- മായി ബന്ധപ്പെടുക.

ബി. എ. തിയോളജി വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ നൽകിയതിന് ലുവെയിനിലെ പ്രൊഫസർ Dr. Thomas Knieps ന് പ്രത്യേകം നന്ദി.

2018 ജൂലൈ 14ന് മേരിമാതാ മേജർ സെമിനാരിയിൽ വച്ച് നടത്തിയ ഇന്റർനാഷണൽ സിംമ്പോസിയത്തിൽ ബി. എ. തിയോളജി വിദ്യാർത്ഥികളെല്ലാം പങ്കെടുത്തു.

### 2. Correspondence Theology Course:

24 വിഷയങ്ങളുള്ള ഈ കോഴ്സ് മാസംതോറും ഓരോ ക്ലാസ്സ് എന്ന നിലയിൽ 2 വർഷം കൊണ്ടോ മാസംതോറും രണ്ടുക്ലാസ്സുകൾ എന്ന രീതിയിൽ ഒരുവർഷംകൊണ്ടോ പൂർത്തിയാക്കാവുന്നതാണ്. ഈ കോഴ്സിലേക്കുള്ള പുതിയ ബാച്ച് **2018 ജൂലൈ 22-ാം തിയ്യതി 2 PM ന് ആരംഭിച്ചു**. ഈ കോഴ്സിൽ ചേർന്ന എല്ലാവർക്കും അഭിനന്ദനങ്ങൾ.

Paper V, Paper VI ന്റെ Re-examനുള്ള തിയ്യതികൾ August 5നും, 12നും ആയിരിക്കും. സമയം: 2.00pm-4.00pm

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ആഗസ്റ്റ് 12, ആഗസ്റ്റ് 26 എന്നീ ഞായറാഴ്ച്ചകളിൽ 2 PM മുതൽ 5 PM വരെയായിരിക്കും.

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ



# മേരിമാത സെമിനാരി

**സോഷ്യൽ സർവീസ് മിനിസ്ട്രികൾ**

സെമിനാരി കുടുംബം എല്ലാവർഷവും നടത്തിവരുന്ന വിവിധ സാമൂഹ്യസേവന പ്രവർത്തനങ്ങൾ ഈ വർഷം ബഹു. ജോസഫ് തലോടി അച്ചന്റെ നേതൃത്വത്തിൽ ജൂൺ 17-ാം തിയ്യതി ആരംഭിച്ചു. തത്വശാസ്ത്ര വിദ്യാർത്ഥികളോടൊപ്പം ദൈവശാസ്ത്ര വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി സേവന പ്രവർത്തന മേഖലകൾ വ്യാപിപ്പിച്ചു.

**Extension Lecture**

ഈ അദ്ധ്യയന വർഷത്തിലെ പ്രഥമ Extension Lecture ജൂൺ 22 -ാം തിയ്യതി വെള്ളിയാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് നടത്തപ്പെട്ടു. 'Health and Hygiene' എന്ന വിഷയത്തെക്കുറിച്ച് ബഹു. ഡോ. ജോ തോമസ് MD (Professor, Community Medicine, JMMC,Trichur) പ്രഭാഷണം നടത്തി. സെമിനാരിയിലെ എല്ലാ വിദ്യാർത്ഥികളും സജീവമായി പങ്കെടുത്തു.

**മാതാപിതാക്കളുടെ സംഗമം**

മേരിമാതാ കുടുംബത്തിലെ ഒന്നാംവർഷ തത്വശാസ്ത്ര വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ സംഗമം ജൂൺ 30 ശനിയാഴ്ച നടന്നു. ബഹു. റോയ് മൂക്കനച്ചൻ ദിവ്യബലിക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. ബഹു. വിൻസെന്റ് ആലപ്പാട്ടച്ചൻ തിരുവചന സന്ദേശം നൽകി. ഉച്ചക്കു ശേഷം നടന്ന പൊതുസമ്മേളനത്തിന് ബഹു. റെക്ടറച്ചനും ഒന്നാംവർഷ തത്വശാസ്ത്ര വിദ്യാർത്ഥികളുടെ ആനിമേറ്ററായ ബഹു. സിജോൺ കുഴിക്കാട്ടുമ്യാലിലച്ചനും നേതൃത്വം നൽകി. ഏവർക്കും പരസ്പരം പരിചയപ്പെടാനും ഒന്നാം വർഷക്കാരെയും അവരുടെ കുടുംബാംഗങ്ങളെയും അടുത്തറിയാനും ഇത് നല്ല അവസരമായി.

**ദുക്റാന തിരുനാൾ**

ഈ വർഷത്തെ ദുക്റാന തിരുനാൾ ആഘോഷങ്ങൾ ജൂൺ 30 ശനി

യാഴ്ച വൈകീട്ട് തിയോളജി റസിഡൻസിലെ ചാപ്പലിൽ നടത്തപ്പെട്ട പ്രാർത്ഥനാ ശുശ്രൂഷകളോടെ ആരംഭിച്ചു. ബഹു. വിൻസെന്റ് ആലപ്പാട്ടച്ചൻ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. തിരുക്കർമ്മത്തിന്റെ ഭാഗമായി ബഹു. ബ്ര. പ്രകാശ് പുത്തൂർ സന്ദേശം നൽകി. തിരുനാളിനോടനുബന്ധിച്ച് ജൂലൈ 2-ാം തിയ്യതി ബഹു. പോൾ പുളിക്കനച്ചന്റെ കാർമ്മികത്വത്തിൽ ആഘോഷമായ സായാഹ്ന പ്രാർത്ഥനകൾ നടന്നു. തദവസരത്തിൽ ബഹു. മാത്യു പെരുമ്പള്ളി അച്ചൻ സന്ദേശം നൽകി. ജൂലൈ 3-ാം തിയ്യതി ബഹു ബിൽജു വാഴപ്പിള്ളി അച്ചന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട ആഘോഷമായ റാസ കുർബ്ബാന മദ്ധ്യേ ബഹു. ബിജു നാഞ്ഞിലത്ത് അച്ചൻ വചന സന്ദേശം നൽകി. ഉച്ചക്കുശേഷം പാലയൂർ തീർത്ഥാടനത്തിനുള്ള അവസരം ഉണ്ടായിരുന്നു. അന്നേദിവസം വൈകീട്ട് സെമിനാരിയിലെ കലാ-സാഹിത്യ വേദിയായ സർഗ്ഗജ്യോതിയുടെ ഉദ്ഘാടനം പ്രശസ്ത സംഗീത സംവിധായകനും മേരിമാതാ സെമിനാരിയിലെ പൂർവ്വ വിദ്യാർത്ഥിയുമായ ശ്രീ. ജസ്റ്റിൻ വർഗ്ഗീസ് നിർവ്വഹിച്ചു. ഉദ്ഘാടനത്തിനിടെ ബ്ര. അരുൺ വാലിപ്ലാക്കൽ ദുക്റാനതിരുന്നാളിന്റെ സന്ദേശം പങ്കുവച്ചു പ്രസംഗിച്ചു. ബഹു. മൈക്കിൾ കാരിമറ്റം അച്ചൻ രചിച്ച "ബൈബിൾ പഠനം", "കർത്താവിന്റെ ദാസി, മാതാവും മാതൃകയും" എന്നീ രണ്ടു പുസ്തകങ്ങളുടെ പ്രകാശനകർമ്മവും തദവസരത്തിൽ നിർവ്വഹിക്കപ്പെടുകയുണ്ടായി.

**മാസധ്യാനം**

ഈ വർഷത്തെ രണ്ടാമത്തെ മാസധ്യാനം ജൂലൈ 6, 7 എന്നീ തിയ്യതികളിലായി നടന്നു. ബഹു. ജോസഫ് തലോടിയച്ചനും, ബഹു. ജോൺസൺ അന്തിക്കാടനച്ചനും ധ്യാനചിന്തകൾപങ്കുവച്ചു. സ്വർഗ്ഗം എന്ന ലക്ഷ്യം മുന്നിൽ കണ്ട് യാത്ര ചെയ്യേണ്ടവരാണ് നാം എന്ന യാഥാർത്ഥ്യം എപ്പോഴും മനസ്സിൽ സജീവമാക്കാൻ ധ്യാനം സഹായകമായി.

**ബേഴ്സ് സ്ഥാപിച്ചവർ**

## Patron Membership

1. ദ റോസ് ആന്റ് കെ. വി. മാത്യു ഫൗണ്ടേഷൻ, C/o റവ. ഫാ. ഫ്രീജോ പാറയ്ക്കൽ, മേരിമാതാ മേജർ സെമിനാരി, മുളയം.
2. ശ്രീ കെ. എ. ജോസ് & ശ്രീമതി ഷീല ജോസ്, കളത്തിപ്പറമ്പിൽ ഹൗസ്, അരണാട്ടുകര.

## Benefactor Membership

1. ശ്രീ സണ്ണി കെ. പി., ചിറയത്ത് കോനിക്കര ഹൗസ്, തിരുവമ്പാടി.
2. ശ്രീ ജീസ് ജോസഫ്, നാലപ്പാട്ട് ഹൗസ്, കൊരട്ടി.

ഈശോ നൽകുന്ന ദിവ്യപ്രചോദനങ്ങൾക്കനുസരിച്ച് നിസ്വാർത്ഥത യോടെ സെമിനാരി പരിശീലന പദ്ധതിയുമായി സഹകരിക്കുന്ന ഏവർക്കും അവിടുത്തെ കൃപകൾ ധാരാളമായി ലഭിക്കട്ടെ.

ഫാ. ജെയ്സൻ കൂനംപ്ലാക്കൽ
റെക്ടർ



# സെ. മേരീസ് മൈനർ സെമിനാരി

**1. എക്സ്റ്റൻഷൻ ലക്ചർ**

ജൂൺ 23-ാം തിയതി മൈനർ സെമിനാരിക്കാർക്കുവേണ്ടി ആരോ ഗ്യം, ആരോഗ്യപരിപാലനം എന്നിവയെപ്പറ്റി തൃശൂർ ഗവ. മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലെ ഫോറൻസിക് സർജൻ ഡോ. മനു ജോൺസ് ക്ലാസ്സ് എടുത്തു.

**2. ദുക്റാന തിരുനാൾ**

നമ്മുടെ വിശ്വാസത്തിന്റെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ദുക്റാന തിരുന്നാൾ സെമിനാരിയിൽ സമുചിതമായി ആഘോഷിച്ചു. തിരുനാൾ വി. കുർബ്ബാനയർപ്പിച്ച് തിരുവചന സന്ദേശം നല്കിയത് റവ. ഡോ. പോൾ പുളിക്കനായിരുന്നു. വൈകീട്ട് സെമിനാരി ഓഡിറ്റോറിയ ത്തിൽ വച്ച് എക്യുമെനിക്കൽ പ്രാർത്ഥനാകൂട്ടായ്മയും പൊതുയോഗവും ഉണ്ടായിരുന്നു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പൊതു

യോഗം ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി. അഭിവന്ദ്യ മാർ അപ്രേം തിരുമേനി അനുഗ്രഹപ്രഭാഷണം നടത്തി. ട്രിച്ചൂർ എക്യുമെനിക്കൽ ഗ്രൂപ്പ് ഭാരവാഹികൾ പൊതുയോഗത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയുണ്ടായി. ആ ദിവസത്തിന്റെ ചൈതന്യത്തിനിണങ്ങുന്ന വിവിധ കലാപരിപാടികൾ സെമിനാരി വിദ്യാർത്ഥികൾ അവതരിപ്പിച്ചു.

**അഭിവന്ദ്യ പിതാക്കന്മാരുടെ ദിവ്യബലിയർപ്പണങ്ങൾ**

ജൂലൈ 4ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും ജൂലൈ 12ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തുപിതാവും ജൂലൈ 15ന് അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവും സെമിനാരി കുടുംബത്തോടൊപ്പം ദിവ്യബലിയർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

**മാസധ്യാനം**

ജൂലൈ 13, 14 തീയതികളിൽ മാസധ്യാനം നടത്തപ്പെട്ടു. ബഹു. ടിജോ മുള്ളക്കരയച്ചൻ മൈനർ സെമിനാരിക്കാർക്കും ബഹു. ഷാജൻ തേർമഠം അച്ചൻ പഠിക്കുന്ന സെമിനാരിക്കാർക്കും ധ്യാനചിന്തകൾ നൽകി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഡിഗ്രി പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി ജൂലൈ 14ന് രാവിലെ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

**ബേഴ്സ് സ്ഥാപിച്ചവർ**

തങ്ങൾക്ക് ലഭിക്കുന്ന എല്ലാം മറ്റുള്ളവരുമായി പങ്കുവയ്ക്കേണ്ടതാണെന്ന ബോധ്യം ഉൾക്കൊണ്ട് കർതൃശുശ്രൂഷയ്ക്കായി ഒരുങ്ങുന്നവരെ സഹായിക്കുവാൻ സൗമനസ്യം കാണിക്കുന്ന ഏവരെയും ഈശോ അനുഗ്രഹിക്കട്ടെ.

1. ശ്രീ. ഷാജി മേമടത്തിൽ, നടത്തറ, തൃശ്ശൂർ
2. ശ്രീമതി ഷാന്റി ഡേവിസ്, പള്ളിപ്പാടൻ ഹൗസ്, പാലിശ്ശേരി, തൃശ്ശൂർ
3. ശ്രീമതി ടെസ്സി ജോൺ, കാട്ടുകുന്നേൽ ഹൗസ്, ചേറൂർ, തൃശ്ശൂർ
4. ശ്രീമതി ആനി ഔസേഫ്, മാപ്രാണി ഹൗസ്, ഒല്ലൂർ
5. ശ്രീ. പോളി പുത്തൂർ, പുത്തൂർ കൊളങ്ങര ഹൗസ്, പുതുക്കാട്
6. ശ്രീ. എ. ആർ. മത്തായി, C/O പുല്ലോക്കാരൻ ഹൗസ്, ചെവ്വൂർ, തൃശ്ശൂർ
7. റവ. ജോയ്സൻ ചെറുവത്തൂർ

**ഫാ. ഡൊമിനിക് തലക്കോടൻ**

റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

### പ്രഥമശുശ്രൂഷാ ക്ലാസിൽ പങ്കെടുത്ത് ജീവൻ രക്ഷിച്ചു!

ജൂബിലി മിഷൻ മെഡിക്കൽ കോളേജും, ഇന്ത്യൻ കൗസിൽ ഫോർ മെഡിക്കൽ റിസേർച്ചും (ICMR), സംയുക്തമായി സംഘടിപ്പിച്ച പ്രഥമശുശ്രൂഷാ ക്ലാസിൽ പങ്കെടുത്തതിന്റെ തൊട്ടടുത്ത ദിവസം തന്നെ ഒരു ജീവൻ രക്ഷിക്കാൻ സാധിച്ചതിന്റെ സന്തോഷത്തിലാണ് ലിബു. ജൂബിലി മിഷൻ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ചേർപ്പിൽ നിന്നുള്ളള നാൽപത്തിനാല് വയസ്സുള്ള കൊഞ്ചാത്ത് ജയേന്ദ്രന്റെ ജീവനാണ് ലിബു രക്ഷിച്ചത്. കെ.എസ്.ഇ..ബി. ജീവനക്കാരനായ ജയേന്ദ്രൻ വൈദ്യുതി കമ്പികളിലേക്ക് ചാഞ്ഞുനിൽക്കു ന്ന തൂപ്പുകൾ വെട്ടിമാറ്റുന്നതിനിടയിലാണ് വൈദ്യുതാഘാതം ഏറ്റ് അബോധാവസ്ഥയിലായത്. സഹപ്രവർത്തകനായ ലിബു ഉടൻ തന്നെ തൊട്ടടുത്ത ദിവസം ജൂബിലിയിലെ പ്രഥമശുശ്രൂഷാ ക്ലാസിൽ ലഭിച്ച അറിവ് പ്രാവർത്തികമാക്കുകയായിരുന്നു. തക്ക സമയത്ത് സി.പി.ആർ (കാർഡിയോ പൾമണറി റെസുസിറ്റേഷൻ) നൽകി സുഹൃത്തിന്റെ ജീവൻ രക്ഷിക്കാൻ സാധിച്ചതിന്റെ ചാരിതാർത്ഥ്യത്തിലാണ് ലിബു.

അപകടങ്ങളിൽ ഏറ്റവും ആദ്യം ഇടപെടുന്ന ഹൈവേ പോലീസ്, ഫയർ ഫോഴ്സ്, ആംബുലൻസ് ഡ്രൈവർമാർ, എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്നവർക്ക്, അപകടസ്ഥലത്തും, രോഗിയെ ആശുപത്രിയിൽ എത്തിക്കുന്ന സമയത്തും മെച്ചപ്പെട്ട രോഗീപരിചരണം നൽകുവാൻ ഉള്ള പരിശീലന ക്ലാസിലാണ് ലിബു പങ്കെടുത്തത്. .

കേന്ദ്രഗവൺമെന്റിന്റെ ഈ ദേശീയപദ്ധതിയിൽ ജൂബിലി മിഷൻ ആശുപത്രിയാണ് കേരളത്തിലെ സംഘാടകർ. ആറ് മാസംകൊണ്ട്

ജില്ലയിലെ നല്ലൊരു ശതമാനം പ്രഥമശുശ്രൂഷകർക്ക് പരിശീലനം നൽകുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.

ജൂബിലിയിൽ പുതിയ ലാപ്റോസ്കോപിക്
ഓപ്പറേഷൻ തിയ്യേറ്റർ തുറന്നു.

ജൂബിലി മിഷൻ ആശുപത്രിയിൽ ലാപ്റോസ്കോപിക്ക് ശസ്ത്രക്രിയകൾക്ക് മാത്രമായി പുതിയ ഓപ്പറേഷൻ തിയ്യേറ്റർ തുറന്നു. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുത്ത്, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, കോഗ്നിസെന്റ് ഫൗണ്ടേഷൻ സി.ഇ.ഒ എസ്. മാധവൻ, കോഗ്നിസെന്റ് ഫൗണ്ടേഷന്റെ കൊച്ചി സെന്ററിന്റെ മേധാവി എസ്. മാധവൻ എിവർ ചടങ്ങിൽ സിഹിതരായിരു്. സി.എസ്.ആർ.–ന്റെ (കോർപ്പറേറ്റ് സോഷ്യൽ റെസ്പോസിബിലിറ്റി) ഭാഗമായി കോഗ്നിസെന്റ് ഫൗണ്ടേഷനാണ് ലാപ്റോസ്കോപിക്ക് സർജറിക്ക് ആവശ്യമായ യന്ത്രോപകരണങ്ങൾ സംഭാവന ചെയ്തത്.

ക്യാൻസർ നിർമാർജ്ജന യജ്ഞം

തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയും ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി ചിറ്റൂർ താലൂക്ക് ബ്രാഞ്ചും സംയുക്തമായി പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ വിവിധ പഞ്ചായത്തുകളിൽ അധിവസിക്കുന്ന ജനങ്ങളുടെ ആരോഗ്യ സംരക്ഷണം മുൻനിർത്തി സമൂഹത്തിൽ അതിവേഗം വ്യാപിച്ചുകൊണ്ടിരിക്കുന്ന ക്യാൻസർ എന്ന മഹാവിപത്തിനെകുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സംഘങ്ങളായി തിരിഞ്ഞ് വീടുകൾ തോറും കയറി നോട്ടീസുകളിലൂടെയും ക്ലാസുകളിലൂടെയും ജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിച്ചു. തൃശ്ശൂർ ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജിലെ നൂറോളം വിദ്യാർത്ഥികളും, അദ്ധ്യാപകരും, പേഷ്യന്റ് റിലേഷൻസ് കോർഡിനേറ്റർമാരും, റെഡ്ക്രോസ് വളണ്ടിയർമാരും, ആശവർക്കർമാരും സംയുക്തമായാണ് ബോധവത്കരണ ക്ലാസുകൾ നടത്തിയത്.

ആദ്യഘട്ട പ്രവർത്തനമെന്ന നിലയിൽ നല്ലേപ്പിള്ളി ഗവ യു. പി. സ്കൂളിൽ വെച്ച് സർജിക്കൽ ഓങ്കോളജിസ്റ്റ് ഡോ. ശ്രീകുമാർപിള്ളയും, മെഡിക്കൽ ആന്റ് ഹെമറ്റൊ ഓങ്കോളജിസ്റ്റ് ഡോ. മിഥുൻ ചാക്കോ ജോണിന്റേയും നേതൃത്വത്തിൽ മെഡിക്കൽ സംഘം ക്യാൻസർ

രോഗനിർണ്ണയ ക്യാമ്പ് നടത്തി. നൂറോളം ജനങ്ങൾ ക്യാമ്പിൽ പങ്കെടുത്തു.

ജേർണൽ ക്ലബ്ബ്

ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ചിന്റെ ആഭിമുഖ്യത്തിൽ ജേർണൽ ക്ലബ്ബിന്റെ 28–ാമത് യോഗം ന്യൂ സി.സി.എം. ഹാളിൽ നടന്നു. പീഡിയാട്രിക് വിഭാഗത്തിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. രതി ശാന്തകുമാർ പ്രബന്ധം അവതരിപ്പിച്ചു. സെപ്റ്റിക് ഷോക്ക് വന്ന കുട്ടികൾക്ക് ഫ്‌ളൂയിഡ് ബോളസ് കൊടുക്കുന്ന അളവും സമയവും സംബന്ധിച്ചുള്ള പഠനമാണ് അവതരിപ്പിച്ചത്. തുടർന്ന് നടന്ന ചർച്ചയിൽ ഡോ. ബാബു ഉർമീസ് പാലാട്ടി, ഡോ. ആൻഡ്രൂസ്, ഡോ. പി. ആർ. വർഗ്ഗീസ് എന്നിവർ പങ്കെടുത്തു.

ബ്രഹ്മകുളം സെന്റ് തോമസ് പള്ളിയിൽ പാലിയേറ്റീവ് കെയറിന്റെ ആഭിമുഖ്യത്തിൽ മെഗാ ക്യാമ്പ് നടന്നു. ജൂബിലി മിഷൻ ആശുപത്രിയുടെ ജനറൽ മെഡിസിൻ, ജനറൽ സർജറി, നേത്രരോഗവിഭാഗം, ഇ.എൻ.ടി., ഓർത്തോ, ഗൈനക്കോളജി, പീഡിയാട്രിക് വിഭാഗങ്ങളുടെ നേതൃത്വത്തിലാണ് ക്യാമ്പ് നടന്നത്. നാനൂറ്റി നാല്പത്തി നാല്പത് പേരോളം സേവനം പ്രയോജനപ്പെടുത്തി.

**പുതിയ ഡോക്ടർമാർ**

ഡോ. ഹരിസുതൻ ടി (സ്‌ട്രോക്ക് ആന്റ് ഇന്റർവെൻഷനൽ ന്യൂറോളജിസ്റ്റ്)

**അഭിനന്ദനങ്ങൾ .. ആശംസകൾ ..**

ഡോ. ഗോവിന്ദനുണ്ണിയേയും, ഡോ. സെറീന ഗിൽവാസിനേയും ഇന്ത്യ ടുഡേ കോൺക്ലേവ് 2018ൽ വെച്ച് കാർഡിയോളജിയിലേയും, ഗൈനക്കോളജിയിലേയും Distinguished Doctors in India ആയി യഥാക്രമം തെരഞ്ഞെടുത്തു.

"Acute Stroke Care - Pre Hospital Delay in an Indian Scenario" എന്ന വിഷയത്തെ ആസ്പദമാക്കി Chinese Stroke Association and Stroke 120 Task Forceന്റെ ആഭിമുഖ്യത്തിൽ Penn Wharton, China Centre, Beijing ൽ വച്ചുനടന്ന സിംപോസിയത്തിൽ എമർജൻസി മെഡിസിൻ വിഭാഗത്തിലെ അസി. പ്രൊഫസർ ഡോ. സിജു വി. അബ്രഹാം പ്രബന്ധം അവതരിപ്പിച്ചു.

ജൂൺ 2018 ൽ നടന്ന ഓൾ ഇന്ത്യ (CMAI) ഒപ്റ്റോമെട്രി അവസാന വർഷ പരീക്ഷയിൽ ഹരിഷ്മ പി. എം. ഒന്നാം റാങ്ക് കരസ്ഥമാക്കി.

അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ
ശ്രീ. ദീപക് ആന്റണി, ആളൂക്കാരൻ ഹൗസ്, തൃശ്ശൂർ
ഡയാലിസിസിന് സംഭാവന നൽകിയവർ
ശ്രീ. ജൂലി ജോസ്, ആളൂർ ഹൗസ്, ആർത്താറ്റ് പി. ഒ., കുന്ദംകുളം, തൃശ്ശൂർ
(28 ഡയാലിസിസ്)
സെന്റ് ആന്റണീസ് ചർച്ച്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, ചിറക്കൽ, തൃശ്ശൂർ (14 ഡയാലിസിസ്)
'സേക്രട്ട് ഹാർട്ട് ഷ്റൈൻ, പെരിഞ്ചേരി, തൃശ്ശൂർ (71 ഡയാലിസിസ്)

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




## മഹാജൂബിലി ട്രെയിനിംഗ് കോളേജ്

മെഹന്തിഫെസ്റ്റ് സംഘടിപ്പിച്ചു

മുള്ളൂർക്കര : മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ റംസാനോടനുബന്ധിച്ച് ജൂൺ 14–ാം തിയ്യതി മെഹന്തി ഫെസ്റ്റ് സംഘടിപ്പിച്ചു. ഫെസ്റ്റിൽ മഹാത്മ ഹൗസ് ഒന്നാംസ്ഥാനം കരസ്ഥമാക്കി. അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും നിറസാന്നിദ്ധ്യം ശ്രദ്ധേയമായിരുന്നു. തുടർന്ന് പ്രിൻസിപ്പൽ റവ.ഫാദർ ചാക്കോ ചിറമ്മൽ എല്ലാവർക്കും റംസാൻ ആശംസകൾ നേർന്നു.

ഫിക്സ്ചർ പ്രദർശിപ്പിച്ചു

മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ ഫുട്ബോൾ ലോകകപ്പിനോടനുബന്ധിച്ച് ജൂൺ 14–ാം തിയ്യതി ഫിക്സ്ചർ പ്രദർശിപ്പിച്ചു.

അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും സാന്നിദ്ധ്യത്തിൽ റവ.ഫാദർ ചാക്കോ ചിറമ്മലും, സ്പോർട്സ് ക്യാപ്റ്റൻ ജെഫിൻ.പി.ജെയും സംയുക്തമായി പ്രദർശനം നിർവഹിച്ചു. തുടർന്ന് ലോകകപ്പിനെ സ്വാഗതം ചെയ്തുകൊണ്ട് ഫാദർ ചാക്കോ ചിറമ്മൽ ആദ്യ കിക്ക് ഓഫ് നിർവഹിച്ചു.

നവാഗതർക്ക് സ്വാഗതം

മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ 2018–2020 അധ്യായന വർഷത്തിലെ നവാഗതർക്ക് ജൂലൈ 2–ാം തിയ്യതിഹൃദ്യമായ സ്വീകരണം നൽകി. പ്രസ്തുത യോഗത്തിൽ കോളേജ് മാനേജർ മോൺ തോമസ് കാക്കശ്ശേരി ഉദ്ഘാടനം നിർവഹിച്ചു.

തിരുന്നാൾ ആഘോഷിച്ചു

മഹാജൂബിലി ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽ ഫാ.ചാക്കോ ചിറമ്മലിന്റെ തിരുന്നാൾ ജൂലൈ 25ന് സമുചിതമായി ആഘോഷിച്ചു.

**റവ.ഡോ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

**ഫാ. ബാബു അപ്പാടൻ**
അസി. മാനേജർ

# കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

1. **ഓർമ്മിക്കാൻ ............ ആചരിക്കാൻ 2018 ആഗസ്റ്റ്**

| | | |
|---|---|---|
| 3 (വെള്ളി) | – | ആദ്യവെള്ളി, വി. കുർബാന |
| 4 (ശനി) | – | വി. ജോൺ. മരിയവിയാനി |
| 9 (വ്യാഴം) | – | ക്വിററ് ഇന്ത്യാദിനം |
| 11 (ശനി) | – | വി. ക്ലാര |
| 15 (ബുധൻ) | – | ഇന്ത്യൻ സ്വാതന്ത്ര്യദിനം |
| | | മറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ |
| 21 (ചൊവ്വ) | – | വി. പത്താം പിയൂസ് മാർപ്പാപ്പ |

28 (ചൊവ്വ) – വി. അഗസ്തീനോസ്

29 (ബുധൻ) – വി. എവുപ്രാസ്യ

**2. മെരിററ് ഡേ സമ്മേളനം**

കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി 2018 ജൂലൈ 6 ന് വെള്ളിയാഴ്ച മെരിററ് ഡേ ആഘോഷിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് ഡി. ബി. സി. എൽ. സി. ഓഡിറേറാറിയത്തിൽ വെച്ച് നടന്ന മെരിററ് ഡേ സമ്മേളനം അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് ഉൽഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ചു. ഫാ. ജോൺസൺ ഒലക്കേങ്കിൽ, ഫാ. റാഫേൽ താണിശ്ശേരി എന്നിവർ വിജയികൾക്ക് ആശംസകൾ നേർന്നു. പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സ്കൂളുകൾക്കുമുള്ള സർട്ടിഫിക്കററും ക്യാഷ് അവാർഡുകളും ട്രോഫികളും അഭിവന്ദ്യ പിതാവ് നൽകി. എല്ലാവർക്കും അഭിനന്ദനങ്ങൾ!

**3. മാനേജർ / ഉപദേശകസമിതി യോഗങ്ങൾ**

അതിരൂപത കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ മാനേജർമാരുടെ യോഗം 25–6–2018 നും കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ ഉപദേശകസമിതി യോഗം 27–6–2018 നും വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരിയുടെ മഹനീയ അദ്ധ്യക്ഷതയിൽ കൂടി അനുകാലിക വിദ്യാഭ്യാസ പ്രശ്നങ്ങൾ ചർച്ച ചെയ്തു.

**4. Result of The Scholarship Examination Held on March 03 2018**

| Sl.No. | Rank | Name of pupil | Name of School |
|---|---|---|---|
| **Standard I** | | | |
| 1. | First | Agna Joseph | St. Thomas U.P.S., Koonammuchi. |
| 2. | Second | Shaza Fathima N.T. | St. Joseph's L.P.S., Pavaratty. |
| 3. | Third | Adith P.S. | St. Francis Xavier's R.C.U.P.S., Vatanappally. |
| 4. | Third | Aslaha A.A. | St. Joseph's U.P.S., Kundannur. |

**Pupils who secured 60% of marks and above**

5. Jeniliya K. Biju St. Francis L.P.S., Pudussery.

| | |
|---|---|
| 6. Jishan P. Shaiju | St. Xavier's U.P.S., Velur. |
| 7. Sanvi Krishna | Mission Home L.P.S., Mariapuram. |
| 8. Aryendhu P.R. | St. Antony's L.P.S., Varandarappilly. |
| 9. Yadukrishnan T.D. | St. Joseph's H.S., Enamakkal. |
| 10. Avandhika K.U. | Matha H.S., Mannampetta. |
| 11. Parthiv Hariharan | C.A.L.P.S., Chevoor. |
| 12. Jasmine Simon | St. Ignatius U.P.S., Manalur. |
| 13. Ananya T.B. | St. Francis Xavier's L.P.S., Vendore. |
| 14. Parvathy P.J. | St. Louis L.P.S., Venmenad. |
| 15. Alwin A.B. | St. Antony's U.P.S., Kodannur. |
| 16. Angelin Rose | St. Thomas L.P.S., Thiroor. |
| 17. Aleena A. Anto | St. Francis L.P.S., Attathara. |
| 18. Penuel P. Joseph | R.C.U.P.S., Thoyakkavu. |
| 19. Aiswarya M. | R.C.C.L.P.S., East Mangad. |
| 20. Muhammed Safwan P.M. | St. Sebastian's R.C.L.P.S., Valapad. |

**Standard II**

| | | |
|---|---|---|
| 21. First | Dhrisya C.D. | St. John's L.P.S., Parappur. |
| 22. Second | Angelo Shalbi | St. Thomas L.P.S., Thiroor. |
| 23. Third | Arjun Krishna T.H. | St. Antony's L.P.S., Attupuram. |

**Pupils who secured 60% of marks and above**

| | |
|---|---|
| 24. Sree Bhadra U.R. | St. Mary's A.L.P.S., Pallissery. |
| 25. Thejus T.H. | St. Thomas L.P.S., Arthat. |
| 26. Aswin E. Nair | Matha H.S., Mannampetta. |
| 27. Aswathy Anilkumar | St. Joseph's U.P.S., Kundannur. |
| 28. Christy C.T. | St. Thomas C.G.S., Kanjany. |
| 29. Ancil Rose | St. Joseph's H.S., Enamakkal. |
| 30. Sreelakshmi V.B. | St. Antony's L.P.S., Varandarappilly. |
| 31. Oleeria Joffy A. | St. Sebastian's H.S., Chittattukara. |
| 32. Angel Juslie Shajan | St. Francis L.P.S., Wadakkanchery. |
| 33. Amith O.A. | R.C.C.L.P.S., East Mangad. |

| | |
|---|---|
| 34. Muhammadh Zayan | St. Francis Xavier's R.C.U.P.S., Vatanappally. |
| 35. Pallavi Babu | Mission Home L.P.S., Mariapuram. |
| 36. Sourav T.M. | St. Joseph's L.P.S., Pavaratty. |
| 37. Anirudh M.S. | St. Thomas U.P.S., Koonammuchi. |
| 38. Sreehari C.R. | Little Flower L.P.S., Ponnore. |
| 39. Abinav P.J. | St. Sebastian's R.C.L.P.S., Valapad. |
| 40. Abinav Prasad | St. Xavier's U.P.S., Velur. |
| 41. Alna Baby | St. Antony's L.P.S., Pudukad. |
| 42. Diya P.B. | St. Louis L.P.S., Venmenad. |
| 43. Savinay P. Sandheep | R.C.U.P.S., Thoyakkavu. |
| 44. Sivapriya A.G. | St. Francis Xavier's L.P.S., Vendore. |
| 45. Anna Rose | St. Jose A.L.P.S., Marathakara. |

**Standard III**

| | | | |
|---|---|---|---|
| 46. | First | Baradwaj P. | St. Jose A.L.P.S., Marathakara. |
| 47. | Second | Avani P.J. | St. Sebastian's R.C.L.P.S., Valapad. |
| 48. | Third | Megha C.A. | St. Joseph's U.P.S., Kundannur. |
| 49. | Third | Kevin Babu | St. Joseph's L.P.S., Pavaratty. |
| 50. | Third | Irine Jose | St. Antony's L.P.S., Varandarappilly. |

**Pupils who secured 60% of marks and above**

| | |
|---|---|
| 51. Jolsana Joshi | St. Mary's A.L.P.S., Pallissery. |
| 52. Avani K. Dineesh | St. Antony's L.P.S., Pudukad. |
| 53. Emerin N.C. | St. John's L.P.S., Parappur. |
| 54. Delwin Liju | St. Francis Xavier's L.P.S., Vendore. |
| 55. Abishek Sunil | St. Anton's U.P.S., Poovathur. |
| 56. Mugdha K. | Pope John L.P.S., Kuriachira. |
| 57. Shivagathri M.B. | Mission Home L.P.S., Mariapuram. |

58. Dheeraj Nair — St. Thomas L.P.S., Thiroor.
59. Aparan K.S. — St. Antony's L.P.S., Attupuram.
60. Jeen Joy C. — St. Joseph's H.S., Enamakkal.
61. Sreyas M. — St. Antony's U.P.S., Kodannur.
62. Devanandha M.B. — St. Thomas L.P.S., Arthat.
63. Minha Fathima V.A. — R.C.U.P.S., Kottapadi.
64. Emil Francis — St. Xavier's U.P.S. Velur.

**Standard V**

| | | | |
|---|---|---|---|
| 65. | First | Sreelakshmi T. | St. Antony's H.S.S., Ammadam. |
| 66. | Second | Irene M.M. | A.U.P.S., Vendore. |
| 67. | Third | Jeevan Krishna V.A. | St. Ignatius U.P.S., Manalur. |

**Pupils who secured 60% of marks and above**

| | |
|---|---|
| 68.Mariya Davis | St. Thomas H.S.S. Thiroor. |
| 69.Aswin K.A. | St. Thomas C.H.S.S., Thrissur. |
| 70.Jerin Johnson | C.J.M.A.H.S.S., Varandarappilly. |
| 71.Arukshitha | St. Antony's U.P.S., Kodannur. |
| 72. Archana P.S. | St. Thomas H.S.S., Mayannur. |
| 73. Partha Prasad P. | St. Thomas H.S.S., Engandiyur. |
| 74. Denna Mariya P.D. | St. John's ഒ.ട.ട., Parappur. |
| 75. Vyasa Peter S. | St. Sebastian's H.S., Chittattukara. |
| 76. Annliz Joby | St. Antony's H.S.S., Pazhuvil. |
| 77. Aleena Joseph | St. Antony's H.S.S., Puthenpeedika. |
| 78. Archana A.R. | St. George's U.P.S., Mukkattukara. |

**Standard VI**

| | | | |
|---|---|---|---|
| 79. | First | Sudev P.S. | St. Mary's H.S., Chengaloor. |
| 80. | Second | Sreehari K.S. | St. Thomas H.S.S., Thiroor. |
| 81. | Third | Aljo George | A.U.P.S., Vendore. |

**Pupils who secured 60% of marks and above**

| | |
|---|---|
| 82. Syamjith P.S. | St. John's H.S.S., Parappur. |
| 83. Juliya Joju | St. Antony's U.P.S., Kodannur. |
| 84. Anusha P.S. | St. George's U.P.S., Mukkattukara. |
| 85. Krishnedhu C.S. | St. Antony's H.S.S., Puthenpeedika. |
| 86. Muhammed Sinan T.J. | St. Thomas U.P.S., Kooanmmuchi. |
| 87. Arathy S. | St. Francis Xavier's R.C.U.P.S., Vatanappally. |

**Standard VIII**

| | | | |
|---|---|---|---|
| 88. | First | Ann Maria K. | Matha H.S., Mannampetta. |
| 89. | Second | Neha Prinson | St. Mary's H.S., Chengaloor. |
| 90. | Third | Ajay Pavan K.G. | St. Xavier's H.S., Chevoor. |

**Pupils who secured 60% of marks and above**

| | |
|---|---|
| 91. Anagha C.J. | St. Sebastian's H.S., Chittattukara. |
| 92. Avani Joshy V.J. | St. John's H.S.S., Parappur. |
| 93. Jainy K.J. | C.J.M.A.H.S.S., Varandarappilly. |
| 94. Jina Treesa P.J. | St. Thomas H.S.S., Engandiyur. |
| 95. Athulya P.R. | St. Sebastian's H.S., Mannamangalam. |
| 96. Aparna N.P. | St. Joseph's H.S.S., Avinissery. |
| 97. Karthika M. | St. Thomas H.S.S., Mayannur. |
| 98. Nithya P.R. | St. Thomas H.S.S., Thiroor. |
| 99. Anitta Lorance A. | St. Antony's H.S.S., Ammadam. |
| 100. Vivek C.S. | St. Antony's H.S.S., Pudukad. |
| 101. Edwin Thomas | St. Thomas C.H.S.S., Thrissur. |

**Standard IX**

| | | | |
|---|---|---|---|
| 1. | First | Agna Joseph | St. Thomas U.P.S., |
| 102. | First | Sandra Paul | C.J.M.A.H.S.S., Varandarappilly. |
| 103. | Second | Vishnu Sivasankar | St. Sebastian's H.S., |

| | | |
|---|---|---|
| | | Mannamangalam. |
| 104. | Third Navyalakshmi K.S. | St. Thomas H.S.S., Thiroor. |

**Pupils who secured 60% of marks and above**

| | |
|---|---|
| 105. Shivani M.S. | St. Sebastian's H.S., Chittattukara. |
| 106. Sreeshma K. | St. Thomas H.S.S., Mayannur. |
| 107. Leema Manoj | St. John's H.S.S., Parappur. |

**ഫാ. ആന്റണി ചെമ്പകശ്ശേരി,**
കോർപറേറ്റ് മാനേജർ




## ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

- **Coding Contest for Students** : ജൂൺ 30ന്, **IEEE-IAS** ന്റെ നേതൃത്വത്തിൽ മൂന്ന്, നാല് വർഷ വിദ്യാർത്ഥികൾക്കായി **Coding Contest** സംഘടിപ്പിച്ചു. 100ൽ പരം വിദ്യാർത്ഥികൾ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.

- **ഫിഫ വേൾഡ് കപ്പ് 2018** : ഫിഫ വേൾഡ് കപ്പ് 2018 നടന്നുകൊണ്ടിരിക്കുന്ന ഈ വേളയിൽ, ജ്യോതി എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെ ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു.

- **അദ്ധ്യാപക പരിശീലനപരിപാടി** : ജ്യോതി എഞ്ചിനീയറിംഗ് കോളേജ് റിസർച്ച് & ഡവലപ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ "Introduction to Research through Research Methodology and Mathematics" എന്നവിഷയത്തെ അധികരിച്ച് ത്രിദിന അദ്ധ്യാപക പരിശീലന പരിപാടി സംഘടിപ്പിച്ചു. പ്രസ്തുത വിഷയത്തെപ്പറ്റി കോളേജിലെ മുതിർന്ന അദ്ധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി.

- **പുഴകളും സുസ്ഥിരതയും–ഏകദിനസെമിനാർ** : ജ്യോതി എഞ്ചിനീയറിംഗ് കോളേജ് സിവിൽ എഞ്ചിനീയേഴ്സ് അസോസിയേഷന്റെയും

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയേഴ്സ് ഇന്ത്യുടേയും സംയുക്താഭിമുഖ്യത്തിൽ പുഴകളും സുസ്ഥിരതയും എന്ന വിഷയത്തെക്കുറിച്ച് ഏകദിനസെമിനാർ സംഘടിപ്പിച്ചു. ജ്യോതി എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ. ഫാ. ജെയ്സൺ പോൾ മുളേരിക്കൽ സി.എം.ഐ. ഉദ്ഘാടനം നിർവ്വഹിച്ചു. കഥാകഥനത്തിലൂടെ പുഴകളുടെ സുസ്ഥിരതയേയും സ്വഭാവവ്യതിയാനത്തേയും പറ്റി ബോധവൽക്കരണം നടത്തേണ്ട രീതിയെക്കുറിച്ച് ഫുൾ ബ്രൈറ്റ് റിസർച്ച് സ്കോളർ ജോർദാൻ.പി. വുഡ് വേഡ് പ്രഭാഷണം നടത്തി. ഇതിനോടനുബന്ധിച്ചുള്ള ചർച്ചയിൽ കോളേജിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്തു.

- **Staff Academic Retreat :** ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപർക്കായി സംഘടിപ്പിച്ച **Academic Retreat** മൂവാറ്റുപുഴയിൽ ജൂലായ് 9 മുതൽ 11 വരെ സംഘടിപ്പിച്ചു.

**ഫാ. റോയ് ജോസഫ് വടക്കൻ**
**ഫാ. ജോജു ചിരിയൻങ്കണ്ടത്ത്**
**അസി. മാനേജേഴ്സ്**

**മോൺ. തോമസ് കാക്കശ്ശേരി**
**മാനേജർ**

# സാന്ത്വനം

**തൊഴിലധിഷ്ഠിത നൈപുണ്യ വികസനപരിശീലനം നടത്തി**

സാന്ത്വനത്തിന്റെ ആഭിമുഖ്യത്തിൽ, എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യയുടെ മൈക്രോ എന്റർപ്രൈസ് ഡെവലപ്പ്മെന്റ് പ്രോഗ്രാം പെരിഞ്ചേരിയിൽ ആരംഭിച്ചു. ആഗോള പ്രശസ്തമായ ഏക്സഞ്ചർ കമ്പനിയുടെ സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമായുള്ള സാമ്പത്തിക സഹായം ഈ പദ്ധതിക്ക് ലഭ്യമാണ്. സമൂഹത്തിലെ നിർദ്ധനവിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരായ സ്ത്രീകളെ സ്വയം തൊഴിൽ ആരംഭിക്കാൻ പ്രാപ്തരാക്കുക എന്നതാണ് ഇത് ലക്ഷ്യമിടുന്നത്. അഭിമുഖത്തിനുശേഷം തിരഞ്ഞെടുക്കപ്പെട്ട 46 സ്ത്രീകൾക്കാണ് സാനിറ്ററി നാപ്കിൻ എന്ന വിഷയത്തിൽ പരിശീലനം നല്കുന്നത്. മാർക്കറ്റിങ്ങ്, മാർക്കറ്റിങ്ങിന്റെ സാധ്യതകൾ, പരസ്യത്തിന്റെ പ്രാധാന്യം, ലോൺ എങ്ങനെ ലഭ്യമാക്കാം, ഫീൽഡ്

വിസിറ്റുകൾ, സാനിറ്ററി നാപ്കിന്റെ നിർമ്മാണം തുടങ്ങിയവ ഉൾപ്പെടുന്നതാണ് പരിശീലനം.

**'സെന്റ് തോമസ് ഡെ' ആചരിച്ചു**

ഭാരതത്തിന്റെ അപ്പസ്തോലനായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുന്നാളിനോടനുബന്ധിച്ച് സാന്ത്വനം പ്രസിഡണ്ട് റവ.മോൺ. തോമസ് കാക്കശ്ശേരിയുടെ തിരുന്നാൾ ആചരിച്ചു. അതോടൊപ്പം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, ശ്രീ. തോമസ് പെരിഞ്ചേരി എന്നിവർക്കും ജന്മദിനം ആഘോഷിക്കുന്നവർക്കും ആശംസകളും അനുമോദനങ്ങളും നേരുകയുണ്ടായി. തദവസരത്തിൽ സ്റ്റാഫ് മീറ്റിങ്ങ് കൂടുകയും കഴിഞ്ഞമാസത്തെ റിപ്പോർട്ടുകൾ അവതരിപ്പിച്ച് വിലയിരുത്തുകയും ചെയ്തു. തുടർന്ന് സാന്ത്വനത്തിൽ പുതുതായി നടപ്പിൽ വരുത്തുന്ന ഓഫീസ് സമയക്രമം, ഉത്തരവാദിത്വമാറ്റങ്ങൾ, ശമ്പളപരിഷ്കരണം, മറ്റുസംവിധാനങ്ങൾ എന്നിവയെക്കുറിച്ച് ഡയറക്ടർ സ്റ്റാഫംഗങ്ങളെ അറിയിച്ചു. തുടർന്ന് സ്റ്റാഫ് സെക്രട്ടറിയായി ശ്രീമതി. ലിമി അജുവിനെ തെരഞ്ഞെടുത്തു. തിരുന്നാൾ, ജന്മദിനം എന്നിവ ആഘോഷിക്കുന്നവർ മോൺ. തോമസ് കാക്കശ്ശേരിയൊന്നിച്ച് കേക്ക് മുറിക്കുകയും സ്നേഹവിരുന്നോടുകൂടി യോഗം അവസാനിപ്പിക്കുകയും ചെയ്തു.

**ഗവേണിംഗ് ബോർഡ് യോഗങ്ങൾ സംഘടിപ്പിച്ചു**

സാന്ത്വനം സോഷ്യൽ അപ്പസ്തോലേറ്റിന്റെ കീഴിലുള്ള സോഷ്യൽ ആക്ഷൻ, സോഷ്യൽ വെൽഫെയർ സെന്റർ, സോഷ്യൽ സെന്റർ ഹൗസിങ്ങ്, സേവ് എ ഫാമിലി, സാന്ത്വനം ട്രസ്റ്റ്, സ്വിഫ്റ്റ് മൈക്രോ ക്രെഡിറ്റേഴ്സ്, സോഷ്യൽ വെൽഫെയർ ഐഡിയൽ ഫോറം എന്നിവയുടെ ബോർഡ് യോഗങ്ങൾ വിവിധ ദിവസങ്ങളിൽ കൂടുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവിപരിപാടികൾ ചർച്ച ചെയ്യുകയും ചെയ്തു. സോഷ്യൽ വെൽഫെയർ സെന്ററിലേക്ക് പുതുതായി നോമിനേറ്റ് ചെയ്യപ്പെട്ട ഫാ.ജോൺസൺ അന്തിക്കാടനെ പ്രത്യേകമായി സ്വാഗതം ചെയ്തു. തദവസരത്തിൽ 2017-18 വർഷത്തെ ഓഡിറ്റ് ചെയ്ത കണക്കുകൾ വായിച്ച് പാസ്സാക്കി.

**ദ്വിദിന ക്യാമ്പ് സംഘടിപ്പിച്ചു**

സോഷ്യൽ ആക്ഷന്റെ കീഴിലുള്ള വരടിയം പാപ്പാനഗറിൽ കുട്ടികൾക്കായി ദ്വിദിന ക്യാമ്പ് സംഘടിപ്പിച്ചു. ഡൊമിനിക്കൻ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ക്യാമ്പിൽ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകൾ, കളികൾ, വർക്ക്ഷോപ്പുകൾ എന്നിവ ഉണ്ടായിരുന്നു. സാന്ത്വനം ഡയറക്ടർ, സ്റ്റാഫ് ശ്രീ. അഖിൽ തോമസ് , റവ. സി. ലാലമ്മ, റവ. സി. ലിസ, ഹെൽത്ത് ഓഫീസർ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. ക്യാമ്പ് നടത്തുന്നതിന് ഗ്രാമവാസികൾ സഹകരിക്കുകയും ചെയ്തു.

**ബോധവല്ക്കരണക്ലാസ്സും സമ്മേളനവും നടത്തി**

സ്വയം സഹായ സംഘങ്ങളെക്കുറിച്ചുള്ള ക്ലാസ്സും സാന്ത്വന ത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായസംഘങ്ങൾക്ക് ലഭി ക്കുന്ന ആനുകൂല്യങ്ങൾ, സേവനങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധ വല്ക്കരണവും വീണ്ടശ്ശേരി, ചിറ്റിശ്ശേരി, മുളയം ഇടവകകളിൽ നട ത്തപ്പെട്ടു. ഓരോ ഇടവകയിലെയും വികാരിയച്ചന്മാർ, സ്വയംസഹാ യസംഘങ്ങളിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നവർ, പ്രവർത്തിക്കു വാൻ ആഗ്രഹിക്കുന്നവർ എന്നിവർ യോഗങ്ങളിൽ പങ്കെടുത്തു. സാന്ത്വനം ഡയറക്ടർ ക്ലാസ്സുകൾ നയിക്കുകയും സംശയങ്ങൾക്ക് മറുപടി നല്കുകയും ചെയ്തു.

**സേവ് എ ഫാമിലി**

സേവ് എ ഫാമിലിയുടെ ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമി ലേക്ക് സേവ് എ ഫാമിലി പ്ലാനിന്റെ മാനദണ്ഡപ്രകാരം പറപ്പൂർ ഇടവകയിൽ നിന്നും ഒരു കുടുംബത്തെ തെരഞ്ഞെടുത്തു. കൂടാതെ ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിൽ 6 വർഷം പൂർത്തിയാക്കിയ 11 ഗുണഭോക്തൃ കുടുംബങ്ങളുടെ പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കു കയും ഓൺലൈനിൽ അപ്ഡേറ്റ് ചെയ്യുകയും ചെയ്തു. 284 ഗുണ ഭോക്തൃ കുടുംബങ്ങൾ തങ്ങളെ സഹായിക്കുന്ന ഉപകാരികൾക്കുള്ള കത്തുകൾ അയച്ചു. പദ്ധതി മുഖേന ലഭിച്ച തുക കൊണ്ട് അവർ നടത്തിയ പ്രവർത്തനങ്ങളും കുടുംബത്തിലെ എല്ലാ അംഗങ്ങളുടെ വിവരങ്ങളും അടങ്ങുന്നതാണ് കത്ത്. കഴിഞ്ഞ മാസം FDP മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

വില്ലടം–Rs.10,000/-, പാലയൂർ–Rs.25,000/-, മനക്കൊടി–Rs.30,000, പോന്നോർ–Rs.25,000/-, മാന്ദാമംഗലം–Rs.14,000/-, പേരകം–Rs.7,000, അരിമ്പൂർ–Rs.33,562/-, എറവ്–Rs.15,000/-.

**ഗോഡ്സ് ഓൺ ഫാമിലി – സെന്റർ ലെവൽ മീറ്റിങ്ങ് സംഘടി പ്പിച്ചു**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയുടെ ഭാഗമായി നടത്തിവരുന്ന സെന്റർ ലെവൽ മീറ്റിങ്ങ് അരിമ്പൂരിൽ, ആനിമേറ്ററുടെ നേതൃത്വ ത്തിൽ സംഘടിപ്പിച്ചു. ഇതോടനുബന്ധിച്ച് ഈ തവണ പുതിയതായി വന്ന മാരകമായ പനിയായ നിപ്പയെക്കുറിച്ചും അതിന്റെ ലക്ഷണങ്ങ ളെക്കുറിച്ചും എടുക്കേണ്ട മുൻകരുതലുകളെക്കുറിച്ചും മറ്റു മഴക്കാല രോഗങ്ങളായ ഡെങ്കിപ്പനി, എലിപ്പനി, എച്ച് 1 എൻ 1 എന്നിവയെ ക്കുറിച്ചും ബോധവല്ക്കരണക്ലാസ്സ് നടത്തുകയുണ്ടായി.

**ഗോഡ്സ് ഓൺ ഫാമിലി പദ്ധതി മുഖേന സഹായം ലഭിച്ച ഇട വകയും സംഖ്യയും താഴെ ചേർക്കുന്നു**

പടവരാട്–Rs.10,000/-, അന്തിക്കാട്–Rs.5,000/-, ഒല്ലൂർ–Rs.12,250, തലോർ–Rs.6,000/-, പെരിഞ്ചേരി–Rs.5,000/-, ചേലക്കര–Rs.55,000/, കല്ലൂർ–Rs.20,000/-, വേലൂർ–Rs.7,000/-, തെക്കും പാടം–Rs.13,000/, ലൂർദ്ദ്–Rs.15,000/-, അരിമ്പൂർ–Rs.17,000/-, പള്ളിക്കുന്ന്–Rs.10,000-

**സ്നേഹനിധി വാർഷിക പൊതുയോഗങ്ങൾ നടന്നു.**

എരനെല്ലൂർ, അരിമ്പൂർ, ചേറ്റുപുഴ, നെല്ലങ്കര, പനമുക്ക് എന്നീ യൂണിറ്റുകളിൽ വാർഷിക പൊതുയോഗം നടന്നു.യോഗത്തിൽ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കണക്കുകൾ അവതരിപ്പിച്ച് പാസാക്കുകയും ചെയ്തു. യോഗങ്ങളിൽ വികാരിമാർ, സാന്ത്വനം ഡയറക്ടർ, സ്നേഹനിധി കോ–ഓർഡിനേറ്റർ എന്നിവർ സന്നിഹിതരായിരുന്നു. യോഗത്തോടനുബന്ധിച്ച് സാന്ത്വനം ഡയറക്ടർ ബോധവല്ക്കരണക്ലാസ്സ് സംഘടിപ്പിക്കുകയുണ്ടായി.

**കരുതൽ ക്ഷേമ പദ്ധതി**

സ്നേഹനിധി അംഗങ്ങൾക്കു വേണ്ടിയുള്ള കരുതൽ ക്ഷേമപദ്ധതിയിൽ നിന്നും 212 അംഗങ്ങൾ ക്കായി 11,22,980 രൂപ സഹായം നല്കി. 139 പേർക്ക് വിവാഹസഹായവും 60 പേർക്ക് ചികിത്സാസഹായവും 13 പേർക്ക് മരണാനന്തരസഹായവുമാണ് നല്കിയത്.

**മാറ്റിവെച്ചു**

സ്നേഹനിധിയുടെ നടത്താൻ നിശ്ചയിച്ചിരുന്ന മേഖലാതലസംഗമവും ഫൊറോന തെരഞ്ഞെടുപ്പും അതിരൂപത ഇലക്ഷനും മാറ്റി വെച്ചു. പുതുക്കിയ തീയ്യതി പിന്നീട് അറിയിക്കുന്നതായിരിക്കും.

**ഫാ. തോമസ് പൂപ്പാടി**
ഡയറക്ടർ



# ഫാമിലി അപ്പോസ്റ്റലേറ്റ്

**ഏകസ്ഥരുടെ കൂട്ടായ്മ ആഗസ്റ്റ് 18 ശനി**

തൃശ്ശൂർ അതിരൂപതയിലെ ഏകസ്ഥരായി കഴിയുന്നവർക്കായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഏകദിന കൂട്ടായ്മ ആഗസ്റ്റ് 18–ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് ഒരു മണിക്ക് വി.കുർബ്ബാനയോടെ സമാപിക്കും. ഏകസ്ഥരായി കഴിയുന്നവരെ സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കും പരിവർത്തനത്തിനുമായി ഉപയോഗിക്കണമെന്നത് ദൈവീകപദ്ധതിയും സഭയുടെ പഠനവുമാണ്. ഈ ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നതോടൊപ്പം പര

സ്പരം പ്രാർത്ഥിച്ചും പങ്കുവച്ചും വളരുന്നതിനുള്ള അവസരമാണ് ഏക സ്ഥരുടെ കൂട്ടായ്മ. ഈ മഹനീയലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന ഏക ദിന കൂട്ടായ്മയിലേക്ക് ഏകസ്ഥരായി കഴിയുന്ന എല്ലാ സഹോദരങ്ങ ളേയും ക്ഷണിക്കുന്നു.

**നവദമ്പതിസംഗമം (ആഗസ്റ്റ് 19 ഞായർ)**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ നവദമ്പതികളുടെ ഏട്ടാമത്തെ കൂട്ടായ്മയാണ് ആഗസ്റ്റ് 19–ാം തിയ്യതി ഫാമിലിഅപ്പൊസ്റ്റൊ ലേറ്റിൽ വച്ച് നടത്തുന്നത്. 2018 ഏപ്രിൽ, മെയ്, ജൂൺ, ജൂലായ് മാസ ങ്ങളിൽ വിവാഹിതരായവരാണ് ഈ കൂട്ടായ്മയിൽ പങ്കെടുക്കേണ്ടത്. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന നവദമ്പതി സംഗ മത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. സമയം രാവിലെ 9.30 മുതൽ 1.00 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കു ന്നതാണ്.

**ബധിരരും മൂകരുമായ വിവാഹിതർക്കുള്ള**
**പോസ്റ്റ് കാന കോഴ്സ് (ആഗസ്റ്റ് 27 തിങ്കൾ)**

തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ബധിരരും മൂകരുമായ വിവാഹിതർക്കുള്ള ഏകദിന പോസ്റ്റ് കാന കോഴ്സ് ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് ആഗസ്റ്റ് 27–ാം തിയ്യതി തിങ്കളാഴ്ച്ച നടക്കു ന്നു. വിവാഹിതരായ എല്ലാ ബധിരരും മൂകരുമായിട്ടുള്ളവരെ ക്ഷണി ക്കുന്നു. ബഹു. വികാരിയച്ചന്മാർ ഇടവകയിലെ ബധിരരും മൂകരുമായ വിവാഹിതരായ എല്ലാവരേയും പറഞ്ഞുവിടുമല്ലോ.

| | |
|---|---|
| **ഫാ. ഡെന്നി താണിക്കൽ** | **ഫാ. ജിയോ തെക്കിനിയത്ത്** |
| ഡയറക്ടർ | അസോ.ഡയറക്ടർ |




**മാധ്യമ വിചാരണയിൽ പ്രതിഷേധിക്കുന്നു : തൃശ്ശൂർ അതിരൂ പത കുടുംബകൂട്ടായ്മ**

ഈ അടുത്ത കുറച്ചു നാളുകളായി കത്തോലിക്കാസഭയേയും സഭ യിലെ പരിപാവനമായ കൂദാശകളേയും സഭാനേതൃത്വത്തേയും പര സ്യമായി അവഹേളിക്കുന്ന രീതിയിൽ പത്ര–ദൃശ്യ–ശ്രാവ്യ മാധ്യമങ്ങ

ളിലൂടെ സഭയിൽ നിസ്വാർത്ഥമായി സേവനം ചെയ്യുന്ന സമർപ്പിതരേയും വിശ്വാസികളേയും കരിവാരിത്തേക്കുന്ന ചിലരുടെ മാധ്യമ സംസ്ക്കാരത്തിൽ തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ ശക്തമായി പ്രതിഷേധിച്ചു. കൃത്യവും വ്യക്തവുമായ നിക്ഷിപ്ത താൽപര്യങ്ങളെ മുൻനിർത്തിക്കൊണ്ട് തങ്ങൾ ഉദ്ദേശിക്കുന്ന ലക്ഷ്യത്തിലേക്ക് കാര്യങ്ങളെ വളച്ചൊടിച്ചെത്തിക്കുന്ന ഈ രീതിക്കെതിരെ ജനങ്ങൾ ഒന്നടങ്കം പ്രതിഷേധിക്കണമെന്ന് അതിരൂപത കുടുംബകൂട്ടായ്മ ആഹ്വാനം ചെയ്തു. പ്രതിഷേധ യോഗത്തിൽ തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ ഡയറക്ടർ റവ. ഫാ. ഡെന്നി താണിക്കൽ അദ്ധ്യക്ഷനായിരുന്നു. അതിരൂപത കൺവീനർ ശ്രീ. എ.എ ആന്റണി പ്രതിഷേധ പ്രമേയം അവതരിപ്പിച്ചു. നിലവിലുള്ള സാഹചര്യങ്ങളേയും യഥാർത്ഥ വസ്തുതകളേയും കുറിച്ച് അതിരൂപത കുടുംബകൂട്ടായ്മ അസി. ഡയറക്ടർ ഫാ. സീജൻ ചക്കാലക്കൽ സംസാരിച്ചു. അതിരൂപത ജനറൽ സെക്രട്ടറി ശ്രീ. പോൾ പാറക്കൽ സ്വാഗതം പറഞ്ഞ പ്രതിഷേധ യോഗം അതിരൂപത ട്രഷറർ ശ്രീ. ഷിന്റോ മാത്യു നന്ദി പറഞ്ഞ് പര്യവസാനിച്ചു.

**ചർച്ചാപഠനപരിശീലന ക്യാമ്പ്**

**ആഗസ്റ്റ് 18 ശനി, 2.30 pm**

ജൂലായ് മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. സെപ്റ്റംബർ മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ആഗസ്റ്റ് 18-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് താൽപര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.

**കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായുള്ള മത്സരങ്ങൾ**

**സെപ്റ്റംബർ 29 ശനി**

ഇടവക, ഫൊറോന തല മത്സരങ്ങൾക്കുശേഷം അതിരൂപതാതല മത്സരങ്ങൾ സെപ്റ്റംബർ 29 ശനിയാഴ്ച ഫാമിലി അപ്പസ്റ്റൊലേറ്റ് ഹാളിൽ വച്ച് നടത്തപ്പെടുന്നു.

സെപ്റ്റംബർ 29 - 9.30 am to 11.00 am - നിമിഷപ്രസംഗം, പുത്തൻപാന പാരായണം

സെപ്റ്റംബർ 29 - 11.00 am to 1.30 pm - സംഘഗാനം

സെപ്റ്റംബർ 29 - 3.00 pm to 4.30 pm - പ്രബന്ധരചന, ചെറുകഥ, കവിതാ രചന

വിശദവിവരങ്ങൾ കഴിഞ്ഞ ലക്കത്തിൽ അറിയിച്ചിരുന്നു. സെപ്റ്റംബർ 15 നു മുൻപായി അതിരൂപത കുടുംബകൂട്ടായ്മ ഓഫീസിൽ പേരുകൾ നൽകേണ്ടതാണ്.

**കുടുംബകൂട്ടായ്മ ഭാരവാഹികൾ സഭയുടെ**
**യൗവനം കാക്കുന്നവർ**

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ ഇടവക കൺവീനർമാരുടെ സംഗമവും ജനറൽബോഡിയും ഫാമിലി അപ്പസ്റ്റൊലേറ്റിൽ വച്ച് നടക്കുകയുണ്ടായി. ഈ സംഗമം അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു. തദവസരത്തിൽ അഭിവന്ദ്യപിതാവ് കുടുംബകൂട്ടായ്മ ഭാരവാഹികൾ സഭയുടെ യൗവനം കാക്കുന്നവരും കാക്കേണ്ടവരുമാണ് എന്ന് ഓർമ്മപ്പെടുത്തി. തുടർന്ന് കുടുംബകൂട്ടായ്മ അതിരൂപത ജനറൽബോഡിയുടെയും ഇടവക കേന്ദ്രസമിതി കൺവീനർമാരുടെയും മക്കളിൽ 10, +2 വിഭാഗത്തിൽ ഫുൾ A+ നേടിയവരെ പ്രത്യേക പുരസ്കാരം നൽകി പിതാവ് ആദരിക്കുകയുണ്ടായി. കൂടാതെ പരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി 16 ഫൊറോനയിലെയും കൺവീനർമാർക്ക് വൃക്ഷതൈ നൽകികൊണ്ട് വിതരണോദ്ഘാടനം പിതാവ് നിർവ്വഹിച്ചു. തുടർന്ന് പങ്കെടുത്ത എല്ലാ ഭാരവാഹികൾക്കും വൃക്ഷതൈ വിതരണം ചെയ്യുകയുണ്ടായി. അതിരൂപത ഡയറക്ടർ റവ.ഫാ.ഡെന്നി താണിക്കൽ അദ്ധ്യക്ഷത വഹിച്ചു. അസി.ഡയറക്ടർ ഫാ. സീജൻ ചക്കാലക്കൽ, കുടുംബകൂട്ടായ്മ ജനറൽ കൺവീനർ ശ്രീ. എ.എ ആന്റണി, സെക്രട്ടറി ശ്രീ. പോൾ പാറക്കൽ, ട്രഷറർ ശ്രീ. ഷിന്റെ മാത്യു എന്നിവർ നേതൃത്വം കൊടുത്തു.

**പുതിയ അസി. ഡയറക്ടറച്ചന് സ്വാഗതം**

അതിരൂപത കുടുംബകൂട്ടായ്മയുടെ പുതിയ അസി.ഡയറക്ടറായി ചാർജെടുത്ത റവ.ഫാ.സീജൻ ചക്കാലക്കലിനെ ജനറൽ കൺവീനർ ശ്രീ. എ.എ ആന്റണി അതിരൂപത കുടുംബകൂട്ടായ്മ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം നേരുകയും ഡയറക്ടർ റവ.ഫാ.ഡെന്നി താണിക്കൽ പൂച്ചെണ്ട് നൽകി സ്വീകരിക്കുകയും ചെയ്തു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. സീജൻ ചക്കാലക്കൽ**
അസി. ഡയറക്ടർ



# മാതൃവേദി

**കുർബാന ഒരു പഠനം – ആഗസ്റ്റ് 14 ചൊവ്വ**

വി. കുർബാനയെക്കുറിച്ച് അറിയുവാനും, മനസ്സിലാക്കുവാനും അതു വഴി വി.കുർബാനയിൽ സജീവമായി പങ്കെടുക്കുവാനും ഒരുക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കുർബാനയെക്കുറിച്ചുള്ള ക്ലാസ്സ് ആഗസ്റ്റ് 14–ാം തിയ്യതി ചൊവ്വാഴ്ച്ച 10 മണി മുതൽ ഉണ്ടായിരിക്കുന്നതാണ്. അതിലേക്ക് എല്ലാ മാതൃവേദി അമ്മമാരെയും ഏറ്റവും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും –**
**ആഗസ്റ്റ് 14 ചൊവ്വ**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ആഗസ്റ്റ് മാസത്തിൽ നടത്തേണ്ടത് വടക്കാഞ്ചേരി, വേലൂർ എന്നീ ഫൊറോനകളിലെ ഇടവകകളാണ്. ഈ ഫൊറോനകളിലെ എല്ലാ മാതൃവേദി യൂണിറ്റുകാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു. കൂടാതെ മറ്റ് ഫൊറോനകളിലെ മാതൃവേദി അംഗങ്ങൾക്കും കരകൗശല, ഫുഡ് പ്രദർശനത്തിനും, വിൽപ്പനയ്ക്കും കൊണ്ടുവരാവുന്നതാണ്.

**ഓണാഘോഷം – ആഗസ്റ്റ് 14 ചൊവ്വ**

ആഗസ്റ്റ് 14–ാം തിയ്യതി ക്ലാസിനും വി.കുർബ്ബാനയ്ക്കും ശേഷം മാതൃവേദിയുടെ നേതൃത്വത്തിലുള്ള ഓണാഘോഷം ഉണ്ടായിരിക്കുന്നതാണ്. ഓണാഘോഷ പരിപാടിയിലേക്ക് ഏറ്റവും സ്നേഹത്തോടെ എല്ലാവരേയും ക്ഷണിക്കുന്നു.

**ഭാരവാഹികളുടെ ലിസ്റ്റ്**

പ്രിയ അമ്മമാരെ നിങ്ങളുടെ യൂണിറ്റിലെ മാതൃവേദിയുടെ ഇടവക ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് കഴിഞ്ഞിരിക്കുമല്ലോ. കഴിഞ്ഞ യൂണിറ്റുകാർ എത്രയും വേഗം ഭാരവാഹികളുടെ ലിസ്റ്റ് വികാരിയച്ചന്റെ ഒപ്പോടുക്കൂടി മാതൃവേദി ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

**മോണോ ആക്ട് മത്സരം – ആഗസ്റ്റ് 14 ചൊവ്വ (2pm - 4pm)**

മാതൃവേദിയിലെ അംഗങ്ങളുടെ കഴിവിനെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി മോണോ ആക്ട് മത്സരം സംഘടിപ്പിച്ചിരിക്കുന്നു. ആഗസ്റ്റ് 14–ാം തിയ്യതി ചൊവ്വാഴ്ച്ച 2 മണി മുതൽ 4 മണി വരെയാണ്. ഇടവക, ഫൊറോന തലത്തിൽ കഴിഞ്ഞാണ് രൂപത തലത്തിൽ വരേണ്ടത്. ഫൊറോനയിൽ ഫസ്റ്റ് ആകുന്ന ഒരാൾക്ക് മാത്രമേ രൂപത മത്സരത്തിന് പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. ഫൊറോനയിൽ നിന്ന് മത്സരത്തിന് വരുന്നവരുടെ ലിസ്റ്റ് ഫൊറോന ആനിമേറ്ററുടെയോ അല്ലെങ്കിൽ ഫൊറോന വികാരിയുടെയോ ഒപ്പോടുകൂടി ആയിരിക്കണം ലിസ്റ്റ് കൊണ്ടുവരേണ്ടത്.

**നിയമാവലി**

1. ബൈബിൾ അധിഷ്ഠിതമായിരിക്കണം.
2. ആകെ 5 മിനിറ്റാണ് മത്സരത്തിനുള്ള സമയം. 4 മിനിറ്റ് കഴിയുമ്പോൾ വാണിങ്ങ് ബെൽ അടിക്കുകയും 5 മിനിറ്റ് കഴിയുമ്പോൾ അവസാന മണി അടിക്കുകയും ചെയ്യും.
3. മൈക്ക് ഉണ്ടായിരിക്കുന്നതല്ല.
4. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

**ഏകസ്ഥരുടെ സംഗമം – ആഗസ്റ്റ് 18 ശനി**

മാതൃവേദിയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 18–ാം തിയ്യതി ശനിയാഴ്ച്ച 9.30 മുതൽ 1 മണി വരെ ഏകസ്ഥരുടെ സംഗമം ഉണ്ടായിരിക്കുന്നതാണ്. അതിലേക്ക് ഇടവകയിൽ ഏകസ്ഥരായിരിക്കുന്ന എല്ലാവരേയും പറഞ്ഞുവിടുമല്ലോ. വിവാഹം വേണ്ട എന്ന് വെച്ച് ജീവിക്കുന്നവരാണ് ഏകസ്ഥർ എന്ന് പറയുന്നത്. ഇടവകയിലെ ഏകസ്ഥരായി കഴിയുന്ന സ്ത്രീയുടെയും പുരുഷന്റെയും പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും ജൂലായ് അവസാനത്തോടുകൂടി മാതൃവേദി ഓഫീസിൽ എത്തിക്കുമല്ലോ.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ



# ബൈബിൾ അപ്പോസ്തോലേറ്റ്

**ലോഗോസ് ക്വിസ് 2018 ബധിരർക്കും മൂകർക്കും**

കെ.സി.ബി.സി. ബൈബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ലോഗോസ് ക്വിസിൽ ഈ വർഷം **ബധിരരും മൂകരും ആയവർക്കും** പങ്കെടുക്കാവുന്നതാണ്. "**എ**" ഗ്രൂപ്പിനുള്ള ചോദ്യപേപ്പർ തന്നെയായിരിക്കും പരീക്ഷയ്ക്ക് നൽകപ്പെടുന്നത്. ഇങ്ങനെ പങ്കെടുക്കുന്നവരിൽനിന്ന് അതിരൂപതതലത്തിൽ ആദ്യ അഞ്ചു റാങ്കുകാർക്ക് സംസ്ഥാനതലത്തിൽ നവംബർ 10ന് പരീക്ഷ ഉണ്ടായിരിക്കുന്നതാണ്.

**വചനസർഗ്ഗപ്രതിഭ പുരസ്ക്കാരം**

കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വചനസർഗ്ഗപുരസ്ക്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു. **സംഗീതം, നൃത്തം** (രണ്ടും മലയാളത്തിൽ) **പെയിന്റിംഗ്, ശില്പകല** എന്നീ മേഖലകളിലുള്ള സംഭാവനകളാണ് അവാർഡിനായി പരിഗണിക്കപ്പെടുന്നത്. എൻട്രികൾ ആഗസ്റ്റ് 31ന് മുമ്പ് *സെക്രട്ടറി, കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റി, പി.ഒ.സി, പാലാരിവട്ടം, പി.ബി. നമ്പർ 2251, കൊച്ചി - 682025* എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 0484-2805897

**ഷോർട്ട് ഫിലിം മത്സരം**

കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഷോർട്ട് ഫിലിം മത്സരത്തിന് ഹ്രസ്വചിത്രങ്ങൾ ക്ഷണിക്കുന്നു. **സുവിശേഷ ഭാഗ്യങ്ങളിലെ (മത്താ 5/3-12)** ഏതെങ്കിലും ആശയം മലയാളത്തിലോ, ഇംഗ്ലീഷിലോ ചിത്രീകരിച്ച് ടൈറ്റിൽസും എൻഡ്ക്രെഡിറ്റും ഉൾപ്പെടെ 5-8 മിനിറ്റ് ദൈർഘ്യമുണ്ടായിരിക്കണം. 2018 സെപ്റ്റംബർ 1ന് മുമ്പ് രജിസ്റ്റർ ചെയ്യുകയും ഒക്ടോബർ 10ന് മുമ്പ് ചിത്രങ്ങൾ സമർപ്പിക്കുകയും വേണം. കൂടുതൽ വിവരങ്ങൾക്ക്: *സെക്രട്ടറി, കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റി, പി.ഒ.സി, പാലാരിവട്ടം, പി.ബി. നമ്പർ 2251, കൊച്ചി - 682025 ഫോൺ: 0484-2805897*

**സാഹിത്യമത്സരങ്ങൾ**

കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ബൈബിൾ സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കുന്നു. **കഥ, കവിത, ലേഖനം, ഏകാങ്കനാടകം** എന്നീ ഇനങ്ങളിലാണ് മത്സരം. ചെറുകഥ ആറുപേജിലും (പ്രിന്റ് 3പേജ്), ലേഖനം പത്തുപേജിലും (പ്രിന്റ് 6 പേജ്) കവിത അറുപതുവരികളിലും കവിയരുത്. ഏകാങ്കം 30 മിനിറ്റുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം.

ലേഖനമത്സരത്തിന്റെ വിഷയം താഴെ കൊടുക്കുന്നു:

**ഗ്രൂപ്പ് 1: അല്മായർ –** വിഷയം: യുവജനവർഷവും വചനപ്രേഷിതത്വവും

**ഗ്രൂപ്പ് 2: സെമിനാരി വിദ്യാർത്ഥികൾ –** വിഷയം: മാറുന്ന ഭാരതവും സഭയുടെ പ്രേഷിതദൗത്യവും

**ഗ്രൂപ്പ് 3: സന്യാസിനികൾ –** വിഷയം: സമർപ്പിതജീവിതവും വചനാധിഷ്ഠിത ആത്മീയതയും

മത്സരത്തിനയക്കുന്ന കൃതികളോടൊപ്പം 50രൂപ രജിസ്ട്രേഷൻ ഫീസും (എം.ഒ./ഡി.ഡി) വികാരിയുടെയോ, സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും അയക്കേണ്ടതാണ്. കൃതികൾ ഒക്ടോബർ 10ന് മുമ്പ് *സെക്രട്ടറി, കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റി, പി.ഒ.സി, പാലാരിവട്ടം, പി.ബി. നമ്പർ 2251, കൊച്ചി – 682025* എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: *0484–2805897*

**വെരിത്താസ് – ലോഗോസ് ക്വിസ് മത്സരങ്ങൾ**

രജിസ്റ്റർ ചെയ്തിരിക്കുന്ന എല്ലാവർക്കും ഒരു മാനദണ്ഡങ്ങളുമില്ലാതെ രണ്ട് മത്സരങ്ങളിലും പങ്കെടുക്കാവുന്നതാണ്. വെരിത്താസ് ക്വിസ് മത്സരത്തിന് ഇനിയും രജിസ്റ്റർ ചെയ്തിട്ടില്ലാത്തവർക്ക് ആഗസ്റ്റ് 15ന് മുമ്പ് ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഇതരവെരിത്താസ് മത്സരങ്ങൾ ആഗസ്റ്റ് 5 മുതലുള്ള ഞായറാഴ്ചകളിൽ സെ. തോമാസ് കോളേജ് ഹയർ സെക്കന്ററി സ്ക്കൂൾ ഹാളിൽ വെച്ച് നടക്കുന്നു.

ആഗസ്റ്റ് 5ന് യുവജനങ്ങൾക്കും (18–30 വയസ്സിന് മധ്യേ), ആഗസ്റ്റ് 12ന് കുടുംബങ്ങൾക്കു വേണ്ടിയും, ആഗസ്റ്റ് 19ന് മതബോധന അദ്ധ്യാപകർക്കുവേണ്ടിയും, ആഗസ്റ്റ് 26ന് സമർപ്പിതർക്കും വൈദീകർക്കും വേണ്ടിയും, സെപ്റ്റംബർ 2ന് എല്ലാ വിശ്വാസികൾക്കുമുള്ള വചനമെഴുത്ത് മത്സരവും, സെപ്റ്റംബർ 9ന് മതബോധന വിദ്യാർത്ഥികൾക്ക് വേണ്ടിയും മത്സരങ്ങൾ നടക്കും.

**ബൈബിൾ വർണ്ണങ്ങൾ – 2018**

ഒന്നു മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്കായി എല്ലാ വർഷവും നടത്തി വരാറുള്ള ബൈബിൾ വർണ്ണങ്ങൾ ചിത്രരചനാമത്സരം, 2018 സെപ്റ്റംബർ 21ന് വെള്ളിയാഴ്ച തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ച് നടക്കുന്നു. മത്സരത്തിന്റെ രജിസ്ട്രേഷൻ ആഗസ്റ്റ് 1 മുതൽ

സെപ്റ്റംബർ 15 വരെയായിരിക്കും. പെൻസിൽ ഡ്രോയിംഗ്, പെയിന്റിംഗ് മത്സരങ്ങളാണ് ഉണ്ടായിരിക്കുക. 2–ാം ക്ലാസ്സുവരെയുള്ളവർക്ക് കളറിംഗ് മത്സരം മാത്രമേ ഉണ്ടായിരിക്കുകയുള്ളു.

**തീർത്ഥാടനങ്ങൾ**

യൂറോപ്പ് തീർത്ഥാടനം 2018 ഒക്ടോബർ 1നും, വിശുദ്ധനാട് തീർത്ഥാടനം 2018 സെപ്റ്റംബർ 18, ഒക്ടോബർ 12, നവംബർ 3 എന്നീ തിയ്യതികളിൽ പുറപ്പെടുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായോ, വികാരിയച്ചന്മാരുമായോ ബന്ധപ്പെടുമല്ലോ.

ഫോൺ: 0487–2320780, 7558937090, 8921266465

**ഫാ. ലിജോ ചിരിയങ്കണ്ടത്ത്**
**ഡയറക്ടർ**




**എക്സൽ അക്കാദമി സ്പോൺസർഷിപ്പ് പ്രോഗ്രാം**

സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന 300 ഓളം വിദ്യാർത്ഥികളെ സൗജന്യമായി എക്സൽ അക്കാദമി പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലും, വിദേശത്തുമുള്ള സ്പോൺസർമാരുടേയും അഭ്യുദയകാംക്ഷികളുടേയും ആത്മാർത്ഥമായ സഹകരണം കൊണ്ട് സ്പോൺസർഷിപ്പ് പ്രോഗ്രാം എന്ന ആ മഹായജ്ഞം ഇപ്പോഴും നല്ല രീതിയിൽ തുടർന്നുകൊണ്ടിരിക്കുന്നു. Excel Endowment Scheme, Excel Benefactors Fund എന്നിങ്ങനെ പുതിയ രണ്ടു സ്പോൺസർഷിപ്പ് പ്രോഗ്രാമുകൾ ആരംഭിച്ചിട്ടുണ്ട്. അഞ്ചുലക്ഷം, രണ്ടുലക്ഷം, ഒരു ലക്ഷം എന്നീ സംഖ്യകൾ സംഭാവനകൾ നൽകി Patron Founder, Regal Founder, Premium Founder എന്ന നിലയിൽ Excel Endowment Scheme ൽ ചേരാവുന്നതാണ്. ഒരു ലക്ഷം, അമ്പതിനായിരം, ഇരുപത്തയ്യായിരം, അയ്യായിരം എന്നീ സംഖ്യകൾ സംഭാവനകൾ നൽകി Life Benefactor, Angel Benefactor, Friend Benefactor, Associate Benefactor എന്ന നിലയിൽ Excel Benefactors Fund ലും ചേരാവുന്നതാണ്. മെഡിക്കൽ/എഞ്ചിനീയറിങ്ങ് എൻട്രൻസ്, സിവിൽ സർവീസ്, പി. എസ്.സി എന്നീ വിഭാഗങ്ങളിൽ രണ്ടു കുട്ടികളെ വീതം Sponsor ചെയ്ത്

സൗജന്യമായി പഠിപ്പിക്കാവുന്ന Schemeകളാണ് Excel Benefactors Fund Scheme ഉൾപ്പെടുത്തിയിട്ടുള്ളത്. തൃശ്ശൂർ അതിരൂപതയിലെ ഇട വകവികാരിമാരുടേയും മറ്റു അഭ്യുദയകാംക്ഷികളുടേയും ആത്മാർത്ഥ മായ സഹകരണം കൊണ്ട് ഈ Sponsorship programme വിജയപ്രദ മാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് :- **9744941585, 9846905210**

**K-TET കോച്ചിങ്ങ്**

എക്സൽ അക്കാദമിയുടെ K-TET കോച്ചിങ്ങിന്റെ മൂന്നാമത്തെ ബാച്ചിന്റെ ഉദ്ഘാടനം ജൂലായ് 21-ാം തിയ്യതി DBCLC ക്യാമ്പസ്സിൽ വെച്ച് നടന്നു. കഴിഞ്ഞ രണ്ടു ബാച്ചുകളിലെ വിദ്യാർത്ഥികളുടെ വിജ യശതമാനം എക്സൽ അക്കാദമിയുടെ വളർച്ചയ്ക്ക് മാറ്റു കൂട്ടുന്നു. K-TET ക്ലാസ്സിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു

വിശദ വിവരങ്ങൾക്ക് :- **8111842784, 9744941585**

**2019 -NEET-KEAM എൻട്രൻസ്**

2019 NEET, KEAM എൻട്രൻസ് പരീക്ഷകൾക്കുള്ള പ്ലസ് വൺ, പ്ലസ് ടു, റിപ്പീറ്റേഴ്സ് ബാച്ചുകളിലേക്കുള്ള അഡ്മിഷൻ തുടർന്നുകൊ ണ്ടിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് :- **9207376699**

**IELTS- English Proficiency Test**

എക്സൽ IELTS അക്കാദമിയുടെ നേതൃത്വത്തിൽ, തൃശൂർ ജില്ല യിലെ ഹോസ്പിറ്റലുകളിലെ നഴ്സുമാർക്കും നഴ്സിങ്ങ് വിദ്യാർത്ഥി കൾക്കുമായി, ജൂലായ് 14, 21 തിയ്യതികളിൽ നടത്തിയ English Proficiency Testൽ ഇരുന്നൂറോളം പേർ പങ്കെടുത്തു. അതിൽ പ്രശസ്ത വിജയം കരസ്ഥമാക്കുന്നവർക്ക് ക്യാഷ് പ്രൈസുകളും, സ്കോളർഷിപ്പുകളും നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക്:- **9497800946, 9747051354**

**Excel ന്യൂനപക്ഷക്ഷേമവകുപ്പ് PSC സൗജന്യ പരിശീലനകേന്ദ്രം**

കേരളസർക്കാരിന്റെ ന്യൂനപക്ഷക്ഷേമവകുപ്പിന്റെ PSC സൗജന്യ പരിശീലന ഉപകേന്ദ്രം എന്ന നിലയിൽ പ്രവർത്തിക്കുന്ന എക്സൽ അക്കാദമി, സർക്കാർ നടത്തിയ PSCഎൻട്രൻസ് ടെസ്റ്റിൽ നിന്നും 100 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത്, St. Thomas Collegeൽ അക്കാദമിക് ബ്ലോക്കിൽ, എല്ലാ രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും ക്ലാസ്സുകൾ തുടർന്നുകൊണ്ടിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് :- **9495278764.**

സ്നേഹപൂർവ്വം,

**റവ. ഡോ. ഡേവീസ് തെക്കേക്കര**

**ഡയറക്ടർ**




**കെ.സി.വൈ. എം. അതിരൂപത പതാക ദിനം**

കെ.സി.വൈ.എം അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ മുള്ളൂർക്കര ഇടവകയിൽ വെച്ച് പതാകദിനം നടത്തി. കെ.സി.വൈ.എം. അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോകൂള പതാക ഉയർത്തി കെ.സി.വൈ.എം. അതിരൂപത പ്രസിഡണ്ട് അനൂപ് പുന്നപ്പുഴ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ജിയോ ജോൺ, ഇടവക വികാരി ഫാ. ബാബു അപ്പാടൻ, ഫാ നിമ്പിൻ തളിയത്ത്, സിസ്റ്റർ ടീന മരിയ, വില്ല്യംസ്, പ്രിൻസി പ്രിൻസ്, എം പി. സിജോ, സെനി സേവ്യാർ, അഖിൽ ജോസ്, തോമസ് എന്നിവർ പ്രസംഗിച്ചു.

**കെ.സി.വൈ. എം. വേലൂർ ഫൊറോന സെനറ്റ് സമ്മേളനം**

കെ.സി.വൈ.എം വേലൂർ ഫൊറോന സെനറ്റ് സമ്മേളനം അതിരൂപത ഡയറക്ടർ റവ. ഫാ. ഡിറ്റോകൂള ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡണ്ട് ജിജോ. കിരാലൂർ അദ്ധ്യക്ഷത വഹിച്ചു. അതിരൂപത പ്രസിഡണ്ട് അനൂപ്, പുന്നപ്പുഴ സെനറ്റ് വിഷയാവതരണം നടത്തി. ഫൊറോന വികാരി റവ. ഫാ ജോൺസൺ ഐനിക്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. ഫൊറോന ഡയറക്ടർ ഫാ. റാഫി തട്ടിൽ, ജനറൽ സെക്രട്ടറി ജിയോ ജോൺ, സിസ്റ്റർ ടീന മരിയ, സാവിയോ, ജോണി, അനീഷ് മാസ്റ്റർ, സെനി സേവ്യാർ, എം. പി. സിജോ ജോസ്മോൻ, സാജൻ ജോസ്, പ്രിൻസി പ്രിൻസ്, ലിന്റോ സിബി, റിൻന്റോ, എന്നിവർ പ്രസംഗിച്ചു.

**കെ.സി.വൈ. എം. ലൂർദ്ദ് ഫൊറോന സെനറ്റ് സമ്മേളനം**

ലൂർദ്ദ് ഫൊറോന സെനറ്റ് സമ്മേളനം കെ. സി. വൈ. എം. അതിരൂപത ഡയറക്ടർ റവ. ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡണ്ട് ബിബിൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപത പ്രസിഡണ്ട് അനൂപ് പുന്നപ്പുഴ യുവജനസന്ദേശം നൽകി. ലൂർദ്ദ് ഫൊറോന വികാരി റവ. ഫാ. ജോസ് ചാലയ്ക്കൽ ഫാ.പ്രതിഷ് കല്ലറയ്ക്കൽ, ഫാ. ജിബി വാഴപ്പിള്ളി, എന്നിവർ പ്രസംഗിച്ചു.

**കെ.സി.വൈ. എം. ചേലക്കര ഫൊറോന സെനറ്റ് സമ്മേളനം**

കെ.സി.വൈ.എം. ചേലക്കര ഫൊറോന സെനറ്റ് സമ്മേളനം കെ. സി. വൈ. എം. അതിരൂപത ഡയറക്ടർ റവ. ഫാ. ഡിറ്റോകൂള ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡണ്ട് അഖിൽ ജോസ് അദ്ധ്യക്ഷത വഹിച്ചു. അതിരൂപത പ്രസിഡണ്ട് അനൂപ് പുന്നപ്പുഴ യുവജന സന്ദേശം നൽകി. ചേലക്കകര ഫൊറോന വികാരി റവ. ഫാ. തോമസ് വടക്കൂട്ട് അനുഗ്രഹപ്രഭാഷണം നടത്തി ഫാ. നിബിൻ തളിയത്ത്, ജനറൽ സെക്രട്ടറി ജിയോ ജോൺ,സാവിയോ ജോണി, സജി ജോസഫ്, വിമൽ ജോസഫ്, സിസ്റ്റർ ടീന മരിയ, സാജൻ ജോസ് മാഫി ഡെൽസൺ, പ്രിൻസി പ്രിൻസ്, എം. പി. സിജോ, സെനി സേവ്യാർ, ഷൈൻ ജോയ്, ഷീഷോൺ ഷോണി എന്നിവർ പ്രസംഗിച്ചു. “യുവജനങ്ങളും സഭയും” എന്ന വിഷയത്തിൽ ഫാ. റോയ് ജോസഫ് വടക്കൻ ക്ലാസുകൾ നയിച്ചു..

**കെ.സി.വൈ. എം. ഒല്ലൂർ ഫൊറോന സെനറ്റ് സമ്മേളനം**

കെ.സി.വൈ.എം. ഒല്ലൂർ ഫൊറോന സെനറ്റ് സമ്മേളനം കെ.സി.വൈ.എം. അതിരൂപത ഡയറക്ടർ റവ. ഫാ. ഡിറ്റോകൂള ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡണ്ട് അരുൺ മാപ്രാണത്തുകാരൻ അദ്ധ്യക്ഷത വഹിച്ചു. അതിരൂപത പ്രസിഡണ്ട് അനൂപ് പുന്നപ്പുഴ യുവജനസന്ദേശം നൽകി,

**കെ.സി.വൈ. എം. അതിരൂപത യുവജനസംഗമം**

കെ.സി.വൈ.എം. അതിരൂപത യുവജനസംഗമം 2018 സെപ്തംബർ 16 ഞായറാഴ്ച തൃശൂർ ഡി. ബി. സി. എൽ. സി.യിൽ

**തോമസ് മൂർ അനുസ്മരണം**

കെ.സി.വൈ.എം. സ്വർഗ്ഗീയ മദ്ധ്യസ്ഥൻ വി. തോമസ് മൂർ അനുസ്മരണം നടത്തറ ഇടവകയിൽ വെച്ച് നടത്തി. അനുസ്മരണ സമ്മേളനം കെ.സി. വൈ. എം. അതിരൂപത ഡയറക്ടർ റവ. ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡണ്ട് അനൂപ് പുന്നപ്പുഴ അദ്ധ്യക്ഷത വഹിച്ചു. ലൂർദ്ദ് ഫൊറോന വികാരി റവ. ഫാ. ജോസ് ചാലയ്ക്കൽ അനുസ്മരണ പ്രഭാഷണം നടത്തി.

ഫാ. ഡിറ്റോ കൂള
ഡയറക്ടർ

ഫാ. ജിബി വാഴപ്പിള്ളി
അസി. ഡയറക്ടർ




# സി.എൽ.സി.

യേശുവിൽ പ്രിയമുള്ളവരെ,

കത്തോലിക്കാസഭയിൽ 454 വർഷങ്ങൾക്ക് മുമ്പ് വി. ഇഗ്നേഷ്യസ് ലയോളയുടെ ആത്മീയ ചൈതന്യത്തിൽ പ്രചോദിതമായി രൂപംകൊണ്ട മരിയൻ സൊഡാലിറ്റി ഇന്ന് ശിഖിരങ്ങൾ ഏറെയുള്ള വടവൃക്ഷമായി വളർന്നുകൊണ്ടിരിക്കുന്നു. അന്താരാഷ്ട്ര സമിതിയിൽ (യു.എൻ) വോട്ടവകാശം ഉള്ള കത്തോലിക്കാ അത്മായ സംഘടനകൂടിയാണ് മരിയൻ സൊഡാലിറ്റി അഥവ സി.എൽ.സി.

നമ്മുടെ അതിരൂപതയിലും ശക്തമായ സംഘടനാ സാന്നിദ്ധ്യമായി സി.എൽ.സി. നിലകൊള്ളുന്നു. പുതുക്കിയ നിയമാവലി പ്രകാരം 3 വിഭാഗങ്ങളിലായാണ് സി.എൽ.സി. നമ്മുടെ അതിരൂപതയിൽ പ്രവർത്തിക്കുന്നത്. സി.എൽ.സി–ജൂനിയർ, സി.എൽ.സി–യൂത്ത്, സി.എൽ.സി.–സീനിയർ. 15 വയസ്സിനു താഴെയുള്ളവരാണ് സി.എൽ.സി.–ജൂനിയർ അംഗങ്ങളാകുന്നത്. ഇത് ഒരുക്ക കാലഘട്ടമാണ്. സി.എൽ.സി യൂത്തിലെ അംഗങ്ങളുടെ പ്രായപരിധി 15–30 വയസ്സുവരെയാണ്. 30 വയസ്സിനു മുകളിൽ പ്രായമുള്ളവർ സി.എൽ.സി. സീനിയറിലാണ് അംഗമാകേണ്ടത്. മരണംവരെയാണ് ഈ സംഘടനയിലെ അംഗത്വം.

ക്രിസ്തീയ ജീവിത ശൈലിയിൽ പരി. അമ്മയുടെ മാദ്ധ്യസ്ഥ്യത്തിൽ വളരേണ്ടവരാണ് സി.എൽ.സി. അംഗങ്ങൾ. സഭയോട് ചേർന്ന് പ്രവർത്തിക്കാനും സഭാപ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ ആഗ്രഹിക്കുന്നവർക്കും സി.എൽ.സിയിൽ അംഗമാകാം. നമ്മുടെ അതിരൂപതയിൽ എല്ലാ ഇടവകകളിലും മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ളവർക്കുവേണ്ടി സി.എൽ.സി. സീനിയർ വിഭാഗം രൂപീകരിക്കണമെന്നാണ് എന്റെ ആഗ്രഹം. സംഘടനാ മദ്ധ്യസ്ഥയായ പരി. കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥ്യം ഏവർക്കും ഉണ്ടാകട്ടെയെന്നാശംസിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

**നാഷണൽ സി എൽ സി ക്യാമ്പ്**

മംഗലാപുരത്തു വച്ച് മെയ് 31 മുതൽ ജൂൺ 4 വരെ നടന്ന നാഷണൽ സി എൽ സി ക്യാമ്പിൽ തൃശ്ശൂർ അതിരൂപത സി എൽ സി യിൽ നിന്നും 4 അംഗങ്ങൾ പങ്കെടുത്തു. തൃശ്ശൂർ അതിരൂപത സി. എൽ. സി. പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത്, അസിസ്റ്റന്റ് പ്രമോട്ടർ ഫാ. ഫ്രജോ വാഴപ്പിള്ളി, ജനറൽ കോർഡിനേറ്റർ ബിജിൽ സി ജോസഫ്, നാഷണൽ സി. എൽ. സി. കൺസൾട്ടന്റ് വിനേഷ് കൊളേങ്ങാടൻ എന്നിവരാണ് പങ്കെടുത്തത്.

**വി.ഇഗ്നേഷ്യസ് ലയോള അനുസ്മരണം**

ജൂലൈ 22 ഞായർ അതിരൂപതയിലെ വിവിധ ഫൊറോനകളിൽ ഫൊറോനാ പ്രമോട്ടറുമാരുടെയും ഫൊറോന പ്രസിഡന്റുമാരുടെയും നേതൃത്വത്തിൽ ഫൊറോന തല വി.ഇഗ്നേഷ്യസ് ലയോള അനുസ്മരണം സങ്കടിപ്പിക്കുന്നു

**തൃശ്ശൂർ അതിരൂപത സി എൽ സി യു ടെ നാലാമത് ഫാ. സിജോ ചീരൻ മെമ്മോറിയൽ സോക്കർ കപ്പ്**

തൃശൂർ അതിരൂപത സി എൽ സി യുടെ ആഭിമുഖ്യത്തിൽ നാലാമത് ഫാ.സിജോ ചീരൻ മെമ്മോറിയൽ സോക്കർ കപ്പ് ആഗസ്റ്റ് മാസം അവസാന വാരത്തിൽ നടത്തുന്നു. അതിരൂപതയിലെ കരുത്തരായ സി എൽ സി യൂണിറ്റുകൾ മാറ്റുരക്കുന്ന മത്സരത്തിന് രജിസ്റ്റർ ചെയ്യുന്നതിന് ഫാ. ജിയോ തെക്കിനിയത്തുമായി ബന്ധപെടുക: 8281848282

| | |
|---|---|
| ഫാ. ജിയോ തെക്കിനിയത്ത് | ഫാ. ഫ്രജോ വാഴപ്പിള്ളി |
| **പ്രമോട്ടർ** | **അസി. പ്രമോട്ടർ** |

## സീനിയർ സി.എൽ.സി. പരിസ്ഥിതി ദിനാചരണം

തൃശ്ശൂർ അതിരൂപത സീനിയർ സി.എൽ.സിയുടെ നേതൃത്വത്തിൽ പരിസ്ഥിതിദിനാചരണം ജൂൺ 24 ഞായർ ചിറ്റിലപ്പിള്ളി ഇടവക സെന്റ് റീത്താസ് പള്ളിയിൽവെച്ച് നടത്തുകയുണ്ടായി. അതിരൂപത പ്രൊമോട്ടർ ജിയോ തെക്കിനിയത്തിന് ഇടവകവികാരി ഫാ. പോൾ തേക്കാനത്ത് വൃക്ഷത്തൈ നൽകിക്കൊണ്ട് പരിസ്ഥിതിദിനം ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ഓണത്തിന് ഒരുമുറം പച്ചക്കറി എന്ന ലക്ഷ്യം വെച്ചുകൊണ്ട് പച്ചക്കറി വിത്തുകളുടെ വിതരണം രൂപതാ പ്രസിഡണ്ട് ബാബു അതിയുന്തൻ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി അലക്സ്, വൈസ് പ്രസിഡണ്ട് ലീമ ആന്റണി, യൂണിറ്റ് പ്രസിഡണ്ട് ബാബു ജോസഫ്, മദർ കാരുണ്യ, കൃഷി ഓഫീസർ സ്മിത ഫ്രാൻസിസ് എന്നിവർ സംസാരിച്ചു.

| | |
|---|---|
| ഫാ. ജിയോ തെക്കിനിയത്ത് | ഫാ. ഫ്രജോ വാഴപ്പിള്ളി |
| **പ്രമോട്ടർ** | **അസി. പ്രമോട്ടർ** |

# ചിൽഡ്രൻസ് മിനിസ്ട്രി




**പുതിയ വർഷ പ്രവർത്തനകാല ഉദ്ഘാടനം,**

2018 ജൂൺ 23 ാം തിയതി ശനിയാഴ്ച ഡി. ബി. സി. എൽ. സി യിൽ വച്ച് അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി പ്രവർത്തന കാലഘട്ട ഉദ്ഘാടനവും ആനിമേറ്റേഴ്സ് ലീഡേഴ്സ് സംഗമവും നടത്തി. അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയും പുതിയ പ്രവർത്തന കാലഘട്ടത്തിന്റെ പുസ്തക പ്രകാശനം നടത്തുകയും ചെയ്തു. അതിരൂപത മതബോധന ഡയറക്ടർ റവ. ഫാ. റാഫേൽ ആക്കമറ്റത്തിൽ അദ്ധ്യക്ഷസ്ഥാനം നിർവ്വഹിക്കുകയും ക്രൈസ്തവ സംസ്ക്കാര ശില്പിക ളാകേണ്ടതിനെക്കുറിച്ച് പ്രഭാഷണം നൽകുകയും ചെയ്തു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ വാർഷിക പ്രോഗ്രാം അവതരിപ്പിച്ചു. തുടർന്ന് റവ. ഫാ. ഡിറ്റോ കൂള ആനിമേറ്റേഴ്സിനുവേണ്ടിയും റവ. ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ കുട്ടികളുടെ ലീഡേഴ്സിനുവേണ്ടിയും ക്ലാസെടുക്കു കയും അതിനുശേഷം അതിരൂപത ഭാരവാഹികളെ തെരഞ്ഞെടുക്കു കയും ചെയ്തു. ഉച്ചകഴിഞ്ഞ് 1. 30 ന് ആരംഭിച്ച മീറ്റിങ്ങിൽ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ എല്ലാവർക്കുമായി സന്ദേശം നല്കുകയും ട്രാൻസ്ഫറായ ഡയറക്ടർമാർ റവ. ഫാ. ജിജോ കപ്പി ലാംനിരപ്പേൽ റവ. ഫാ. സിജോ മുരിങ്ങാത്തേരി എന്നിവർക്ക് മെമ്മന്റോ നല്കുകയും അവരുടെ സേവനങ്ങളെ നന്ദിയോടെ ഓർക്കുകയും ചെയ്തു. ഇരുവരും മറുപടി പറയുകയും ചിൽഡ്രൻസ് മിനിസ്ട്രിയ്ക്ക് ആശംസകൾ അർപ്പിക്കുകയും ചെയ്തു. 2018 –2019 വർഷത്തേക്ക് ചിൽഡ്രൻസ് മിനിസ്ട്രിയുടെ പുതിയ അതിരൂപത, ഫൊറോന ആനിമേറ്റഴ്സിനും ലീഡേഴ്സിനും ടാഗുകൾ നല്കി അവർക്ക് മംഗള ങ്ങൾ നേർന്നു. ഏകദേശം 200 ആനിമേറ്റേഴ്സും ലീഡേഴ്സും മീറ്റിങ്ങിൽ പങ്കെടുത്തു. അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി പ്രൊമോട്ടർ പ്രതിനിധി റവ. ഫാ. റെനാൾഡ് പുലിക്കോടൻ ആശംസയർപ്പിച്ചു. പ്രാർത്ഥനയോടെയും നന്ദിയോടെയും മീറ്റിങ്ങ് സമാപിച്ചു. 2017– 2018 ൽ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയ്ക്കുവേണ്ടി സജീവമായി പ്രവർത്തിച്ച ആനിമേറ്റേഴ്സിന് ചിൽഡ്രൻസ് മിനിസ്ട്രിയുടെ നന്ദിയർപ്പിക്കുന്നു.

**അൾത്താരസംഘം**

അൾത്താരസംഘം കുട്ടികൾ അവരുടെ മദ്ധ്യസ്ഥനായ വി ജോൺ ബെർക്കുമെൻസിന്റെ തിരുനാൾ ആഗസ്റ്റ് 13ന് ആചരിക്കുന്നു. ഇടവക തലത്തിൽ മധ്യസ്ഥന്റെ തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടണമെന്ന് ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം കുട്ടികൾ ഒരുമിച്ചു കുർബ്ബാന മദ്ധ്യേ കാഴ്ചസമർപ്പണം നടത്താനും, മീറ്റിംങ്ങ് കൂടാനും പതാകദിനം നടത്താനും ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു.

**അതിരൂപതാ ഭാരവാഹികൾ: (ആനിമേറ്റേഴ്സ്)**

**തിരുബാലസഖ്യം**

പ്രസിഡന്റ്: ശ്രീമതി ലിസ്സി ജോസഫ്-അമ്മാടം, സെക്രട്ടറി: സി. ലീന മാത്യു സി. എച്ച്. എഫ്.-പൊന്നൂക്കര

**ജൂനിയർ സി. എൽ. സി.**

പ്രസിഡന്റ്: സി. ലിസ സി. എച്ച്. എഫ്.-പറവട്ടാനി, സെക്രട്ടറി: ശ്രീമതി മിനി ജോൺസനും-കുമ്പളംങ്ങാട്

**അൾത്താരസംഘം**

പ്രസിഡന്റ്: ബ്രദർ ജോസ്-മുള്ളൂർക്കര, സെക്രട്ടറി: ശ്രീമതി റീന ജോസ്- കാഞ്ഞാണി

**Holy Childhood**

| | |
|---|---|
| President | Rene Shabu, Eranellur |
| Vice President | Airin Teresa Joshy, Ponganamkad |
| Secretary | Rose Maria Xavier, Lourdes |
| Joint Secretary | Sharon A.V., Elavally |
| Treasurer | Bevlan Milton, Kuriachira |

**Junior C.L.C**

| | |
|---|---|
| President | Derin P.D., Eranellur |
| Vice President | Sana Elizabeth, Eranellur |
| Secretary | Agna Joshy, Kandasankadavu |
| Joint Secretary | Louis John, Erumapetty |
| Treasurer | Rionna Stani, North Nandipulam |
| Captain | Chris maria, Perinchery |

**Altar Boys'**

| | |
|---|---|
| President | Anosh Paul K., Erumapetty |
| Vice President | Angewin P. Sojan, Panamukk |
| Secretary | Joyael N. J., Mangad |
| Joint Secretary | Anlar Lal, Ponganamkad |
| Treasurer | Godwin, WestFort |

**ആനിമേറ്റേഴ്സ് സെമിനാർ**

**തിരുബാലസംഖ്യം, ജൂനിയർ സി എൽ സി, അൾത്താരസംഘം:**

തിരുബാലസംഖ്യം ആനിമേറേറ്ഴ്സിന് സെമിനാർ സെപ്റ്റംബർ 8 ശനിയാഴ്ച ഡി.ബി.സി.എൽ.സി യിൽ വച്ച് നടക്കുന്നു. എല്ലാ ആനിമേറ്റേഴ്സും പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

**അതിരൂപതാ മത്സരങ്ങൾ:** സ്കൂൾ, ഇടവക എന്നിങ്ങനെ വ്യത്യാസപ്പെടുത്തിയാണ് തിരുബാലസംഖ്യം മത്സരങ്ങൾ നടക്കുക. തിരുബാലസംഖ്യം സ്കൂളുകളിലും ഉള്ളതുകൊണ്ടാണ് ഇങ്ങനെ വ്യത്യാസം വന്നിരിക്കുന്നത്. ഇടവക തലത്തിലെ കുട്ടികൾക്ക് സ്കൂളുകളുമായി ഒരേ മത്സരത്തിൽ പങ്കെടുക്കാനുള്ള കുറവുകളെ കുറിച്ച് ഉയർന്ന പരാതികൾക്ക് പരിഹാരമെന്നോണമാണ് ഈ വർഷത്തെയും അതിരൂപതാ കലാമത്സരങ്ങൾ ഇടവകതലം, ഫൊറോന തലം, രൂപതാ തലം എന്നിങ്ങനെയായി തിരിച്ചത്. സ്കൂൾ തല മത്സരങ്ങൾ ഒക്ടോബർ 13 ശനിയാഴ്ച ഡി ബി സി എൽ സി യിലും, ഇടവകക്കാർ ഫൊറോന തലത്തിൽ മത്സരിച്ച് ഫസ്റ്റ് കിട്ടിയ മത്സരങ്ങൾ അതിരൂപതാ തലത്തിൽ നവംബർ 20 ചൊവ്വാഴ്ചയും ആയിരിക്കും നടക്കുക. ഫൊറോന പ്രൊമോട്ടർമാർ വേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ ആവശ്യപ്പെടുന്നു.

**ബൈബിൾ പൂക്കളേഴ്സ് 2018**

അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കായി **ആഗസ്റ്റ് 27- ാം തിയ്യതി തിങ്കളാഴ്ച കുരിയച്ചിറ സെന്റ് ജോസഫ് മോഡൽ ഹയർ സെക്കൻഡറി സ്ക്കൂളിൽ** വെച്ച് ബൈബിൾ പൂക്കള മത്സരങ്ങൾ നടത്തുന്നു. 12-ാംക്ലാസ്സും അതിന് താഴെ ഉള്ള കുട്ടികളുമാണ് ഈ മത്സരത്തിൽ പങ്കെടുക്കേണ്ടത്. പങ്കെടുക്കുന്നവർ **ആഗസ്റ്റ് 20** ന് മുമ്പായി പാസ്റ്റർ സെന്ററിലുള്ള ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രഷൻ ഫീസ് 100 രൂപയാണ്.

**നിബന്ധനകൾ**

1. പന്ത്രണ്ടാം ക്ലാസ്സും അതിനുതാഴെയുള്ള ക്ലാസ്സുകളിലെ മതബോധന വിദ്യാർത്ഥികളാണ് ഈ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
2. ഒരു ഇടവകയിൽ നിന്നും ഒരു ടീം മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. ടീമിൽ 7 പേർ കവിയരുത്.
3. 5 അടിയുള്ള സമചതുരത്തിനുള്ളിൽ ഒതുങ്ങുന്ന ഏതാകൃതിയുള്ള പൂക്കളവും നിർമ്മിക്കാവുന്നതാണ്.
4. ബൈബിൾ സംഭവങ്ങളെ ആസ്പദമാക്കി വേണം പൂക്കളം നിർമ്മിക്കാൻ.
5. 20% പൂവ്, 80% എന്ത് ഉപയോഗിച്ച് വേണമെങ്കിലും കളം നിർമ്മിക്കാം. മത്സരഹാളിൽ പ്രവേശിച്ചു കഴിഞ്ഞാൽ പുറത്ത്നിന്ന് യാതൊരു സഹായവും ലഭിക്കുന്നതല്ല.
6. രജിസ്ട്രഷൻ ഫീസ് 100 രൂപയാണ്.

7. രാവിലെ 8.50 ന് നടക്കുന്ന നറുക്കെടുപ്പിലൂടെയാണ് പൂക്കളത്തിനുള്ള സ്ഥലങ്ങൾ നിശ്ചയിക്കുക
8. ഒന്ന്, രണ്ട്, മൂന്ന് സമ്മാനങ്ങളും കൂടാതെ 10 പ്രോത്സാഹ സമ്മാനങ്ങളും നൽകുന്നു. പങ്കെടുക്കുന്നവർ ആഗസ്റ്റ് 20 ന് മുമ്പായി പാസ്റ്റർ സെന്ററിലുള്ള ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യാത്ത ടീമുകളെ മത്സരത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

**സാഹിത്യ മത്സരങ്ങൾ 2018**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി (തിരുബാലസഖ്യം, ക്രിസ്റ്റീൻ, ജൂനിയർ സി. എൽ സി, മിഷൻലീഗ് അൾത്താര സംഘം) എന്നീ സംഘടനകളിലെ കുട്ടികൾക്കായി സാഹിത്യ മത്സരം സംഘടിപ്പിക്കുന്നു. ചെറുകഥ, കവിത, കുഞ്ഞികവിത, ഉപന്യാസം തുടങ്ങിയ ഇനങ്ങളിലാണ് മത്സരം. ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലായിരിക്കും മത്സരങ്ങൾ നടത്തുക. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 2018 ആഗസ്റ്റ് 30 ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. മത്സര തിയതി പിന്നീട് അറിയിക്കുന്നതാണ്.

**പ്രാർത്ഥിക്കാൻ ....... പ്രവർത്തിക്കാൻ**

**തിരുവചനപഠനം**: ഭൂമിക്കുമേൽ ഉയർന്നിരിക്കുന്ന ആകാശത്തോളം ഉന്നതമാണ് തന്റെ ഭക്തരോട് അവിടുന്നു കാണിക്കുന്ന കാരുണ്യം (സങ്കീർത്തനങ്ങൾ 103, 11)

**സുകൃതജപം**: എന്റെ ഉണ്ണീശോയെ എന്നിൽ വസിക്കണമേ.

**പ്രാർത്ഥനാനിയോഗം**: സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുക.

**പ്രവർത്തനം: എല്ലാ ദിവസവും കരുണയുടെ ജപമാല ചൊല്ലുക**

**പരിചയപ്പെടുന്ന വിശുദ്ധൻ**: വി. ബെനഡിക്റ്റ്

ഫാ. റോയ്സൻ കൊള്ളന്നൂർ — സി. റെജി എസ്. എസ്. പി. സി
ഡയറക്ടർ — കോഡിനേറ്റർ

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം ...**

തിരുവചനം: കർത്താവിന് നമ്മെക്കുറിച്ച് വിചാരമുണ്ട്, അവിടുന്ന് നമ്മെ അനുഗ്രഹിക്കും (സങ്കീ. 115:12)

സുകൃതജപം: ഈശോയുടെ മാധുര്യമുള്ള തിരുഹൃദയമേ അങ്ങ് എന്റെ സ്നേഹമായിരിക്കണമേ.

പ്രാർത്ഥനാ നിയോഗം: തിരുസഭക്കും വിശ്വാസികൾക്കും വേണ്ടി പ്രാർത്ഥിക്കുക

പരിചയപ്പെടുന്ന വിശുദ്ധ: വി. ഫിലോമിന (ഓഗസ്റ്റ് 11 )

പ്രവർത്തനം: നന്നായി പഠിക്കാമെന്ന തീരുമാനത്തോടെ അദ്ധ്യയന വർഷം ആരംഭിക്കുക.

**ഫാ. റോയ്സൺ കൊള്ളന്നൂർ**
ഡയറക്ടർ



# KCSL തൃശ്ശൂർ അതിരൂപത

## അതിരൂപതാ ആനിമേറ്റേഴ്സ് സംഗമം – മെറിറ്റ്ഡെ പ്രവർത്തനോദ്ഘാടനം

KCSL അതിരൂപതാ ആനിമേറ്റേഴ്സ് സംഗമം 2018 ജൂൺ 22 വെള്ളിയാഴ്ച കാലത്ത് 9.30ന് അതിരൂപതാ അപ്പസ്തോലേറ്റിൽവെച്ച് നടന്നു. ഉച്ചതിരിഞ്ഞ് 1.30ന് പ്രവർത്തനോദ്ഘാടനവും മെറിറ്റ്ഡെ ആഘോഷ പരിപാടികളും നടന്നു. അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ മുഖ്യാഥിതിയായിരുന്നു.

ചാരിറ്റി അവാർഡ്

2017–18 അദ്ധ്യയനവർഷത്തെ ചാരിറ്റി പ്രവർത്തനങ്ങളെ വിലയിരുത്തി മൂന്ന് വിദ്യാലയങ്ങൾക്ക് KCSL ചാരിറ്റി അവാർഡുകൾ നൽകി. വിദ്യാലയങ്ങൾ താഴെ പറയുന്നവയാണ്

1. നിർമ്മലമാതാ സെൻട്രൽ സ്കൂൾ, തൃശ്ശൂർ
2. S.H.C.G. HSS, തൃശ്ശൂർ
3. സെന്റ് പയസ് X CUPS, വരന്തരപ്പിള്ളി

യൂണിറ്റ്തല സെമിനാറുകൾ

KCSL യൂണിറ്റുതല സെമിനാറുകൾ പഠനവിഷയവുമായി ബന്ധപ്പെടുത്തി നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ശില്പശാല – സെപ്തംബർ 8 ന്

KCSL അതിരൂപത ശില്പശാല സെപ്തംബർ 8 ന് തൃശ്ശൂർ സെന്റ് തോമസ് കോളേജ് ഹയർ സെക്കന്ററി സ്കൂളിൽവെച്ച് നടത്തപ്പെടുന്നു. രണ്ടാംലക്കം ബൊക്കെ അന്ന് വിതരണം ചെയ്യും.

വസ്ത്രശേഖരണത്തിനായി ഉപയോഗ്യമായ പഴയ വസ്ത്രങ്ങൾ അലക്കിതേച്ചത് അന്ന് ഏൽപിക്കുക.

കൂപ്പൺപണം, കലോത്സവ എൻട്രി ഫോമുകൾ, ട്രോഫികൾ, അംഗത്വഫീസ് എന്നിവ തരാനുള്ള അവസാനദിവസവും അന്നാണ്– മറക്കരുത്

**റവ. ഡോ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ



## ലീജിയൻ ഓഫ് മേരി – തൃശ്ശൂർ കമ്മീസിയം

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 685–ാം മതും തൃശ്ശൂർ കുരിയായുടെ 736–ാം മതും സമ്മേളനം. 2018 ജൂലൈ 1 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് കമ്മീസിയം പ്രസിഡന്റ് ബ്ര. കെ.പി. ജോയിയുടെ അദ്ധ്യക്ഷതയിൽ പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് പ്രാരംഭ പ്രാർത്ഥനയോടും ജപമാലയോടുംകൂടി ആരംഭിച്ചു.

നിയമഗ്രന്ഥത്തിൽ നിന്ന് ബ്ര. പ്രസിഡണ്ട് പേജ് 395 മുതൽ 396 വരെ ഭാഗം ജ്ഞാനവായന നടത്തി. സെക്രട്ടറി ബ്ര. കുരിയപ്പൻ പി.സി. മുൻമാസ റിപ്പോർട്ടും, ട്രഷറർ ബ്ര. ജിമ്മി റാഫേൽ മുൻമാസ വരവ് ചിലവ് കണക്കും അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. വൈസ് പ്രസിഡണ്ട് സി. എൽസി ജോണി ഹാജർ വിളിച്ചു. കാഞ്ഞിരപ്പുഴ കൂരിയായും, വേലൂർ പ്രസീദിയവും ഹാജരുണ്ടായിരുന്നില്ല. ബ്ര. പ്രസിഡൻറ് എല്ലാ മരിയ സൈനീകരെയും സ്വാഗതം ആശംസിച്ചു.

സൈനീക ജപശൃംഖലയ്ക്ക് ശേഷം ബ്ര. പ്രസിഡണ്ട് പ്രഭാഷണം നടത്തി. ജൂലൈ 3 സഭയിൽ വി. തോമസ് ശ്ലീഹായുടെ ഓർമ്മതിരുനാൾ ആഘോഷിക്കുകയാണ്. വിശ്വാസത്തിനു വേണ്ടി രക്തസാക്ഷിത്വം വരിച്ച വിശുദ്ധന്റെ ജീവിത മാതൃക മരിയ സൈനീകരായ നാം ഓരോരുത്തരിലും മാർഗ്ഗദീപമായി തീരുന്നതിനും, പ്രവർത്തിക്കണമെന്ന് ഓർമ്മിപ്പിച്ച് പ്രഭാഷണം അവസാനിപ്പിച്ചു. പുതുക്കാട് കൂരിയ സമർപ്പിച്ച റിപ്പോർട്ടിലെ പോരായ്മകൾ സെക്രട്ടറി അറിയിച്ചു.

ആഗസ്റ്റ് 11 ശനിയാഴ്ച ആരാധന ദിനമായി ആചരിക്കുകയാണ്. രാവിലെ 10 മുതൽ 4 വരെ സമയത്ത് തുടർച്ചയായി നടത്തുന്ന ചടങ്ങിൽ ആരാധന, മരിയൻ സന്ദേശം, വി. കുർബാന എന്നിവ ഉണ്ടായിരിക്കും. സ്ഥലം – ഫാമിലി അപ്പസ്തോലെറ്റ് സെന്റർ (അതിരൂപത മെത്രാസന മന്ദിരത്തിനു പുറകുവശം), തൃശ്ശൂർ. കൂരിയാകളിലേയും പ്രസീദിയങ്ങളിലേയും എല്ലാ മരിയ സൈനീകരും പങ്കെടുക്കേണ്ടതാണ്. ആരാധന ദിനത്തിൽ സ്ത്രീകളായ മരിയ സൈനീകർ യൂണിഫോം സാരി ധരിച്ചു വരുന്നത് നന്നായിരിക്കുമെന്ന് ഓർമ്മിപ്പിച്ചു.

അവസാന പ്രാർത്ഥനയ്ക്കു ശേഷം സമ്മേളനം 5 മണിക്ക് പര്യവസാനിച്ചു.

**ഫാ. ജോൺ മൂലൻ**
ആദ്ധ്യാത്മിക നിയന്താവ്

**കെ.പി. ജോയ്**
കമ്മീസിയം പ്രസിഡന്റ്



# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

**സെൻട്രൽ കൗൺസിൽ വാർത്തകൾ**

1. കോലഴി കോൺഫ്രൻസ് പ്രസിഡണ്ട് ബ്ര.പി.ട്ടി.തോമസ്,സേവനാലയം കോൺഫ്രൻസ് അംഗം സി.സെലിൻ എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.
2. തൃശ്ശൂർ അതിരൂപത തലത്തിൽ, വിൻസെൻഷ്യൻ കോംപ്ളക്സ് ഹാളിൽ വെച്ച് നടത്തിയ വിൻസെൻഷ്യൻ യുവജന ദിനാഘോഷം അതിരൂപത ചാൻസലർ റവ.ഫാ. മാത്യു കുററിക്കോട്ടയിൽ ഉദ്ഘാടനം നിർവഹിച്ചു. സി.സി. പ്രസിഡണ്ട് ബ്ര.കെ.എ.ഷിബു യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു. നാഷണൽ കൗൺസിൽ മെമ്പർ ബ്ര.പി.ഐ.ജോസഫ് ക്ളാസ്സെടുത്തു. കെ.ആർ.സി.സി.ജോയിന്റ് സെക്രട്ടറി ബ്ര.ജിനോ ജോസ്, കെ.ആർ.സി.സി യുവജനപ്രതിനിധി ബ്ര.അബിൽ.ടി. മൈക്കിൾ എന്നിവർ ആശംസകൾ നേർന്നു.സി.സി.യുവജന പ്രതിനിധി ബ്ര.എം.ഒ.സിബിൻ വാർഷിക പദ്ധതി അവതരിപ്പിച്ചു. ബ്ര.സാവിയോ വിത്സൻ സ്വാഗതവും ബ്ര.അരുൺ ചാലക്കൽ നന്ദിയും പറഞ്ഞു. യോഗത്തിനുശേഷം നടന്ന യുവജന റാലി ബസിലിക്കാ ദേവാലയത്തിൽ സമാപിച്ചു.
3. മതബോധനം 10,11,12 ക്ളാസിലെ വിദ്ധ്യാർത്ഥികൾക്കായി നടത്തുന്ന എ.സി. തല ക്വിസ്സ് മത്സരം 12/08/2018 നും സി.സി തല മത്സരം 02/09/2018 നും നടത്തുന്നതാണ്.
4. പുതുക്കാട് എ.സി യിലെ വെങ്ങോരിൽ യൂത്ത് കോൺഫ്രൻസ് ആരംഭിക്കുന്നതിന് അനുമതി നൽകി.
5. സെൻട്രൽ കൗൺസിൽ സപ്തതിയോടനുബന്ധിച്ച് ഒരു സ്മരണിക പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു.

| | |
|---|---|
| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **കെ. എ. ഷിബു** |
| ആദ്ധ്യാത്മികോപദേഷ്ടാവ് | പ്രസിഡണ്ട് |

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)



തൃശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ എക്സിക്യൂട്ടീവ് യോഗം 8.7.2018 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് വടക്കാഞ്ചേരി ARC യിൽ വെച്ച് പ്രസിഡന്റ് സണ്ണി വടക്കന്റെ അദ്ധ്യക്ഷതയിൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. ജൂൺ മാസം ഗാഗുൽത്തയിൽ വെച്ച് നടന്ന" ഫ്രാൻസിസ്കൻ മഹോത്സവം "വളരെ നന്നായി എന്ന് അഭിപ്രായപ്പെട്ടു. പാലയൂർ റീജിയൺ സ്പിരിച്ച്വൽ അസിസ്റ്റന്റായി ചാർജ്ജെടുത്ത ഫാ.ദിൽ കോനിക്കര അച്ചനെ പ്രസിഡണ്ട് സ്വാഗതം ചെയ്തു. ഡയറക്ടർ ഫാ. ഷിന്റോ ഞർളേലി മുഖ്യപ്രഭാഷണം നടത്തി. ഫാ. ജോസ് പുല്ലോക്കാരൻ, സി. ഫ്ളവർലിറ്റ്, സി. ലിറ്റി തെരേസ, പി.ഐ.സൈമൺ, ജോസ്പീറ്റർ, സെലീന ജോൺ, വി.എൽ. സൈമൺ എന്നിവർ പങ്കെടുത്തു. ആഗസ്റ്റ്/സെപ്റ്റംബർ മാസങ്ങളിൽ യൂണിറ്റുകളിൽ കാനോനിക സന്ദർശനം നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ബന്ധപ്പെട്ടവരോട് നിർദ്ദേശിച്ചു.

**റവ. ഫാ. ഷിന്റോ ഞർളേലി OFM. Cap**
ഡയറക്ടർ

**സണ്ണി വടക്കൻ**
പ്രസിഡന്റ്

## കലാസദൻ : തേൻതുള്ളികൾ

പഴയകാല ഗാനാസ്വാദകരുടെ കൂട്ടായ്മയായി കഴിഞ്ഞ വർഷം ആസ്വാദകർ ആവേശത്തോടെ നെഞ്ചിലേറ്റിയ 'കലാസദൻ തേൻതുള്ളി'കളുടെ രണ്ടാം പാദം ഒന്നിടവിട്ടുള്ള മാസങ്ങളിൽ വ്യത്യ സ്തവും മേൻമയേറിയതുമായ 6 സംഗീതവിരുന്നുകളുമായി തൃശൂർ DBCLC A/C ഓഡിറ്റോറിയത്തിൽ ഒരുക്കുന്നു.

2018 ആഗസ്റ്റ് 11 ന് (ശനി) വൈകീട്ട് 6 മണിക്ക് 'മേരാ മധുപൻ' എന്ന പേരിൽ മുഹമ്മദ്റാഫി, കിഷോർകുമാർ എന്നീ ഹിന്ദി ഇതിഹാസപ്രതി ഭകളുടെ സൂപ്പർഹിറ്റ ഗാനങ്ങളുമായി ആദ്യപരിപാടി ആരംഭിക്കുന്നു.

കലാസദൻ സംഗീത കൂട്ടായ്മയിലെ അംഗങ്ങളുടെയും കലാകാര ന്മാരുടേയും ഒരു സംഗമം – 'തേൻനിലാവ് 2018' – ജൂൺ 25 (തിങ്കൾ) ന് തൃശൂർ ബാനർജി മെമ്മോറിയൽ ക്ലബ്ബ് ഓഡിറ്റോറിയത്തിൽ വെച്ച് നട ത്തപ്പെട്ടു.

ഫാ. ഫിജോ ആലപ്പാടൻ
സെക്രട്ടറി



# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**ഫയർ ടൈം**

തൃശ്ശൂർ അതിരൂപതയിലെ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ പ്രവർത്തനങ്ങളുടെ വിജയത്തിനും പ്രാർത്ഥനാകൂട്ടായ്മകളുടെ വളർച്ചയ്ക്കും വിശുദ്ധീകരണത്തിനുമായി എല്ലാദിവസവും വൈകീട്ട് 7 മുതൽ 8 വരെ പ്രത്യേക മധ്യസ്ഥപ്രാർത്ഥന നടത്തുവാൻ സോണൽ സർവീസ് ടീം തീരുമാനിച്ചിരിക്കുന്നു. കരിസ്മാറ്റിക് നവീകരണ കൂട്ടായ്മകളിലെ എല്ലാ അംഗങ്ങൾക്കും ശുശ്രൂഷകരും ഈ സമയത്ത് താന്താങ്ങൾ ആയിരിക്കുന്ന ഇടങ്ങളിരുന്ന് ഈ പ്രാർത്ഥനയിൽ പങ്കുകൊള്ളാവുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

**ഫയർ ഫെലോഷിപ്പ് – മൂന്നാം ഘട്ടം**

പ്രാർത്ഥനാകൂട്ടായ്മകളെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഒരുക്കിയിരിക്കുന്ന നേതൃപരിശീലന പരിപാടിയായ ഫയർ ഫെലോഷിപ്പിന്റെ മൂന്നാമത്തെ കൂട്ടായ്മ ഓഗസ്റ്റ് 17 ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചക്കഴിഞ്ഞ് 4 മണിവരെ ആബാറിന്യൂവൽ സെന്ററിൽ നടക്കുന്നതാണ്. വചനപഠനം, ജപമാല ദിവ്യബലി. ദിവ്യകാരുണ്യാരാധന, അഭിഷേക പ്രാർത്ഥന എന്നിവ ഉണ്ടായിരിക്കുന്നതാണ്.

**ഡയറക്ടറുടെ ഇടവക സന്ദർശന പരിപാടി**

ജൂൺ 24 ന് തുറവ് ഇടവകയിൽ സന്ദർശനം നടന്നു. ജൂലൈ 15 എളവള്ളി, ജൂലൈ 22 –ഗുരുവായൂർ, ജൂലൈ 29 –കിഴക്കെ കല്ലൂർ, കാക്കശ്ശേരി, ഓഗസ്റ്റ് 5 പറപ്പൂർ, സെപ്റ്റംബർ 2 എറവ് എന്നിവിടങ്ങളിൽ സന്ദർശനം നടക്കുന്നതാണ്. ഡയറക്ടറച്ചൻ രാവിലെ വി.കുർബാന അർപ്പിച്ച് സന്ദേശം നൽകുന്നതും തുടർന്ന് പ്രാർത്ഥാ കൂട്ടായ്മകളുടെ സമ്മേളനത്തിൽ സംബന്ധിക്കുന്നതുമാണ്.

**കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷന്റെ സബ്റീജിയൻ സന്ദർശനം**

കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷന്റെ സബ് റീജിയൻ (തൃശ്ശൂർ, ഇരിങ്ങാലക്കുട, പാലക്കാട്, സോണുകൾ ഉൾപ്പെടുന്നു) സന്ദർശനം

ഓഗസ്റ്റ് 24 വെള്ളിയാഴ്ച ചേറൂർ ആബാ റിന്യൂവൽ സെന്ററിൽ നടത്തുന്നതാണ്. കരിസ്മാറ്റിക് കമ്മീഷൻ ചെയർമാനും പത്തനംത്തിട്ട മലങ്കര കത്തോലിക്ക രൂപത മെത്രാനുമായ സാമുവൽ മാർ ഐറേനിയോസ് പിതാവ് മുഖ്യപ്രഭാഷണം നടത്തുന്നതാണ്. രാവിലെ 9.30 ന് ആരംഭിക്കുന്ന സന്ദർശന പരിപാടി ഉച്ചകഴിഞ്ഞ് 2.30 നുള്ള ദിവ്യബലിയോടെ സമാപിക്കും. സോണൽ സർവീസ് ടീമുകൾ പ്രാർത്ഥനാഗ്രൂപ്പ് ലീഡേഴ്സ് എന്നിവരാണ് ഈ പരിപാടിയിൽ പങ്കെടുക്കേണ്ടത്.

**സോണൽ സർവീസ് ടീം കൂട്ടായ്മകൾ**

ജൂൺ 23, ജൂലൈ 7 എന്നീ ദിവസങ്ങളിൽ സോണൽ സർവീസ് ടീം കൂട്ടായ്മകൾ നടന്നു. ഡയറക്ടർ ഫാ.സജീവ് ഇമ്മട്ടി നേതൃത്വം നൽകി.

**പരിശുദ്ധാത്മാഭിഷേക ധ്യാനങ്ങൾ**

ഡയറക്ടർ ഫാ.സജീവ് ഇമ്മട്ടിയും സോണൽ സർവീസ് ടീമും നേതൃത്വം നൽകുന്ന പരിശുദ്ധാത്മാഭിഷേക ധ്യാനങ്ങൾ ജൂലൈ 23 മുതൽ 27 വരെ തിരൂർ ഇടവക ദൈവാലയത്തിൽ ജൂലൈ 30 മുതൽ ആഗസ്റ്റ് 3 വരെ മറ്റം ഫൊറോന ദേവാലയിലും രാവിലെ 9.30 മുതൽ വൈകീട്ട് 4.30 വരെ നടത്തപ്പെടുന്നു. ഗ്രൂപ്പ് ധ്യാനങ്ങളായാണ് നടത്തുന്നത്. വി.കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യാരാധന, കുമ്പസാരം, കൗൺസലിംഗ്, അഭിഷേക പ്രാർത്ഥന, ജപമാല എന്നിവയുണ്ടായിരിക്കും.

**പാരിഷ് മിനിസ്ട്രി ഏകദിന കൂട്ടായ്മ**

ജൂലൈ 2 തിങ്കളാഴ്ച നടന്ന ഏകദിന കൂട്ടായമയിൽ ചിറ്റൂർ ധ്യാനകേന്ദ്രം മുൻ ഡയറ്കടർ ഫാ.ജോസ് താമരവെളി വചനപ്രഘോഷണം നടത്തി. അദ്ദേഹം തന്നെ ദിവ്യബലിയർപ്പിച്ചു. ഡയറക്ടർ ദിവ്യകാരുണ്യാരാധന നയിച്ചു.

**ഫാ. സജീവ് ഇമ്മട്ടി**
ഡയറക്ടർ

**സാബു എം.വർഗ്ഗീസ്**
കോ–ഓർഡിനേറ്റർ

# മദ്യ വിരുദ്ധ സമിതി




**തൃശ്ശൂർ അതിരൂപതാ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി**

**1. ലഹരിവിരുദ്ധ മാസാചരണം**

ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമാണ്. ഇതിന്റെ ഭാഗമായി ഒരു മാസം ദീർഘിക്കുന്ന ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടി സ്ക്കൂളുകൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുവാൻ സമിതി തീരുമാനിച്ചു. ആയതിന്റെ ഉദ്ഘാടനം ഒല്ലൂർ സെന്റ് റാഫേൽ ഹൈസ്ക്കൂളിൽ അരങ്ങേറി. എരുമപ്പെട്ടി ഫൊറോന പള്ളി ഹാളിലായിരുന്നു ജൂൺ 26 ന്റെ ആചരണം. മാസാചരണത്തിന്റെ സമാപനവേദി പാലയ്ക്കൽ പള്ളിയാണ്. ഈ കാലയളവിൽ സംഘടിപ്പിച്ച പരിപാടികളുടെ സംക്ഷിപ്ത ചിത്രം താഴെ കൊടുത്തിരിക്കുന്നു.

ജൂൺ 26 ന് ബഹു. ഡയറക്ടറച്ചൻ എരുമപ്പെട്ടി ഫെറോന പള്ളിയിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. റവ. ഫാ. ഡോ. ചാക്കോ ചിറമ്മൽ പൊതു സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് എം.കെ. ബാബു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എക്സൈസ് പ്രിവന്റീവ് ഓഫിസർ പി.എൽ. സണ്ണി ബോധവൽക്കരണ പ്രഭാഷണം നടത്തി. സംസ്ഥാന സെക്രട്ടറി ജോസ് ചെമ്പിശ്ശേരി, സെക്രട്ടറി റപ്പായി മേച്ചേരി തുടങ്ങിയവർ പ്രസംഗിച്ചു. വെരി. റവ. ഫാ. ജോയ് അടമ്പുകുളം (എരുമപ്പെട്ടി ഫൊറോൻ വികാരി), ഫൊറോന പ്രസിഡന്റ് ജോർജ് സി.കെ തുടങ്ങിയവരാണ് നേതൃത്വം കൊടുത്തത്. സ്നേഹ വിരുന്നോട് കൂടി പരിപാടികൾ പരിയവസാനിച്ചു.

**2. നേതൃത്വ പരിശീലനവും അർദ്ധവാർഷികാവലോകനവും**

അതിരൂപത മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടനയുടെ 29–7–2018 ഞായറാഴ്ച പാസ്റ്ററൽ സെന്ററിൽ സജ്ജീകരിക്കുകയാണ്. കാലത്ത് 9.30 ന് ദിവ്യബലിയോടു കൂടി സമാരംഭിച്ച് ഉച്ചതിരിഞ്ഞ് 4 മണിക്ക് പര്യവസാനിക്കും. പതിവുള്ള എക്സിക്യൂട്ടീവായിരിക്കും അവസാന മണിക്കൂർ.

| വേദി | തീയതി | ഉദ്ഘാടകൻ | അദ്ധ്യക്ഷൻ | പ്രബോധകൻ |
|---|---|---|---|---|
| ഒല്ലൂർ സെന്റ് റാഫേൽ | 7.6.2018 | ശ്രീ. പി.ഐ. ലാസർമാസ്റ്റർ | എം.കെ. ബാബു | സി.പി. ഡേവീസ് |
| ഒളരി ലിറ്റിൽ ക്വീൻസ് | 13.6.2018 | ഫാ. ദേവസ്സി പന്തല്ലൂക്കാരൻ | സി.വന്ദന ജോസ് CHF | സി.പി. ഡേവീസ് |
| തിരൂർ സെന്റ് തോമസ് | 22.6.2018 | ഫാ. ഡയറക്ടർ | ലൂസി ഫ്രാൻസിസ് | ഇ എ ജോസഫ് |
| വടക്കാഞ്ചേരി സെന്റ് | 22.6.2018 | ഫാ. ദേവസ്സി പന്തല്ലൂക്കാരൻ | സി. അമലിൻ CHF | സി.പി. ഡേവീസ് |
| ഒല്ലൂർ സെന്റ് മേരീസ് | 25.6.2018 | ഫാ. ഡയറക്ടർ | സി.സ്റ്റെല്ല റോസ് CMC | ഇ.എ. ജോസഫ് |
| ഒല്ലൂർ ഹോളി ഏഞ്ചൽസ് | 25.6.2018 | ഫാ. ദേവസ്സി പന്തല്ലൂക്കാരൻ | ശ്രീ. സി. കെ. ജോസ് | സി.പി. ഡേവീസ് |
| വടക്കാഞ്ചേരി ക്ലേലിയ | 26.6.2018 | ശ്രീ. അജിത് മല്ലയ്യ | സി. വിമല | ഫാ. ഡയറക്ടർ |
| കേച്ചേരി ജ്ഞാനപ്രകാശ് | 26.6.2018 | ജോസ് ചെമ്പിശ്ശേരി | ശ്രീമതി റോസി ടീച്ചർ | ഫാ. ഡയറക്ടർ |
| എരുമപ്പെട്ടി തിരുഹൃദയ | 26.6.2018 | ഫാ. ഡോ. ചാക്കോ ചിറമ്മൽ | വെരി.റവ.ഫാ. ജോയ് അടമ്പുകുളം | ശ്രീ. സണ്ണി പാലയൂർ |
| മുക്കാട്ടുകര ബദ്ലഹം | 27.6.2018 | ഫാ. ജോളി ചിറമ്മൽ | സി.പുഷ്പ പോൾ CHF | ഏ.സി. ജോസ് |
| കുണ്ടുകാട് നിർമ്മല | 28.6.2018 | ഫാ. ദേവസ്സി പന്തല്ലൂക്കാരൻ | ഫ്രാൻസീസ് തേർമഠം | ഫാ. സൈമൺ |
| പാലയ്ക്കൽ സെന്റ് | 1.7.2018 | ഫാ. ജോജു പൊറത്തൂർ | ശ്രീ. ജോസ് വേലൂക്കാരൻ | ഫാ. പോളി കണ്ണൂക്കാടൻ |

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ഹിറ്റ്ലസ് ചാക്കുണ്ണി**
**പി.ആർ.ഒ**




# കത്തോലിക്ക കോൺഗ്രസ്സ്

**ഞായറാഴ്ചകളിലെ പരീക്ഷകൾ പ്രതിഷേധാർഹം**

പരീക്ഷകൾ നടത്താനുള്ള കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ നീക്കം പ്രതിഷേധാർഹമാണെന്ന് കാത്തലിക് കോൺഗ്രസ്സ് അതിരൂപത സമിതി അഭിപ്രായപ്പെട്ടു. കാലക്രമേണ ഞായറാഴ്ചകൾ അവധി ദിനമല്ലാതാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ഗൂഢ തന്ത്രമാണ് ഇത്. ഞായറാഴ്ചകളൽ പി.എസ്.സി. പരീക്ഷ നടത്താനുള്ള കേരള സർക്കാർ തീരുമാനിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഗൂഢ തന്ത്രത്തിന് പിന്തുണ പ്രഖ്യാപിക്കുന്നതിന് തുല്ല്യമാണ്. ഞായറാഴ്ചകളിൽ പരീക്ഷനടത്താനുള്ള നീക്കം ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര മാനവ വിഭവശേഷി മന്ത്രി, കേരള മുഖ്യമന്ത്രി എന്നിവർക്ക് നിവേദനം കൊടുക്കുന്നതിന് തീരുമാനിച്ചു.

**റോഡിന്റെ ശോചനീയാവസ്ഥ : പ്രതിഷേധം**

ഒല്ലൂർ മെയിൻ റോഡ് പൈപ്പ് ലൈനിനു വേണ്ടി വെട്ടിപൊളിച്ചിട്ട് മാസങ്ങളായിട്ടും ഉപയോഗയോഗ്യമാക്കാത്തതിൽ പ്രതിഷേധിച്ച് ഒല്ലൂർ ഫൊറോന കാത്തലിക് കോൺഗ്രസ്സ് ഒല്ലൂർ സെന്ററിൽ പ്രതിഷേധ സായാഹ്നം സംഘടിപ്പിച്ചു.

**ഫോറോന യോഗങ്ങൾ**

ഒല്ലൂർ, പറപ്പൂർ, പട്ടിക്കാട്, പുത്തൂർ വേലൂർ ഫൊറോന യോഗങ്ങൾ നടത്തി, മെമ്പർഷിപ്പ് പ്രചരണം, യൂണിറ്റ് തെരഞ്ഞെടുപ്പുകൾ എന്നിവ ചർച്ചചെയ്തു.

**ജനറൽ ബോഡിയോഗം**

കത്തോലിക്ക കോൺഗ്രസ്സ് അതിരൂപത ജനറൽ ബോഡി യോഗം ജൂലൈ 1–ാം തിയതി ഫാമിലി അപ്പോസ്റ്റലേറ്റ് സെന്ററിൽ നടത്തി. ഡയറക്ടർ ഫാ. വർഗീസ് കുത്തൂർ യോഗം ഉദ്ഘാടനം ചെയ്തു. ജോഷിവടക്കൻ അദ്ധ്യക്ഷം വഹിച്ചു. ജോൺസൺ ജോർജ്ജ് സ്വാഗതവും തൊമ്മി പിടിയത്ത് നന്ദിയും പറഞ്ഞു. ലീലാ വർഗീസ് റിപ്പോർട്ട് അവതരിപ്പിച്ചു. എലിസബത്ത് മാത്യു ചർച്ചകൾക്ക് നേതൃത്വം

നൽകി.

**ഇലക്ഷൻ കമ്മിറ്റി**

കത്തോലിക്ക കോൺഗ്രസ്സിന്റെ തെരഞ്ഞെടുപ്പുകൾ ഈ വർഷത്തിൽ നടത്തുകയാണ് തെരഞ്ഞെടുപ്പിന്റെ കാര്യങ്ങൾക്കായി ഫാ. വർഗീസ് കുത്തൂർ, അഡ്വ. ബിന്ദു കുണ്ടുകുളം, ഡോ. മേരി റെജീന, അഡ്വ. സി.ജെ.ഡെന്നി എന്നിവരെ ഇലക്ഷൻ കമ്മിറ്റി നിയമിച്ചു.

**മെമ്പർഷിപ്പ് കാമ്പയിൻ**

ജൂലായ് 15 മുതൽ ആഗസ്റ്റ് 15 വരെ മെമ്പർഷിപ്പ് മാസമായി ആചരിക്കുന്നു. മെമ്പർഷിപ്പ് കാമ്പയിന്റെ അതിരൂപത തല ഉദ്ഘാടനം അതിരൂപത മെത്രാപോലീത്തമാർ ആൻഡ്രൂസ്സ് താഴത്ത് നിർവ്വഹിച്ചു.

**ഫാ. വർഗീസ് കുത്തൂർ**
ഡയറക്ടർ




# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന**
**ആഗസ്റ്റ് 6 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജെയിംസ് ആച്ചങ്ങാടൻ**
പ്രസിഡന്റ്



# Kerala Labour Movement

1. **ഫാ. ജെനേസിയൂസ് അനുസ്മരണം – ജൂൺ 10 ഞായർ 1.30, ചേലക്കര പള്ളിഹാൾ**

   കാത്തലിക് ലേബർ അസോസിയേഷന്റെ സ്ഥാപക ഡയറക്ടറായ ഫാ.ജെനേസിയൂസ് സി.എം.ഐ. യുടെ അനുസ്മരണ സമ്മേളനം 2018 ജൂൺ 10 ഞായറാഴ്ച ഉച്ചക്കുശേഷം 1.30 ന് ചേലക്കര സെന്റ് മേരിസ് ഫൊറോന ദൈവാലയ ഹാളിൽ സംഘടിപ്പിച്ചു. വിവിധ യൂണിറ്റുകളിൽ നിന്നും 262 പേർ പങ്കെടുത്തു. ചേലക്കര ഫൊറോന വികാരി ഫാ. തോമസ് വടുക്കൂട്ട് ഉദ്ഘാടനം ചെയ്യുകയും ഫാ. സിന്റോ തോട്ട്യാൻ സി.എം.ഐ. അനുസ്മരണ പ്രഭാഷണം നടത്തുകയും ചെയ്തു.

2. **പ്രകൃതിവിഭവങ്ങൾ – നാളത്തെ തലമുറക്കായ്, ഇന്നത്തേയും – സെമിനാർ സംഘടിപ്പിച്ചു.**

   പ്ലാസ്റ്റിക്ക് മലിനീകരണത്തിനെതിരെ എന്ന മുദ്രാവാക്യവുമായി നടത്തപ്പെടുന്ന ഈ വർഷത്തെ പരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി പ്രകൃതിവിഭവങ്ങൾ, നാളത്തെ തലമുറക്കായി, ഇന്നത്തേയും എന്ന വിഷയത്തെ കേന്ദ്രീകരിച്ചു പ്രകൃതിവിഭവങ്ങളെ എങ്ങനെ കാര്യക്ഷമമായി ഉപയോഗിക്കണം എന്ന് അവതരിപ്പിക്കുന്ന സെമിനാർ ജൂൺ 10 ഞായർ ഉച്ചക്കുശേഷം 2.30 മുതൽ ചേലക്കര സെന്റ് മേരിസ് ഫൊറോന പള്ളിഹാളിൽ സംഘടിപ്പിച്ചു. കാർഷിക സർവകലാശാല ഗവേഷണ കേന്ദ്രം മുൻ മേധാവി ഡോ. ഫ്രാൻസീസ് സേവ്യർ സെമിനാറിൽ വിഷയാവതരണം നടത്തി. അതിരൂതയിലെ വിവിധ ഇടവക യൂണിറ്റുകളിൽ നിന്നും 262 പേർ പങ്കെടുത്തു.

3. **ഗാർഹിക തൊഴിലാളി ദിനം – ജൂൺ 16 ശനി, ഉച്ചക്കുശേഷം 1.30 തൃശ്ശൂർ പാസ്റ്ററൽ സെന്റർ.**

ഗാർഹിക തൊഴിലാളി ദിനാചരണത്തിന്റെ ഭാഗമായി തൃശ്ശൂർ അതിരൂപത കെ.എൽ.എം. നേതൃത്വത്തിൽ നടന്നുവരുന്ന കേരള ഡൊമസ്റ്റിക് വർക്കേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഗാർഹിക തൊഴിലാളി സംഗമം സംഘടിപ്പിക്കുകയുണ്ടായി. 2018 ജൂൺ 16–ന്

ഉച്ചയ്ക്കുശേഷം 1.30–ന് തൃശ്ശൂർ കാത്തലിക് പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ കെ.ഡി.ഡബ്ള്യൂ.എഫ്. തൃശ്ശൂർ പ്രസിഡന്റ് ശ്രീമതി മോളി വർഗീസ് അധ്യക്ഷത വഹിച്ചു. തൃശ്ശൂർ കോർപറേഷൻ മേയർ ശ്രീമതി അജിത ജയരാജൻ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും കോൺവെന്റുകളിലും സഭസ്ഥാപനങ്ങളിലും നിന്നായ 274 ഗാർഹിക തൊഴിലാളികൾ പങ്കെടുത്തു.

**4. പരസ്പര സഹായ സാമൂഹ്യ സുരക്ഷ പദ്ധതി (PSSSP)**

പദ്ധതിയുടെ ഭാഗമായി കുടൂതൽ അംഗങ്ങളെ ചേർക്കുന്നതിന് എല്ലാവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു. 2018 മെയ് 1 മുതൽ ഡിസംബർ 5 വരെ പുതുക്കൽ ഉൾപെടെ ആകെ 125 പേരെ ചേർക്കുന്ന യൂണിറ്റുകൾക്ക് 5000 രൂപയും 200 പേരെ ചേർക്കുന്ന യൂണിറ്റുകൾക്ക് 10000 രൂപയും പ്രോത്സാഹനമായി നല്ക്കുന്നതാണ്. ഇതിൽ യഥാക്രമം 50,75 പേരെങ്കിലും പുതിയ അംഗങ്ങൾ ആയിരിക്കണം. കൂടാതെ പദ്ധതിയിൽ അംഗങ്ങളായവരുടെ മക്കളിൽ എസ്.എസ്.എൽ.സി , പ്ലസ് 2 എന്നീ ക്ളാസ്സുകളിൽ ആകെ 90 ശതമാനം മാർക്ക് കരസ്ഥമാക്കി തുടർപഠനത്തിന് ചേർന്ന കുട്ടികൾക്ക് ജൂലൈ 10 വരെ സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്.

കെ.എൽ.എമ്മിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഏവരുടേയും സഹകരണം സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഫാ. ജോർജ്ജ് നിരപ്പുകാലായിൽ
ഡയറക്ടർ

ശ്രീ. ജോസ് മാടാനി
പ്രസിഡന്റ്

# L.O.A.F.




വാർഷികധ്യാനം :

ലോഫ് കുടുംബങ്ങളുടെ വാർഷിക ധ്യാനം ഏപ്രിൽ മാസം 7 മുതൽ 9 വരെ കറുകുറ്റി നസറത്ത് കുടുംബ ധ്യാനകേന്ദ്രത്തിൽ വെച്ച് നടന്നു. 30 കുടുംബങ്ങൾ പങ്കെടുത്തു. കുടുംബപ്രേഷിതത്വത്തിന് നവചൈതന്യവും അഭിഷേകവും അംഗങ്ങൾക്ക് ലഭിച്ചു.

വ്രതനവീകരണം :

ലോഫ് കുടുംബങ്ങളുടെ വ്രതനവീകരണം ഏപ്രിൽ 14 ശനിയാഴ്ച കാച്ചേരി മഡോണ മൈനർ സെമിനാരിയിൽ വെച്ച് നടന്നു. ലോഫിന്റെ തലവനും പിതാവുമായ അഭി. മാർ ആൻഡ്രൂസ് താഴത്ത് കാർമ്മികനായി. ഡയറക്ടർ ഫാ. ഫ്രാൻസീസ് ആളൂർ. അസോ. ഡയറക്ടർ ഫാ. ഡെന്നി ചിറയത്ത് സ്പിരിച്ചൽ ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, മൈനർ സെമിനാരി റെക്റ്റർ ഫാ. ഡൊമിനിക് തലക്കോടൻ എന്നിവർ സന്നിഹിതരായിരുന്നു.

ലോഫ് ഇന്റർസെഷൻ വീക്ക് :

പെന്തകോസ്ത തിരുനാൾ മുതൽ ഒരാഴ്ചക്കാലം മദ്ധ്യസ്ഥ പ്രാർത്ഥനാവാരമായി ആചരിച്ചു. ലോഫ് കുടുംബങ്ങൾ ഒന്നിച്ചുകൂടി കുടുംബങ്ങൾക്കായും സഭയ്ക്ക് വേണ്ടിയും ലോകം മുഴുവനും വേണ്ടിയും പ്രാർത്ഥിച്ചു.

മറ്റു കുടുംബങ്ങൾക്കായി നടത്തുന്ന ലോഫ് കുടുംബധ്യാനം :

ലോഫ് അംഗങ്ങൾ അല്ലാത്ത മറ്റു കുടുംബങ്ങൾക്കായി ലോഫ് സമൂഹം നടത്തുന്ന കുടുംബധ്യാനം ജൂൺ 29 വെള്ളി വൈകുന്നേരം ആരംഭിച്ച് ജൂലൈ 1 ഞായറാഴ്ച വൈകിട്ട് സമാപിച്ചു. 13 കുടുംബങ്ങൾ സംബന്ധിച്ചു.

അടുത്ത ധ്യാനം സെപ്റ്റംബർ 14 വെള്ളിയാഴ്ച്ച വൈകിട്ട് അഞ്ചിന് ആരംഭിക്കും. 16 ഞായറാഴ്ച വൈകിട്ട് 5 മണിക്ക് സമാപിക്കും. മാതാപിതാക്കൾക്ക് മക്കളോടൊത്ത് സംബന്ധിക്കാം.

കുട്ടികൾക്ക് പ്രത്യേകം പരിപാടികൾ ഉണ്ടായിരിക്കും. ധ്യാനത്തിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്ന കുടുംബങ്ങളെ പറഞ്ഞയക്കേണമേ! ആവശ്യമുള്ള ദമ്പതികൾക്ക് സീനിയർ കുടുംബങ്ങളുമായി ഷെയറിങ്ങിന് അവസരം ഉണ്ടാകും.

ലോഫ് ഫറാമിലി പ്രയർ ഈവനിംഗ് :

എല്ലാമാസവും രണ്ടാം ശനിയാഴ്ച വൈകീട്ട് 6 മുതൽ രാത്രി 10 വരെ കാച്ചേരി മഡോണ മൈനർ സെമിനാരിയിൽ വച്ച് നടക്കുന്ന മാസ ധ്യാനത്തിൽ മറ്റു കുടുംബങ്ങൾക്കും പങ്കെടുക്കാം. താൽപര്യമുള്ള കുടും ബങ്ങളെ പറഞ്ഞയക്കേണമേ!

ലോഫ് അസോസിയേറ്റ് ഫാമിലീസ് :

തിരൂർ ഇടവകയിൽ ആരംഭിച്ച ലോഫ് അസോസ്സിയേറ്റ് കുടുംബങ്ങ ളുടെ കൂട്ടായ്മ ഒരു വർഷം പൂർത്തിയാക്കി. പുതിയതായി ഏതാനും ഇടവകകളിൽ അസോസിയേറ്റ് കുടുംബങ്ങളുടെ കൂട്ടായ്മ ആരംഭിക്കും.

മേരി മാതാ ങ്ളജ്ങ സിംപോസിയം :

മേരിമാതാ മേജർ സെമിനാരി സംഘടിപ്പിച്ച ങ്ളജ്ങ സിംപോസിയ ത്തിവ് ലോഫ് ഇന്നത്തെ കുടുംബങ്ങളുടെ ശബ്ദം എന്ന വിഷയത്തിൽ പ്രസിഡന്റ് ദമ്പതികളിലെ ഡോ. ടോണി ജോസഫ് സംബന്ധിച്ച് പേപ്പർ അവതരിപ്പിച്ചു. ബെൽജിയം ല്യൂവൻ യൂണിവേഴ്സിറ്റ് പ്രൊഫസർ തോമസ് കനീപ്സ് സമർപ്പിത കുടുംബങ്ങൾ എന്ന ആശയം ആദ്യ മായി ആണ് കേൾക്കുന്നത് എന്ന് പറഞ്ഞത് തൃശൂർ അതിരൂപതക്ക് അഭിമാന മുഹൂർത്തമായി.

**ഡോ. ടോണി ജോസഫ്**
പ്രസിഡണ്ട്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

# കരുണട്രസ്റ്റ്

## 41-ാം വാർഷികം ആഘോഷിച്ചു

അതിരൂപതയുടെ കീഴിൽ അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം നല്കുകയെന്ന ഉദ്ദേശത്തോടെ ആരംഭിച്ചിട്ടുള്ള പ്രസ്ഥാന മായ കരുണട്രസ്റ്റ് അതിന്റെ 41-ാം വാർഷികാഘോഷവും ജനറൽ ബോഡി യോഗവും 2018 ജൂലൈ 21 ശനിയാഴ്ച്ച രാവിലെ 10.30ന് വിവിധ പരിപാടികളോടെ നടത്തി. വി. കുർബാനയ്ക്ക് ഫാ. ജോയ് മൂക്കൻ നേതൃത്വം നല്കി. ശേഷം നടന്ന വാർഷികാഘോഷത്തിൽ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ അദ്ധ്യക്ഷനായി. ഒരു കുടുംബത്തിൽ നിന്ന് ഒരാളെങ്കിലും ഉന്നത വിദ്യാഭ്യാസം നേടി ഉദ്യോഗം നേടിയാൽ ആ വ്യക്തി മാത്രമല്ല ആ കുടുംബം തന്നെ രക്ഷപ്പെടുമെന്ന് നമുക്കറിയാം. ഇന്ന് എല്ലാവർക്കും പഠിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടെ ങ്കിലും ഉയർന്ന വിദ്യാഭ്യാസം പാവപ്പെട്ടവർക്ക് കിട്ടാകനിത്തന്നെയാണ്. ഈ ലക്ഷ്യം മുൻനിർത്തി പാവപ്പെട്ട വിദ്യാർത്ഥികളെ സഹായിക്കാൻ ആരംഭിച്ച സംഘടനായണ് കരുണട്രസ്റ്റ്. ഇനിയും ഇത്തരം നല്ല സേവ നങ്ങൾ സമൂഹത്തിന് പ്രധാനം ചെയ്യുവാൻ കരുണ ട്രസ്റ്റിന് സാധി ക്കുമെന്നും മാർ ടോണി നീലങ്കാവിൽ തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി മേരി തോമസ് യോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വികാരി ജനറാൾ ബഹു. മോൺ. തോമസ് കാക്കശ്ശേരി സ്വാഗതവും, കരുണട്രസ്റ്റ് സെക്രട്ടറി ഫാ. നൈസൺ ഏലന്താനത്ത് റിപ്പോർട്ട് അവതരണവും നടത്തി. ഫാ. ജോയ് മൂക്കൻ, സി. പാവന എഫ്.സി.സി. എന്നിവർ ആശംസകളർപ്പിച്ചു. യോഗ ത്തിൽ വെച്ച് കരുണട്രസ്റ്റ് റൂബി ജൂബിലി സ്മരണിക പ്രകാശനം മാർ ടോണി നീലങ്കാവിൽ നിർവഹിച്ചു. ശ്രീ. ബേബി മൂക്കൻ, ശ്രീ. ജോയ് പുളിക്കൻ, ശ്രീ. പോൾ വാഴക്കാല, ശ്രീ. ജോയ് പോൾ, ശ്രീ. ജോസ് വാഴപ്പിള്ളി എന്നിവർ വാർഷികാഘോഷങ്ങൾക്ക് നേതൃത്വം നല്കി.

**ഫാ. നൈസൺ ഏലന്താനത്ത്**
സെക്രട്ടറി



# AUGUST-15

## ഇന്ത്യൻ സ്വാതന്ത്ര്യദിനാശംസകൾ

ഏവർക്കും നേരുന്നു.

Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.07.2018
**August- 2018**



## വി. ജോൺ മരിയ വിയാനി

**ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ!**

**(ആഗസ്റ്റ് 4)**

Edited, Printed & Published by Dr. Francis Aloor, Catholic Archbishop's House, Thrissur, Kerala, India- 680 005
*Printed at* : St. Mary's Orphanage Press, Madona Nagar, Kachery -680 005